# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 3 | ലക്കം 1 | ജനുവരി 2008 | പേജ് 8

## മെത്രാൻ വാഴ്ച: സുന്നഹദോസ് തീരുമാനപ്രകാരം

കോട്ടയം: അന്ത്യോഖ്യൻ സഭയിൽപ്പെട്ട മൂസാ ഗുർഗാൻ റമ്പാനെ മാർ സേവേറിയോസ് എന്ന പേരിൽ യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി മെത്രാനായി വാഴിച്ചത് സുന്നഹദോസ് തീരുമാനപ്രകാരമെന്ന് തെളിഞ്ഞു.

ഓഗസ്റ്റ് മാസത്തിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, ജർമ്മനിയിലെ അന്ത്യോഖ്യൻ സഭയിൽപ്പെട്ട ഒരു വിഭാഗത്തിന്റെ അപേക്ഷ പരിഗണിക്കുകയും ക്രൈസ്തവധർമ്മം എന്ന നിലയിൽ അവർ തിരഞ്ഞെടുക്കുന്നവർക്ക് മേല്പട്ടസ്ഥാനം കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതിനായി തോമസ് മാർ മക്കാറിയോസ്, പൗലൂസ് മാർ മിലിത്തിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാപ്പോലീത്താമാരെ സുന്നഹദോസ് ചുമതലപ്പെടുത്തി.

എന്നാൽ അതീവ രഹസ്യസ്വഭാവമുള്ള ഈ തീരുമാനം ചോർന്നതിനെ തുടർന്ന് ഉടൻ നടക്കേണ്ടിയിരുന്ന സ്ഥാനാരോഹണം നീണ്ടു പോയിരുന്നു. ഈ വിവരം 'അൽമായവേദി' നേരത്തെ റിപ്പോർട്ടു ചെയ്തിരുന്നു.

നവംബർ മാസത്തിൽ ജർമ്മനിയിൽ നിന്നുള്ള മെത്രാൻ സ്ഥാനാർത്ഥിയും പരിവാരങ്ങളും കേരളത്തിലെത്തി. പട്ടം കൊടുക്കുവാനുള്ള തീയതി പ. പിതാവ് നിശ്ചയിച്ചതോടെ കമ്മറ്റി അംഗങ്ങളായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, സുന്നഹദോസ് സെക്രട്ടറി മാർ സേവേറിയോസ് എന്നിവർ ഇതിനെതിരെ മുടന്തൻ ന്യായങ്ങളുമായി രംഗത്തെത്തി.

കമ്മറ്റിയിലെ, മാർ മക്കാറിയോസ് ഒഴികെയുള്ള അംഗങ്ങൾ തുല്യനിലയിലായി. മാർ മക്കാറിയോസ് ഉടൻ പട്ടം കൊടുക്കണമെന്നു കാണിച്ച് ഫാക്സ് സന്ദേശം അയച്ചെങ്കിലും അതു സ്വീകരിക്കാൻ ശ്രേഷ്ഠ നിയുക്ത ബാവായും മാർ സേവേറിയോസും തയാറായില്ല.

ഇതിനെ തുടർന്ന് പിറ്റേന്ന് അടിയന്തിരമായി സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ പ. പിതാവ് ആവശ്യപ്പെട്ടെങ്കിലും സുന്നഹദോസ് സെക്രട്ടറി അതിനു തയാറാകാതെ സ്ഥാനാരോഹണം ഒഴിവാക്കാനാണ് ശ്രമിച്ചത്.

ഇതിനിടെ വിദഗ്ദാഭിപ്രായം തേടാൻ സെമിനാരി പ്രിൻസി പ്പാൾ ഫാ. ഡോ. കെ. എം. ജോർജ്, വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവരെ വിളിച്ചു വരുത്താൻ പ. പിതാവ് പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും അപ്രകാരം ചെയ്യുവാൻ പ. പിതാവിന്റെ ഓഫീസിലെ ചിലർ തയ്യാറായില്ല.

ഈ സാഹചര്യത്തിലാണ് തൃശൂർ ഭദ്രാസന ആസ്ഥാനത്തു വച്ച് മേല്പട്ട സ്ഥാനാരോഹണം നടന്നത്. സുന്നഹദോസ് തീരുമാനവും, സബ് കമ്മറ്റിയുടെ ഭൂരിപക്ഷവും ഉള്ളതിനാൽ നടപടി സാധുവാണെന്നുള്ള ഡോ. മാർ അത്താനാസ്യോസിന്റെ വാദം ശരിയാണെന്നാണ് തെളിയുന്നത്.

ഇതിനിടെ, മേല്പട്ടവാഴ്ചയെ ശക്തമായി ന്യായീകരിച്ചുകൊണ്ട് സീനിയർ മെത്രാപ്പോലീത്താ മാർ മക്കാറിയോസ് പ. പിതാവിന് ഫാക്സ് സന്ദേശമയച്ചിരുന്നു.

## മെത്രാൻവാഴ്ചാ വിവാദം: പൊളിഞ്ഞത് വിഭജനവാദികളുടെ തന്ത്രം

കോട്ടയം: ഡിസംബർ ആറിനു ചേർന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിദേശമെത്രാനെ വാഴിച്ചത് അംഗീകരിച്ചതോടെ പൊളിഞ്ഞത് വിഭജനവാദികളുടെ തന്ത്രമാണ്.

പ്രത്യേക സാഹചര്യത്തിൽ രഹസ്യമായി നടത്തിയ മെത്രാൻ വാഴ്ചയുടെ വാർത്ത ഡിസംബർ 5-ന് പുറത്തായതോടെ തങ്ങളുടെ ലക്ഷ്യസാദ്ധ്യത്തിനായി വിഭജനവാദികൾ ദ്രുതഗതിയിൽ കരുക്കൾ നീക്കി. ഡിസംബർ ആറിനു ചേരാൻ മുമ്പുകൂട്ടി നിശ്ചയിച്ചിരുന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ ഈ വിഷയം കൊണ്ടുവരാനും അവിടെവെച്ച് മലങ്കര സഭയുമായി പുനരൈക്യപ്പെട്ട ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നിവരെ ഒറ്റപ്പെടുത്തി ഈ പേരിൽ അച്ചടക്കനടപടിയെടുത്ത് സഭയിൽനിന്നും പുറത്താക്കാനുമാണ് വിഭജനവാദികൾ ശ്രമിച്ചത്.

ഈ നടപടി വഴി, മലങ്കരസഭയിലേയ്ക്കു പുനരൈക്യപ്പെടുന്നവരോട് സഭ സ്വീകരിക്കുന്നത് ചിറ്റമ്മനയമാണെന്നും, അപ്രകാരം ആരെങ്കിലും വന്നാൽ അവർ അവഹേളിതരാകുമെന്നും പുത്തൻകുരിശു സൊസൈറ്റിയിൽ ഉൾപ്പെട്ടുനിൽക്കുന്ന സഭാഐക്യവാദികളായ മെത്രാന്മാരടക്കമുള്ള വലിയൊരു വിഭാഗത്തെ ബോദ്ധ്യപ്പെടുത്താനാവുമെന്ന് വിഭജനവാദികൾ കണക്കുകൂട്ടി. ഇതുവഴി സഭാഐക്യം ആഗ്രഹിക്കുന്ന പുത്തൻകുരിശു വിഭാഗത്തിനിടയിൽ അതിനെതിരെ ഒരു വികാരം ഉയർത്താമെന്നും അവർ പ്രതീക്ഷിച്ചു.

ഈ കണക്കുകൂട്ടലിന്റെ പുറത്താണ് അന്നത്തെ സുന്നഹദോസിൽ ഇവർക്കെതിരെ കഠിനമായ അച്ചടക്ക നടപടി ഉണ്ടാകും എന്ന രീതിയിൽ ഡിസംബർ ആറിനു വാർത്ത വന്നത്. എന്നാൽ കണക്കുകൂട്ടലുകൾ തകിടം മറിച്ചുകൊണ്ട് ഭൂരിപക്ഷം മെത്രാന്മാരും പുനരൈക്യപ്പെട്ട മെത്രാന്മാർക്ക് പിന്തുണ പ്രഖ്യാപിച്ചതോടെ ഈ നീക്കം പാളി.

ഇതിന്റെ ക്ഷീണം തീർക്കാനാണ് *വാഴിച്ച മെത്രാന്മാർ സുന്നഹദോസിൽ ക്ഷമ ചോദിച്ചു, അതിനാൽ അച്ചടക്ക നടപടി ഉണ്ടായില്ല* എന്ന നിലയിൽ പിറ്റേന്നു വാർത്ത പ്രത്യക്ഷപ്പെട്ടത്. ഇതുവഴി മലങ്കര സഭാംഗങ്ങൾ ഇവർക്കെതിരെ തിരിയുമെന്ന് വിഭജനവാദികൾ വീണ്ടും കണക്കുകൂട്ടി.

എന്നാൽ, മെത്രാപ്പോലീത്താമാരെപ്പോലെ തന്നെ തെക്കും വടക്കുമുള്ള ഭൂരിപക്ഷം പട്ടക്കാരും സാധാരണജനങ്ങളും ഈ മേല്പട്ടവാഴ്ചയെ ന്യായീകരിക്കുകയും പുനരൈക്യപ്പെട്ട മെത്രാന്മാർക്ക് പിന്തുണനൽകുകയും ചെയ്യുന്നതുകണ്ട് സഭയിലെ വിഭജനവാദികൾ വിറളി പിടിച്ചു. അതിനെ തുടർന്നാണ് പ. പിതാവിന്റെയും പ. സുന്നഹദോസിന്റെയും തീരുമാനങ്ങളെ ധിക്കരിച്ച് മേല്പട്ടവാഴ്ച തടസ്സപ്പെടുത്താൻ ശ്രമിച്ചവർ സ്വന്തം മുഖം രക്ഷിക്കാൻ പടച്ചുണ്ടാക്കിയ വ്യാജസർക്കുലറിനെ സഭയുടെ ഔദ്യോഗിക രേഖ എന്ന മട്ടിൽ അവതരിപ്പിച്ച് ഡിസംബർ 19-ന് വീണ്ടും അബദ്ധജഡിലമായ വാർത്ത മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടത്. പിറ്റേന്ന് അസോസിയേഷൻ സെക്രട്ടറി ഈ രേഖയുടെ ആധികാരികതയെ ഔദ്യോഗിക പത്രപ്രസ്താവന വഴി നിഷേധിച്ചതോടെ ഈ നീക്കവും പൊളിഞ്ഞു.

ഈ സർക്കസിൽ അവസാനം മുഖം നഷ്ടപ്പെട്ടത് *ഉചാമറ*യ്ക്കാണ്. തങ്ങളാണ് മലങ്കരസഭ ഭരിക്കുന്നതെന്നും, മലങ്കരസഭയുടെ നയപരിപാടികൾ തീരുമാനിക്കുന്നതെന്നുമുള്ള *ഉചാമറ*യുടെ അവകാശവാദമാണ് ചീട്ടുകൊട്ടാരം പോലെ പൊളിഞ്ഞുവീണത്. പുനരൈക്യപ്പെട്ട മെത്രാന്മാർ തങ്ങളുടെ ബഹുമാന്യ സഹോദരന്മാരാണെന്ന് ശേഷം മേല്പട്ടക്കാരും, തങ്ങൾ അവർക്കു പിന്തുണ നൽകുന്നെന്നു ഭൂരിപക്ഷം വൈദികരും ജനങ്ങളും പ്രഖ്യാപിക്കുവാനുള്ള അവസരം ഈ വാർത്താസൃഷ്ടിയിലൂടെ *ഉചാമറ* ഉണ്ടാക്കിക്കൊടുത്തു.

## മെത്രാൻ വാഴ്ച വിവാദത്തിനു ശുഭാന്ത്യം

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: തുർക്കി വംശജനായ മാർ സേവേറിയോസിനെ മേല്പട്ട സ്ഥാനത്തേക്കുയർത്തിയ നടപടി ഡിസം. 6-നു നടന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചതോടെ ഈ മേല്പട്ട സ്ഥാനാഭിഷേകം സംബന്ധിച്ചുണ്ടാക്കിയ വിവാദങ്ങൾക്ക് വിരാമമായി.

നവംബർ 21-ന് തൃശൂർ മണ്ണുത്തി ഗത്സീമോൻ അരമന ചാപ്പലിൽ വെച്ച് ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാപ്പോലീത്താമാരാണ് തുർക്കി വംശജനും ജർമ്മൻകാരനുമായ മൂസാ ഗുർഗാൻ റമ്പാനെ യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് അതിഭദ്രാസനത്തിനായി മാർ സേവേറിയോസ് എന്ന പേരിൽ മേല്പട്ടസ്ഥാനത്തേയ്ക്ക് ഉയർത്തിയത്.

അതീവ രഹസ്യമായി നടത്തിയ മേല്പട്ടവാഴ്ച സംബന്ധിച്ച വാർത്തകൾ ചില മാധ്യമങ്ങൾ ഡിസംബർ 5-നു പുറത്തുവിട്ടിരുന്നു. തുടർന്ന് ഈ വാഴ്ച നിയമവിരുദ്ധമാണെന്നും, മലങ്കരസഭയുടെയും പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെയും അംഗീകാരമില്ലാത്തതാണെന്നും വൻ പ്രചരണമുണ്ടായി. ഡിസം. 6-നു നടക്കുന്ന സുന്നഹദോസിൽ വച്ച് വാഴ്ച നടത്തിയ മേല്പട്ടക്കാരുടെ മേൽ ശിക്ഷണനടപടി സ്വീകരിക്കുമെന്ന് ചില സഭാസ്ഥാനികൾ പ്രസ്താവിച്ചതായി പിറ്റേന്നു ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മേല്പട്ട സ്ഥാനാരോഹണത്തിന്റെ പുതിയ നടപടിച്ചട്ടങ്ങൾ ക്രോഡീകരിക്കാനായി ഡിസംബർ 6-ന് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് കൂടുവാൻ നേരത്തെ തീരുമാനമെടുത്തിരുന്നു. ഈ സുന്നഹദോസിനെ മറയാക്കി പുനരൈക്യപ്പെട്ട മെത്രാന്മാരെ പുറത്താക്കാനാണ് കരുക്കൾ നീക്കിയത്.

ഡിസംബർ 6-നു രാവിലെ 10 മണിക്ക് ദേവലോകം അരമനയിൽ പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ സുന്നഹദോസ് ചേർന്നു. ഉച്ചവരെയുള്ള സമയത്ത് മെത്രാൻ വാഴ്ചയുടെ മാനദണ്ഡങ്ങൾ മാത്രമാണ് ചർച്ച ചെയ്തത്. ഈ വിഷയം സംബന്ധിച്ച് പ്രത്യേകം ക്ഷണിച്ചിരുന്ന നിയമ പണ്ഡിതരെയും സുന്നഹദോസിൽ പ്രവേശിപ്പിച്ച് അഭിപ്രായം ആരായുകയും തുടർന്ന് പുതിയ നടപടിച്ചട്ടങ്ങൾ ക്രോഡീകരിച്ച് മാനേജിംഗ് കമ്മറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് വീണ്ടും സുന്നഹദോസ് കൂടി. അജണ്ടപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ചു. അതിനുശേഷം വാഴ്ച നടത്തിയ ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവർ നടന്ന സംഭവങ്ങളെപ്പറ്റിയും അതിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെപ്പറ്റിയും വിശദമായ റിപ്പോർട്ട് സുന്നഹദോസിൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം മേല്പട്ടവാഴ്ച സംബന്ധിച്ച നടപടികൾ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചു. അതനുസരിച്ച് ഒറ്റവരിയിൽ പത്രക്കുറിപ്പ് തയാറാക്കുകയും ചെയ്തു. അതോടെ പൊട്ടിത്തെറി പ്രതീക്ഷിച്ചവരെ നിരാശരാക്കി സംഭവം ശുഭാന്ത്യമായി മാറി. സുന്നഹദോസിൽ ഉടനീളം പ. പിതാവു തന്നെ അദ്ധ്യക്ഷം വഹിച്ചു.

## അടൂരിൽ രഹസ്യയോഗം: സഭയെ രാഷ്ട്രീയവൽക്കരിക്കുന്നു

അടൂർ: മലങ്കരസഭയെ യു. ഡി. എഫ്. ൽ നിന്നും അകറ്റുകയും എൽ. ഡി. എഫ്. പാളയത്തിലേയ്ക്കു അടുപ്പിക്കുകയും ചെയ്യുന്ന ചുവന്ന ബിഷപ്പുമാരുടെ പേരിൽ നടപടിയെടുക്കണമെന്ന ആവശ്യവുമായി ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ഡിസംബർ 18-നു രഹസ്യയോഗം ചേർന്നു. തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തോസിനോട് രാഷ്ട്രീയ വിരോധം പുലർത്തുന്ന ഒരു രാഷ്ട്രീയ നേതാവിനോട് ഏറ്റവും അടുത്ത ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങളാണ് ഈ നീക്കത്തിനു ചുക്കാൻ പിടിക്കുന്നത്.

പ. സുന്നഹദോസ് അംഗീകരിച്ച വിദേശ മെത്രാന്റെ വാഴ്ച അച്ചടക്ക ലംഘനമാണെന്നും അവരുടെ പേരിൽ നടപടിയെടുക്കണമെന്നും, അതിനായി അടുത്ത മാനേജിംഗ് കമ്മറ്റിയിൽ പ്രമേയം കൊണ്ടുവരണമെന്നും ഇവർ യോഗത്തിൽ വാദിച്ചു. എന്നാൽ മെത്രാന്മാരുടെ പേരിൽ നടപടിയ്ക്കു ശുപാർശ ചെയ്യാൻ മാനേജിംഗ് കമ്മറ്റിക്ക് അധികാരമില്ലെന്ന് ചില മുതിർന്ന അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. അതോടെ പ്രമേയം വേണ്ടെന്നും എന്നാൽ ബഹളമുണ്ടാക്കുവാനും തീരുമാനിച്ചു.

എന്നാൽ ഈ തീരുമാനത്തിനു പിന്നിൽ രാഷ്ട്രീയ പകപോക്കലാണെന്ന് ചില കേന്ദ്രങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഒരു രാഷ്ട്രീയനേതാവിനോടടുത്ത ചില മാനേജിംഗ് കമ്മറ്റി മെമ്പർമാരുടെ പ്രകടനമായിരുന്നു അടൂരിൽ നടന്നത്. ഭരണഘടനപ്രകാരം സുന്നഹദോസ് അംഗീകരിച്ച ആത്മീയ വിഷയമായ, മലങ്കരസഭയെ ഭരണപരമായി ബാധിക്കാത്ത മേല്പട്ടവാഴ്ചയെ ചോദ്യം ചെയ്യാൻ മാനേജിംഗ് കമ്മറ്റിക്ക് അധികാരമില്ല എന്ന വസ്തുത അറിയാതെയല്ല ഇവർ ഈ നീക്കം നടത്തുന്നതെന്നും ഈ പേരിൽ രാഷ്ട്രീയ പകപോക്കൽ നടത്തുകയാണെന്നും അവർ കുറ്റപ്പെടുത്തുന്നു.

മെത്രാന്മാരോട് രാഷ്ട്രീയ വിരോധം വെച്ചുപുലർത്താത്ത യു. ഡി. എഫ്. അനുഭാവികളായ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ; വിദ്യാഭ്യാസ പരിഷ്കാരം മുതലായ എൽ. ഡി. എഫ്. നിലപാടുകളിൽ സഭയുടെ നിലപാടു തിരുത്താനാണ് എന്ന് തെറ്റിദ്ധരിപ്പിച്ചാണ് യോഗത്തിനെത്തിച്ചതെന്നും പറയപ്പെടുന്നു.

മാനേജിംഗ് കമ്മറ്റി അംഗങ്ങളും, ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട പ്രഗൽഭരും പ്രശസ്തരുമായ ഇ. ജോൺ ജേക്കബ്, സി. എം. സ്റ്റീഫൻ, ജോസഫ് എം. പുതുശ്ശേരി, തോമസ് കുതിരവട്ടം തുടങ്ങിയവർ സഭയും രാഷ്ട്രീയവുമായി കൂട്ടിക്കുഴച്ചിട്ടില്ലെന്നും സഭയെ രാഷ്ട്രീയവൽക്കരിക്കാനുള്ള ഇപ്പോഴത്തെ നടപടി തികച്ചും നിന്ദ്യമാണെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

യോഗത്തിനെത്തിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ പലരും തെറ്റിദ്ധാരണയുടെ പുറത്താണ് യോഗത്തിനെത്തിയത്. മെത്രാൻ തിരഞ്ഞെടുപ്പിനുള്ള നടപടിച്ചട്ടങ്ങളിലെ അപാകതകളെപ്പറ്റി ചർച്ച ചെയ്യാനെന്ന വ്യാജേനയാണ് യോഗം വിളിച്ചുകൂട്ടിയതെന്ന് പങ്കെടുത്ത അംഗങ്ങളിൽ ചിലർ പറഞ്ഞു.

## മെത്രാൻ തിരഞ്ഞെടുപ്പ് പ്രായം 35–45 ആക്കണം: അൽമായവേദി

കോട്ടയം: ആസന്നമായിരിക്കുന്ന മെത്രാൻ തിരഞ്ഞെടുപ്പിൽ നിയുക്ത മെത്രാന്മാരുടെ പ്രായപരിധി 35 വയസു മുതൽ 45 വയസു വരെ എന്ന് ക്ലിപ്തപ്പെടുത്തണമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ആവശ്യപ്പെട്ടു.

കർമ്മശേഷിയും ആരോഗ്യവുമുള്ള യുവ മെത്രാന്മാർ ഇന്ന് സഭയ്ക്ക് അത്യന്താപേക്ഷിതമാണ്. പ്രായം കടന്നവരെ മെത്രാന്മാരാക്കുന്നതിന്റെ തിക്തഫലങ്ങൾ ഇന്ന് സഭ അനുഭവിക്കുകയാണന്ന യാഥാർത്ഥ്യം അംഗീകരിച്ചേ പറ്റൂ. ഇനിയും ഈ തെറ്റ് ആവർത്തിയ്ക്കരുതെന്ന് അൽമായവേദി സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

*(ശേഷം 2-ാം പേജിൽ)*

# പുത്തൻകുരിശുകാരുടെ നെട്ടോട്ടം

കൊച്ചി: മേല്പട്ടസ്ഥാനാരോഹണത്തിനു സുറിയാനിക്കാർ കേരളത്തിലെത്തിയ വിവരം ചോർന്നുകാട്ടിയ പുത്തൻകുരിശു സൊസൈറ്റിക്കാർ ഗംഭീര ചാരപ്രവർത്തനമാണ് നടത്തിയത്.

കാപ്പ തയിക്കുന്നത് എവിടെയെന്നറിയാൻ കോട്ടയം, ചങ്ങനാശ്ശേരി ഭാഗത്തുള്ള തയ്യൽ കടകളും പുസ്തകശാലകളും കയറിയിറങ്ങി. ശ്രേഷ്ഠ നിയുക്ത ബാവായുടെ ടെലിഫോൺ വരെ റിക്കാർഡ് ചെയ്തതായും ആരോപണമുണ്ട്. ഇവരുടെയെല്ലാം കണ്ണുവെട്ടിച്ചാണ് വിദഗ്ദമായി വാഴ്ച നടത്തിയത്.

# വാർത്ത സഭയെ പിളർത്താനെന്ന്!

കോട്ടയം: മലങ്കരസഭ അറിയാതെയാണ് മേല്പട്ടവാഴ്ച നടത്തിയതെന്ന രീതിയിൽ ചില പത്രങ്ങളിൽ വന്ന വാർത്ത മലങ്കരസഭയെ പിളർത്താനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമെന്ന് ആരോപണമുയർന്നു.

കഴിഞ്ഞ ഏതാനും വർഷങ്ങളായി മലങ്കരസഭയെ എങ്ങനെയെങ്കിലും പിളർത്താൻ ശ്രമിക്കുന്ന പ്രതിലോമശക്തികളും, 1994-നു ശേഷം പുനരൈക്യപ്പെട്ടവരോടു ചിറ്റമ്മനയം പുലർത്തുന്ന മലങ്കരസഭാനേതൃത്വത്തിലെ അപൂർവ്വം ചിലരുമാണ് ഈ നടപടിയ്ക്കു പിന്നിലെന്നാണ് ആരോപണം.

ഡിസം. 6-നു സുന്നഹദോസ് ചേരാനിരിക്കെ ധൃതിപിടിച്ച് ഇപ്രകാരം ഒരു വാർത്ത സൃഷ്ടിച്ചത് പുത്തൻകുരിശു സൊസൈറ്റിയെ സഹായിക്കാനാണെന്നും ആരോപണമുണ്ട്.

# സ്ഥാനികൾ അറിഞ്ഞിരുന്നു

കോട്ടയം: നിയമപരമായി അറിയേണ്ട ആവശ്യമില്ലായിരുന്നുവെങ്കിലും കൂട്ടുട്രസ്റ്റികളും അസോസിയേഷൻ സെക്രട്ടറിയും മേല്പട്ടവാഴ്ചയ്ക്കുള്ള സുന്നഹദോസ് തീരുമാനം നേരത്തെ അറിഞ്ഞിരുന്നതായും അതിനെ സർവാത്മനാ സ്വാഗതം ചെയ്തതായും അറിയുന്നു.

# അൽമായവേദി സ്വാഗതം ചെയ്തു

കോട്ടയം: അന്ത്യോഖ്യൻ സഭയിലെ മൂസാ ഗുർഗാൻ റമ്പാനെ, മാർ സേവേറിയോസ് എന്ന പേരിൽ യൂറോപ്പിലെ ഓർത്തഡോക്സ് സഭയുടെ മേല്പട്ടക്കാരനായി വാഴിച്ച മലങ്കര സഭയുടെ നടപടിയെ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സ്വാഗതം ചെയ്തു.

വിശ്വാസം അപകടത്തിലാകുമ്പോൾ പട്ടത്വപരമായ സഹായം നൽകുന്നത് ക്രൈസ്തവ സഭകളുടെ കാനോനികമായ കടമയാണ്. പുരാതന സഭകൾ എല്ലാം ഈ സഹായം പരസ്പരം നൽകിയിട്ടുണ്ട്. ഇപ്രകാരം ഉന്നതമായ ക്രൈസ്തവ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച ഒരു നടപടിയാണ് ഈ വാഴ്ചയെന്ന് അൽമായവേദി സെക്രട്ടറിയേറ്റ് വിലയിരുത്തി.

പട്ടത്വപരമായ സഹായം നൽകുന്നത് ഭരണനിയന്ത്രണത്തിനുള്ള മാർഗ്ഗമായല്ല മലങ്കരസഭ കാണുന്നത്. മറിച്ച് വിശ്വാസം നിലനിർത്താനുള്ള മാർഗ്ഗമായാണ്. അത്തരം സഹായത്തെ മലങ്കരസഭ എന്നും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അത്തരം സഹായത്തിന്റെ പേരിൽ മലങ്കരസഭാ ഭരണം കൈയ്യാളാനുള്ള അന്ത്യോഖ്യൻ സഭയുടെ നടപടികളെയാണ് മലങ്കരസഭ എന്നും എതിർക്കുന്നത് - അൽമായവേദി ചൂണ്ടിക്കാട്ടി.

ഇത്തരം ക്രിസ്തീയമായ ഒരു തീരുമാനമെടുത്ത പ. ദിദിമോസ് പ്രഥമൻ ബാവായെയും, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെയും സെക്രട്ടറിയേറ്റ് അനുമോദിച്ചു.

# റീത്ത് കാതോലിക്കായ്ക്ക് റോമിന്റെ അംഗീകാരമില്ല

തിരുവനന്തപുരം: മലങ്കര റീത്തിന്റെ മേജർ ആർച്ച് ബിഷപ്പ്, *കാതോലിക്കാ* എന്ന സ്ഥാനനാമം ഉപയോഗിക്കുന്നതിന് റോമിന്റെ അംഗീകാരമില്ലെന്ന് വത്തിക്കാന്റെ ഔദ്യോഗിക രേഖകൾ വ്യക്തമാക്കുന്നു.

റോമാപാപ്പായുടെ കീഴിലുള്ള മെത്രാന്മാരുടെയും രൂപതകളുടെയും സമ്പൂർണ്ണ ഔദ്യോഗിക ലിസ്റ്റാണ് പ്രതിവർഷം പുറത്തിറക്കുന്ന 'അനുവാരിയ പൊന്തിഫിക്ക' എന്ന ലത്തീൻ ഗ്രന്ഥം. ആ ഗ്രന്ഥത്തിന്റെ 2007-ലെ പതിപ്പിൽ ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ഉണ്ട്.

റോമൻ കത്തോലിക്കാ സഭയിലെ പൗരസ്ത്യ പാത്രിയർക്കീസുമാർ, ലത്തീൻ റീത്തിലെ സ്ഥാനിക പാത്രിയർക്കീസുമാർ എന്നിവർക്കു ശേഷമാണ് ഉക്രൈൻ, എറണാകുളം-അങ്കമാലി, തിരുവനന്തപുരം എന്നീ മേജർ ആർച്ചുബിഷപ്പുമാരുടെ പേരുകൾ യഥാക്രമം ചേർത്തിരിക്കുന്നത്.

11-ാം പേജിൽ 2005 ഫെബ്രുവരി 10-ന് മേജർ ആർച്ചു ബിഷപ്പോറിക്കായി ഉയർത്തപ്പെട്ട തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷൻ സിറിൽ ബസേലിയോസ് മലഞ്ചെരുവിൽ ഒ. ഐ. സി., *തിരുവനന്തപുരത്തെ സീറോ-മലങ്കര ആർച്ചുബിഷപ്പ്* എന്നു മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ അവർ ഉപയോഗിക്കുന്ന കാതോലിക്കാ എന്ന സ്ഥാനനാമം ഇതിൽ ചേർത്തിട്ടില്ല. തന്നെയുമല്ല, റോമൻ കാത്തോലിക്കാ സഭയിലെ വിവിധ പൗരസ്ത്യ പാത്രിയർക്കീസുമാരെയും, ലത്തീൻ റീത്തിലെ സ്ഥാനിക പാത്രിയർക്കീസുമാരെയുംകാൾ താഴ്ന്ന സ്ഥാനം മാത്രമാണ് ഇദ്ദേഹത്തിനു നൽകിയിരിക്കുന്നത്.

ചുരുക്കത്തിൽ റോമൻ കത്തോലിക്കാസഭയിലെ പാത്രിയർക്കീസുമാരുടെ സ്ഥാനം ഇദ്ദേഹത്തിനു റോം അംഗീകരിച്ചിട്ടില്ല. റോമ്മാ സഭയിലെ കൽദായ പാത്രിയർക്കീസിനെയും അർമീനിയൻ പാത്രിയർക്കീസിനെയും പാത്രിയർക്കീസുമാരുടെ ഗണത്തിലാണ് ചേർത്തിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

വീണ്ടും ലോകമെങ്ങുമുള്ള റോമൻ കത്തോലിക്കാ രൂപതകളെക്കുറിച്ചുള്ള വിവരണത്തിലും (പേജ് 765) തിരുവനന്തപുരം സീറോ-മലങ്കര മേജർ ആർച്ചു ബിഷപ്പോറിക്കെന്നും അദ്ധ്യക്ഷനെ മേജർ ആർച്ചു ബിഷപ്പെന്നും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

# ഞാർത്താങ്കൽ കോരുതു മല്പാനു സ്മാരകം

കോട്ടയം: മലങ്കര മല്പാനും, സെമിനാരി അദ്ധ്യാപകനും, സുറിയാനി സംഗീതപടുവുമായിരുന്ന മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുതു കത്തനാർക്ക് പഴയസെമിനാരിയിൽ സ്മാരകം. ശ്രുതിമന്ദിരത്തിൽ ആധുനിക സൗകര്യങ്ങളോടെ വിപുലപ്പെടുത്തുന്ന മ്യൂസിക് ഹാളാണ് 'മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുതു കത്തനാർ മ്യൂസിക്ക് ഹാൾ' എന്ന പേരിൽ ഇനി അറിയപ്പെടുക. ശ്രുതിയുടെ സംഗീത പരിശീലനം കൂടാതെ സെമിനാരി വിദ്യാർത്ഥികളെ എക്കാറാ പഠിപ്പിക്കുന്നതും ഈ ഹാളിലാണ്. ആധുനീകരണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഈ ഹാളിന്റെ കൂദാശയും നാമകരണവും 2008 ഫെബ്രുവരി ഒന്നിന് പ. പിതാവ് നിർവ്വഹിക്കും.

## മെത്രാൻ തിരഞ്ഞെടുപ്പ് പ്രായം....

*(ഒന്നാം പേജിൽ നിന്നും)*

മലങ്കരസഭയിലെ സമാദരണീയനായ സീനിയർ മെത്രാപ്പോലീത്താ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ഈ ആവശ്യം മുമ്പ് ഉന്നയിച്ചിട്ടുള്ളതാണെന്നും യോഗം ചൂണ്ടിക്കാട്ടി.

75 വയസ്സു തികഞ്ഞ മേല്പട്ടക്കാരെ ഭരണഭാരത്തിൽ നിന്നൊഴിവാക്കി വിശ്രമിക്കാൻ അനുവദിക്കണമെന്നും അവരുടെ കഴിവുകളെ മറ്റു വിധത്തിൽ ഉപയോഗിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

# സുന്നഹദോസിൽ നടന്നത്

*(പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങൾ പരിപാവനവും രഹസ്യ സ്വഭാവമുള്ളതുമാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ സുന്നഹദോസിൽ നടക്കാത്ത കാര്യങ്ങൾ നടന്നതെന്ന രീതിയിൽ ചില വ്യാജ വാർത്തകൾ പ്രത്യക്ഷപ്പെട്ടതുകൊണ്ടു മാത്രം ഡിസം. 6-ലെ സുന്നഹദോസിലെ യഥാർത്ഥ സംഭവം ഞങ്ങൾ പ്രസിദ്ധീകരിക്കുകയാണ് - പത്രാധിപർ)*

കോട്ടയം: പുനരൈക്യപ്പെട്ട മെത്രാന്മാരെ പുറത്താക്കിയ ശേഷം മാത്രം സുന്നഹദോസിന്റെ ബാക്കി നടപടിക്രമം എന്നു വെല്ലുവിളിച്ചുകൊണ്ട് സുന്നഹദോസ് യോഗത്തിനു പോയവർ അപ്രതീക്ഷിത ആക്രമണത്തിൽ അടിപതറിവീണ കാഴ്ചയാണ് ഡിസം. 6-ലെ സുന്നഹദോസിൽ സംഭവിച്ചത്.

വാഴ്ച വിരോധികളുടെ പ്രതീക്ഷ തെറ്റിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിനു മുമ്പ് സുന്നഹദോസിന്റെ ഈ യോഗത്തിലെ അജണ്ടപ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി. തുടർന്ന് ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവർ നടന്ന സംഭവങ്ങളുടെ എഴുതി തയാറാക്കിയ വിശദമായ റിപ്പോർട്ട് സുന്നഹദോസിൽ അവതരിപ്പിച്ചു.

ഉടനെ മാർ കൂറിലോസ്, മാർ പക്കോമിയോസ് എന്നിവർ, വാഴ്ച നടത്തിയ മെത്രാന്മാർ ഗുരുതരമായ അച്ചടക്കലംഘനമാണ് നടത്തിയതെന്നും, സുന്നഹദോസ് പട്ടം കൊടുക്കാൻ തീരുമാനിച്ചിട്ടില്ലെന്നും, പട്ടംകൊടുത്തത് ക്രമരഹിതമാണെന്നുമുള്ള വാദവുമായി രംഗത്തിറങ്ങി. അതിനാൽ ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവരെ ഉടൻ സഭയിൽ നിന്നു പുറത്താക്കണമെന്നായിരുന്നു അവരുടെ വാദം. മാർ ക്ലിമ്മീസും ഇവരോടൊപ്പം ചേർന്നു. ഈ സമയത്താണ് അപ്രതീക്ഷിതമായ നീക്കമുണ്ടായത്. കഴിഞ്ഞ സുന്നഹദോസിന്റെ മിനിട്സ് തിരുത്തി എന്ന ആരോപണം ഉള്ളതിനാൽ കരട് മിനിട്സ് വായിച്ചു കേൾക്കണമെന്ന് മാർ ഈവാനിയോസ് ആവശ്യപ്പെട്ടു. തുടർന്ന് ഓഗസ്റ്റിൽ കൂടിയ സുന്നഹദോസിന്റെ കരട് മിനിട്സ് വായിച്ചതിൽ, "തുർക്കി സ്വദേശികളായ ജർമനിയിലുള്ള സുറിയാനി സഭാംഗങ്ങൾ തിരഞ്ഞെടുക്കുന്ന ആളുകൾക്ക് മേല്പട്ടസ്ഥാനം കൊടുക്കണമെന്നും, അതിന് മാർ മക്കാറിയോസ്, ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവരോടൊപ്പം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, സുന്നഹദോസ് സെക്രട്ടറി എന്നവരെ ചുമതലപ്പെടുത്തുന്നു" എന്നുമുള്ള ഭാഗം വായിച്ചുകേട്ടതോടെ മാർ ഈവാനിയോസ് ക്ഷുഭിതനായി.

അങ്ങനെയെങ്കിൽ ഇന്നു വന്ന പത്രവാർത്ത കള്ളമെന്നും, വ്യാജവാർത്ത കൊടുത്തവരെ ആദ്യം ശിക്ഷിക്കണമെന്നും, ഇന്ന് സുന്നഹദോസ് കൂടാനിരിക്കെ ധൃതിപിടിച്ച് ഇപ്രകാരം ഒരു വ്യാജവാർത്ത സൃഷ്ടിക്കേണ്ട ആവശ്യമില്ലായിരുന്നെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇപ്പോഴത്തെ സംഭവവികാസങ്ങളുടെ പൂർണഉത്തരവാദിത്വം സുന്നഹദോസ് സെക്രട്ടറിയ്ക്കാണെന്ന് സ്വതേ നിശബ്ദനായ മാർ ഈവാനിയോസ് തുറന്നടിച്ചതോടെ പുറത്താക്കൽ വാദികൾ പരുങ്ങലിലായി. മറ്റു മെത്രാന്മാർ നിശ്ബദത പാലിച്ചതും അവർക്കു തിരിച്ചടിയായി. ഇതിനിടെ, രണ്ടു മെത്രാന്മാർകൂടി മേല്പട്ടവാഴ്ച നടത്തിയത് അകാനോനികമാണെന്ന വാദവുമായി എഴുന്നേറ്റ മാർ പക്കോമിയോസിനെ അപ്രകാരമുള്ള വാഴ്ചയിൽ അകാനോനികമായി ഒന്നുമില്ലെന്നും പത്രോസ് പാത്രിയർക്കീസ് ഒറ്റയ്ക്ക് വാഴിച്ചിട്ടുണ്ടെന്നുമുള്ള വസ്തുതയുമായി മാർ അന്തോണിയോസ് നേരിട്ടതോടെ സുന്നഹദോസിൽ പുറത്താക്കൽ വാദികൾ വിരലിൽ എണ്ണാവുന്നവരാണെന്നു വ്യക്തമായി.

വാഴ്ച നടത്തിയത് ക്രമപ്രകാരവും സുന്നഹദോസ് നിശ്ചയപ്രകാരവുമാണെന്നും, അതിനാൽ അതിന്റെ പേരിൽ നടപടിയൊന്നും ആവശ്യമില്ലെന്നും, വാഴ്ച തടസ്സപ്പെടുത്താൻ ശ്രമിച്ചവർ അക്ഷന്തവ്യമായ അപരാധമാണ് ചെയ്തതെന്നും മാർ ഈവാനിയോസ് തുടർന്നു പറയുകയും ഇക്കാര്യത്തിൽ പരിശുദ്ധ കാതോലിക്കാ ബാവായുടെ അഭിപ്രായം ആരായുകയും ചെയ്തു.

പ. പിതാവ്, വാഴ്ചയ്ക്കനുകൂലമായി അഭിപ്രായം പ്രകടിപ്പിച്ചതോടെ സംഭവങ്ങൾക്ക് പരിസമാപ്തിയായി. തുടർന്ന് സുന്നഹദോസിന്റെ മിനിട്സ് പൂർത്തിയാക്കി പ. പിതാവ് ഒപ്പുവയ്ക്കുകയും, ഡോ. മാർ ഗ്രീഗോറിയോസ് "തുർക്കി വംശജനും ജർമ്മൻകാരനുമായ മൂസാ ഗുർഗാൻ റമ്പാനെ മെത്രാനായി വാഴിച്ചതിനെപ്പറ്റി ബന്ധപ്പെട്ട മെത്രാപ്പോലീത്താമാരോടു സിനഡ് വിശദീകരണം ചോദിച്ചു. വിശദീകരണം പ. ബാവായ്ക്കും എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും തൃപ്തികരമാണ്" എന്ന പത്രക്കുറിപ്പ് തയാറാക്കുകയും അതിലും പ. പിതാവിന്റെ ഒപ്പ് വാങ്ങുകയും ചെയ്തു. മാർ അത്താനാസ്യോസ് (ചെങ്ങന്നൂർ), ഡോ. മാർ ഗ്രീഗോറിയോസ് എന്നിവരും വാഴ്ചയെ അനുകൂലിച്ചു സംസാരിച്ചു. ആരോപണവിധേയരായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, സുന്നഹദോസ് സെക്രട്ടറി ഡോ. മാർ സേവേറിയോസ് എന്നിവർ ഈ സമയമത്രയും നിശബ്ദരായിരുന്നു.

# രണ്ടുപേർ ചേർന്ന വാഴ്ച: കാനോൻ ലംഘനമല്ലെന്ന്

കോട്ടയം: രണ്ടു മേല്പട്ടക്കാർ മാത്രം നടത്തിയ മേല്പട്ട സ്ഥാനാരോഹണം കാനോൻ വിരുദ്ധമാണെന്ന ചില 'നിയമവിരുദ്ധരുടെ' പ്രസ്താവന 6-12-07 ലെ *മലയാള മനോരമ*യിൽ വന്നതു ശരിയല്ലെന്ന് കാനോൻ-ഭരണഘടനാ വിദഗ്ദർ.

ഹൂദായ കാനോൻ പ്രകാരം ഒരു സംസ്ഥാന ഇടവകയിലെ എല്ലാ മെത്രാന്മാരുടെയും സമ്മതത്തോടു കൂടി വേണം മേല്പട്ട സ്ഥാനാരോഹണം നടത്താൻ. സ്ഥലത്തില്ലെങ്കിലും സമ്മതപത്രം വേണമെന്നു കാനോൻ അനുശാസിക്കുന്നുണ്ട്. യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് മറ്റു മെത്രാന്മാരാരുമില്ലാത്തതിനാൽ അവരുടെ സമ്മതത്തിനും സാന്നിദ്ധ്യത്തിനും പ്രസക്തിയുമില്ല. മലങ്കരസഭാ സുന്നഹദോസ് അംഗീകരിച്ചതു സമ്മതപത്രത്തിനു തുല്യവുമാണെന്ന് കാനോൻ വിദഗ്ദർ ചൂണ്ടികാട്ടുന്നു.

ഒരാൾ മാത്രം പട്ടംകൊടുക്കുന്നത് അസാധുവെങ്കിൽ മലങ്കരയിൽ മേല്പട്ടം നൽകിയ യേറുശലേമിലെ മാർ ഗ്രിഗോറിയോസ്, മാർ ഈവാനിയോസ് ഹദിയള്ള, മാർ ഗ്രിഗോറിയോസ് യൂഹാനോൻ എന്നിവരുടെ നടപടിയും അസാധുവാകും.

ഇതിനേക്കാളുപരി 1877-ൽ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ്, കോനോട്ട് മാർ യൂലിയോസ്, കടവിൽ മാർ അത്താനാസ്യോസ് എന്നിവരെ വാഴിച്ചത് ഒറ്റയ്ക്കാണ്. അന്ന് മലങ്കരയിലുണ്ടായിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്, അബ്ദുള്ള മാർ ഗ്രിഗോറിയോസ് എന്നിവരെ ക്ഷണിയ്ക്കാതെയും അറിയിക്കാതെയും, സഹകരിപ്പിക്കാതെയുമാണ് ഈ മേല്പട്ടവാഴ്ച നടത്തിയത്. ഈ നവ മെത്രാന്മാരെ മാത്രം ചേർത്താണ് പ. പരുമല തിരുമേനിയടക്കമുള്ള മറ്റു നാലു പേരെയും വാഴിച്ചത്. മൂന്നിൽ താഴെ മെത്രാന്മാർ നടത്തുന്ന മേല്പട്ട വാഴ്ച അസാധുവെങ്കിൽ പരുമല തിരുമേനിയുടേതടക്കമുള്ള മേല്പട്ടവും അസാധുവാകുമെന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

മലങ്കരയെ ബാധിയ്ക്കാത്ത കാര്യമായതിനാൽ മാനേജിംഗ് കമ്മറ്റിയ്ക്കോ അസോസിയേഷനോ കൂട്ടുട്രസ്റ്റികൾക്കോ ഇതിൽ യാതൊരു കാര്യവുമില്ലെന്നും ഭരണഘടനാ വിദഗ്ദർ ചൂണ്ടിക്കാണിയ്ക്കുന്നു.

# പാത്രിയർക്കീസിന്റെ സെക്രട്ടറിയെ മാറ്റി

കൊച്ചി: ഏതാനും വർഷങ്ങളായി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഇന്ത്യാകാര്യ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ഈരാളിൽ ഗീവർഗീസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ തൽസ്ഥാനത്തു നിന്നും മാറ്റി. പകരം ഡീക്കൺ ജോഷി സി. ഏബ്രഹാമിനെ തൽസ്ഥാനത്തു നിയമിച്ചു. തനിക്ക് അനഭിമതനായ മെത്രാനെ നീക്കണമെന്ന് തോമസ് പ്രഥമൻ കുറേനാളായി സമ്മർദ്ദം ചെലുത്തിവരികയായിരുന്നു. മാർ അത്താനാസ്യോസിനെ മഞ്ഞനിക്കരയുടെയും കുന്നംകുളം സിംഹാസനപ്പള്ളിയുടെയും സഹായ മെത്രാനായി നിയമിച്ചിട്ടുണ്ട്. ഇതോടെ മഞ്ഞനിക്കരയിൽ മൂന്നും കുന്നംകുളം സിംഹാസനപ്പള്ളിയിൽ രണ്ടും സഹായ മെത്രാന്മാരായി.

# തിരിച്ചടിച്ച സർക്കുലർ യുദ്ധം

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: യൂറോപ്പിലെ സുറിയാനി അതി ഭദ്രാസനത്തിന് മെത്രാനെ വാഴിക്കുവാൻ സുന്നഹദോസ് എടുത്ത അനുകൂല തീരുമാനത്തോടുള്ള നിഷേധാത്മക നിലപാടിനെ വെള്ള പൂശുവാൻ നടത്തിയ ശ്രമമാണ് ഡിസംബർ 19–ലെ വാർത്താദുരന്തം.

ഡിസംബർ അഞ്ചിനു ചില മാധ്യമങ്ങളിലൂടെയാണ് ഈ വാഴ്ചയെപ്പറ്റി പുറംലോകം അറിഞ്ഞത്. തുടർന്ന് *വാഴ്ച നടത്തിയ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാന്മാർക്കെതിരെ ഇന്നുകൂടുന്ന സുന്നഹദോസ് അച്ചടക്ക നടപടി സ്വീകരിക്കുമെന്നുള്ള* രീതിയിൽ ഡിസംബർ ആറിനു മറ്റു ചില മാധ്യമങ്ങളിൽ വാർത്ത വന്നു.

എന്നാൽ സുന്നഹദോസ് മെത്രാൻവാഴ്ച അംഗീകരിക്കുകയും അതിനെതിരായി നിന്നവർ സുന്നഹദോസിൽ ഒറ്റപ്പെടുകയും ചെയ്തു. തുടർന്ന് *വാഴിച്ചവർ സുന്നഹദോസിൽ ക്ഷമ പറഞ്ഞു* എന്ന മട്ടിൽ ഡിസംബർ 7–നു ചില മാധ്യമങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചു. എന്നാൽ ഇപ്രകാരം ഉണ്ടായിട്ടില്ല എന്നുള്ള ഡോ. തോമസ് മാർ അത്താനാസ്യോസിന്റെ തിരുത്ത് പിറ്റേന്നു പ്രസിദ്ധീകരിക്കാൻ ഇതേ മാധ്യമങ്ങൾ നിർബന്ധിതരായി. ഇതോടെ ഈ വിവാദം അവസാനിക്കേണ്ടതായിരുന്നു. എന്നാൽ സുന്നഹദോസ് അംഗങ്ങളെ കൂടാതെ ഭൂരിപക്ഷം ജനങ്ങളും, വൈദികരും, മേല്പട്ടവാഴ്ചയെ പിന്തുണച്ചതോടെ മുഖം നഷ്ടപ്പെട്ട വാഴ്ചാവിരോധികൾ സൃഷ്ടിച്ച പുകമറയാണ് വിവാദ സർക്കുലർ. സുന്നഹദോസിന്റേതെന്ന പേരിൽ വർക്കിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ചത് എന്ന മട്ടിൽ സൃഷ്ടിച്ച വാലും തലയും കർത്താവുമില്ലാത്ത ഈ സർക്കുലർ വഴി തങ്ങളുടെ വിരുദ്ധ നിലപാടിനെ ന്യായീകരിക്കാനും സഹോദര മെത്രാപ്പോലീത്താമാരെ പൊതുജനമദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തുവാനുമാണ് ശ്രമിച്ചത്.

എപ്പിസ്കോപ്പൽ സുന്നഹദോസ് മലങ്കരസഭയുടെ അത്യുന്നത സമിതിയാണ്. അതിൽ ജനാധിപത്യ സ്വഭാവമുള്ളതിനാൽ അഭിപ്രായങ്ങളും ചർച്ചകളും വോട്ടെടുപ്പും ഉണ്ടാകും. എന്നാൽ സുന്നഹദോസിനുള്ളിൽ നടക്കുന്ന കാര്യങ്ങൾ പുറത്തുപറയില്ല എന്നതാണ് പാരമ്പര്യം.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ കാലത്ത് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങളിൽ സഭയിലെ ജനങ്ങൾ അറിയേണ്ടത് ഔദ്യോഗികമായി അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് ആ പതിവ് ഇല്ലാതായി. എങ്കിലും സുന്നഹദോസിന്റെ നിശ്ചയങ്ങൾ ഔദ്യോഗിക വാർത്താകുറിപ്പിലൂടെയും, ചില കാര്യങ്ങളിൽ പ. പിതാവിന്റെ കല്പന മൂലവുമാണ് സഭയെ അറിയിച്ചു വരുന്നത്.

2007 ഡിസംബർ 6–നു നടന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിവാദ മെത്രാൻ വാഴ്ചയെപ്പറ്റി ചർച്ച ചെയ്തു. ഒറ്റ വാചകത്തിൽ അതിനെപ്പറ്റിയുള്ള സുന്നഹദോസ് തീരുമാനം ഔദ്യോഗികമായി മാധ്യമങ്ങൾക്കു നൽകുകയും ചെയ്തു. 'ദി ഹിന്ദു' ദിനപ്പത്രത്തിൽ പിറ്റേന്നു വന്നത് ഈ വിശദീകരണമാണ്. അതിനപ്പുറം ഒരു വിശദീകരണം സുന്നഹദോസ് നൽകിയില്ല. നൽകാൻ ആരെയും ചുമതലപ്പെടുത്തിയുമില്ല.

ഈ സാഹചര്യത്തിലാണ് കർത്താവില്ലാത്ത വിവാദ സർക്കുലർ ജന്മംകൊണ്ടത്. സുന്നഹദോസിന്റെയോ പ. പിതാവിന്റെയൊ അനുമതിയില്ലാതെ സൃഷ്ടിച്ച ഈ സർക്കുലർ പത്രങ്ങളിൽ എത്തുന്നതിനു മുമ്പുതന്നെ പലരുടെയും കൈകളിലെത്തുകയും ചർച്ചാ വിഷയമാവുകയും ചെയ്തിരുന്നു. മേല്പട്ടവാഴ്ചയെ എതിർത്ത തങ്ങളുടെ നിഷേധാത്മക നിലപാട് ശരിയാണെന്നു സഭാംഗങ്ങളുടെ മുമ്പിൽ സാധൂകരിക്കാനും വാഴ്ച നടത്തിയ സഹോദര മെത്രാപ്പോലീത്താമാരെ പൊതുജനമദ്ധ്യത്തിൽ അവഹേളനാപാത്രമാക്കാനും ഉദ്ദേശിച്ച് വെള്ളക്കടലാസിൽ പേരോ ഒപ്പോ ഇല്ലാതെ സൃഷ്ടിച്ചതാണ് ഈ രേഖ. വർക്കിംഗ് കമ്മറ്റിയിൽ സർക്കുലേറ്റ് ചെയ്യുവാനുള്ള കുറിപ്പ് എന്ന വ്യാജേനയാണ് ഈ രേഖ തിരഞ്ഞെടുത്ത ചില മാധ്യമ പ്രവർത്തകർക്ക് നൽകിയത്. ആരും ഉത്തരവാദിത്തമേൽക്കാനില്ലാത്തതിൽ നിന്നു തന്നെ ഇത് വ്യാജസൃഷ്ടിയാണെന്ന് തിരിച്ചറിഞ്ഞ പല ഉത്തരവാദിത്തമുള്ള പത്രങ്ങളും അവഗണിച്ചു. എന്നാൽ ഏറ്റവും സർക്കുലേഷനുള്ള രണ്ടു പത്രങ്ങൾ അത് നാലുകോളം വാർത്തയാക്കി ആഘോഷിച്ചു. പക്ഷേ, ഇതു പത്രങ്ങളിൽ വന്നതിന്റെ തൊട്ടുപിന്നാലെ അസോസിയേഷൻ സെക്രട്ടറി ഇതു നിഷേധിച്ചതോടെ പിന്നണിയിൽ പ്രവർത്തിച്ചവർ സൃഷ്ടിക്കാനുദ്ദേശിച്ച പുകമറ മാഞ്ഞു, അവഹേളിതരായി. ഇനി ഈ സർക്കുലറിന്റെ സ്രഷ്ടാക്കളെപ്പറ്റി സുന്നഹദോസ് അന്വേഷണം നടത്തി നടപടിയെടുത്താൽ അദ്ഭുതമില്ല.

സ്വന്തം മുഖം രക്ഷിക്കാനും സഹോദര മെത്രാപ്പോലീത്താമാരെ കരിവാരിത്തേക്കുവാനും ഉദ്ദേശിച്ച് സൃഷ്ടിച്ച ഈ സർക്കുലർ മലങ്കരസഭയെ വിഭജിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന രാഷ്ട്രീയ–മാധ്യമ ലോബി ശരിക്കും മുതലെടുത്തു. അതിന്റെ പരിണിതഫലമാണ് ഡിസംബർ 19–നു യാതൊരു പ്രകോപനവും കൂടാതെ ചില പത്രങ്ങളിൽ ഈ സർക്കുലറിനെ അടിസ്ഥാനമാക്കി വന്ന വാർത്തകൾ. ഡിസംബർ 6–നു നടന്ന സുന്നഹദോസിനെപ്പറ്റി ഡിസംബർ 19–നു പല പത്രങ്ങളിൽ ഒരുമിച്ച് ഒരേ തരത്തിൽ വാർത്ത വന്നതു തന്നെ ഇതിന്റെ പിന്നിലെ ഗൂഢാലോചന വെളിവാക്കുന്നു.

ഈ സർക്കുലറിനെ അടിസ്ഥാനമാക്കി വാർത്ത സൃഷ്ടിച്ച മാധ്യമങ്ങളും ഗുരുതരമായ ഒരു തെറ്റ് ചെയ്തിട്ടുണ്ട്. ഒരു സഭയെപ്പറ്റിയുള്ള വമ്പൻ വാർത്തയ്ക്ക് ആധികാരികതയോ പിതൃത്വമോ ഇല്ലാത്ത ഒരു രേഖ അവലംബമാക്കരുതായിരുന്നു. പ്രത്യേകിച്ചും വാർത്ത പ്രസിദ്ധീകരിച്ചത് ദേശീയ മാധ്യമങ്ങളായതിനാൽ കുറെക്കൂടി ഉത്തരവാദിത്വബോധം കാണിക്കണമായിരുന്നു.

## പി. ആർ. ഒ. ഇല്ലാതെ പി. ആർ. മീറ്റിംഗ്!

കോട്ടയം: ഡിസംബർ ആറിലെ സുന്നഹദോസ് വാർത്തകളിൽ മുങ്ങിപ്പോയ മറ്റൊരു വിചിത്രയോഗം ഡിസംബർ 6–നു ദേവലോകത്തു നടന്നു.

സഭയുടെ മാധ്യമ സമ്പർക്കം വർദ്ധിപ്പിക്കുവാനും പബ്ലിക്ക് റിലേഷൻസ് വളർത്തുവാനുമായി അന്ന് ഉച്ചകഴിഞ്ഞ് കോട്ടയത്തെ മാധ്യമ പ്രവർത്തകരുടെ ഒരു യോഗം ദേവലോകത്തു വിളിച്ചുകൂട്ടി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ യോഗത്തിൽ പങ്കെടുത്തു. സഭയ്ക്ക് ഔദ്യോഗിക വക്താവിനെ നിയമിക്കണമെന്ന് യോഗം ശുപാർശ ചെയ്തതായി പറയപ്പെടുന്നു.

എന്നാൽ ഇതിലെ രസകരമായ വസ്തുത, സഭയുടെ ഔദ്യോഗിക വക്താവായി മാനേജിംഗ് കമ്മറ്റിയുടെ അറിവോടെ പ. പിതാവ് നിയമിച്ച ഫാ. ഡോ. ഒ. തോമസ് ആ സമയത്ത് ദേവലോകത്തുണ്ടായിരുന്നു എന്നതാണ്! അദ്ദേഹത്തെ ഈ യോഗത്തെപ്പറ്റി അറിയിക്കുകയോ ക്ഷണിക്കുകയോ ചെയ്തില്ല. അദ്ദേഹത്തെ മാത്രമല്ല, സഭയുടെ ഔദ്യോഗിക വെബ്സൈറ്റ് കൈകാര്യം ചെയ്യുന്ന ഫാ. മാത്യു കോശി, മുമ്പ് മാധ്യമ വിഭാഗം കൈകാര്യം ചെയ്തിരുന്നവർ തുടങ്ങിയവരെയും ഈ യോഗത്തിനു ക്ഷണിച്ചിരുന്നില്ല! ഗംഭീര പി. ആർ.!!

## ബാവായുടെ ഓഫീസിന്റെ പങ്ക് അന്വേഷിക്കണം

കോട്ടയം: സമീപകാലത്തുണ്ടായ വ്യാജവാർത്താ വിവാദത്തിൽ പ. കാതോലിക്കാബാവായുടെ ഓഫീസിന്റെ പങ്ക് അന്വേഷിക്കണമെന്ന ആവശ്യം ശക്തമാകുന്നു. പ. പിതാവ് അറിയാതെ ആ ഓഫീസിലെ ചില വ്യക്തികൾ ഈ വിവാദത്തിനു പിന്നിൽ പ്രവർത്തിച്ചതായി ആരോപണം ഉയർന്ന സാഹചര്യത്തിലാണ് ഈ ആവശ്യം.

**അൽമായവേദി**
**വാർഷിക വരിസംഖ്യ:**
**100 രൂപ (ഇന്ത്യയിൽ)**

**വിലാസം: AKHILA MALANKARA ORTHODOX ALMAYA VEDI, Post Box No. 652, Kottayam PIN 686 001**

# ഐക്യകാഹളം മുഴക്കിയ മൂവാറ്റുപുഴ, പുതുപ്പള്ളി സമ്മേളനങ്ങൾ

മലങ്കരസഭയുടെ ചരിത്രത്തിന്റെ നാഴികക്കല്ലായി ഭവിക്കാവുന്ന രണ്ട് സമ്മേളനങ്ങൾ ഡിസംബർ മാസത്തിൽ നടന്നു. ഡിസംബർ നാലാം തീയതി മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയത്തിലും ഇരുപതാം തീയ്യതി പുതുപ്പള്ളി വലിയപള്ളിയിലും നടന്ന സഭാ ഐക്യസമ്മേളനങ്ങൾ സമാധാനകാംക്ഷികൾക്ക് അത്യന്തം പ്രത്യാശ നൽകിയ രണ്ട് സമ്മേളനങ്ങളായിരുന്നു. വിഭജിച്ചു പിരിയുക എന്ന ചിലരുടെ സ്വാർത്ഥ പ്രേരിതമായ അജൻഡയെ നിരാകരിയ്ക്കുന്ന സാധാരണ വിശ്വാസികളുടെ വികാരങ്ങൾ പ്രതിഫലിപ്പിക്കുന്നവയായിരുന്നു ഇരു സമ്മേളനങ്ങളും. കണ്ടനാട് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന ഇരു സമ്മേളനങ്ങളിലും പല പ്രമുഖരും പങ്കെടുത്തു.

എന്നാൽ മൂവാറ്റുപുഴ സമ്മേളനത്തിനു മുൻപായി വിഭജനവാദികളുടെ ഒരു സമ്മേളനം കോട്ടയം വൈ. എം. സി. എ. യിൽ കൂടുകയുണ്ടായി. കോട്ടയത്തെ ചില വൈദിക പ്രമുഖർ പിന്നണിയിൽ നിന്നു പ്രവർത്തിച്ചെങ്കിലും ഓർത്തഡോക്സ് സഭയിലെയോ യാക്കോബായ വിഭാഗത്തിലെയോ വൈദികരാരും തന്നെ ഈ യോഗത്തിൽ പങ്കെടുത്തില്ല. സൂത്രധാരന്മാരായ വൈദികരുടെ പിണിയാളുകളായി അറിയപ്പെടുന്ന ചില അൽമായക്കാരെ മുന്നണിയിൽ നിർത്തിക്കൊണ്ട് ശിഖണ്ഡികളെ മുന്നിൽ നിർത്തി പിന്നിൽ നിന്നും അമ്പെയ്യുന്ന അർജ്ജുനന്മാരായി അവർ വിരാജിച്ചു. ഇതൊക്കെയായിട്ടും വന്നുകൂടിയവരിൽ ബഹുഭൂരിപക്ഷവും വിഭജനം ക്രിസ്തീയമല്ലെന്നും യോജിപ്പാണ് അഭികാമ്യമെന്നും വ്യക്തമായി പ്രസ്താവിച്ചപ്പോൾ സൂത്രധാരന്മാരുടെ ലക്ഷ്യം നിറവേറപ്പെടാതെ പോയി. ശ്രദ്ധേയമായ ഒരു കാര്യം യാക്കോബായ വിഭാഗത്തിൽ നിന്നും ആ യോഗത്തിൽ പങ്കെടുത്തവരെല്ലാം തങ്ങളുടെ വിഭാഗത്തിന്റെ നിലപാടായ വിഭജനത്തിനുവേണ്ടി നിലകൊണ്ടപ്പോൾ സൂത്രധാരന്മാരുടെ പിണിയാളുകളായി വന്ന ഓർത്തഡോക്സ് സഭാംഗങ്ങൾ തങ്ങളുടെ സഭയുടെ ഔദ്യോഗിക നിലപാടിന് വിരുദ്ധമായി വിഭജനത്തിനുവേണ്ടി സംസാരിക്കുന്നതു കാണാമായിരുന്നു. അദ്ധ്യക്ഷനായി കൊണ്ടുവന്ന കത്തോലിക്കാസഭാംഗവും മലങ്കരസഭയെ പിളർത്തി ദുർബലപ്പെടുത്തുക എന്ന തന്റെ സഭയുടെ താല്പര്യം സംരക്ഷിക്കുവാനുതകുന്ന രീതിയിലൂടെ വിഭജനത്തെ അനുകൂലിച്ചപ്പോൾ കോടാലികൈകളാകുവാൻ മടിയില്ലാത്ത ചില ഓർത്തഡോക്സ് സഭാംഗങ്ങളുടെ ചെമ്പ് അർത്ഥശങ്കയില്ലാതെവണ്ണം തെളിഞ്ഞു കണ്ടു. മലങ്കരമാതാവേ! അവിടത്തെ പുത്രന്മാരിൽ ഇങ്ങനെ യൂദാസുമാർ പിറക്കുന്നത് ആരുടെ പാപഫലമാണ്?

മൂവാറ്റുപുഴ യോഗത്തിന്റെ മോഡറേറ്ററായി വർത്തിച്ചത് ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ ഗാന്ധിയൻ പഠന വിഭാഗത്തിന്റെ തലവനും മാനേജിംഗ് കമ്മറ്റി മെമ്പറുമായ ഡോ. എം. പി. മത്തായിയാണ്. വൈദികട്രസ്റ്റി, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, വർക്കിംഗ് കമ്മറ്റി മെമ്പർ ഫാ. ഏലിയാസ് ചെറുകാട്, യാക്കോബായ വിഭാഗത്തിലെ ഫാ. സി. സി. ചെറിയാൻ മുതലായി അമ്പതിലേറെ വൈദികരും രണ്ടുഭാഗത്തുമുള്ള അനേക അൽമായക്കാരും പങ്കെടുത്ത യോഗത്തിൽ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണം നടത്തി. വിഭജനം എന്നത് അസാദ്ധ്യമാണെന്നും യഥാർത്ഥ ക്രിസ്തീയ സാക്ഷ്യത്തിന് വിരുദ്ധമാണെന്നും തിരുമേനി കാര്യകാരണസഹിതം വിശദീകരിച്ചു. കുടുംബപരവും അല്ലാത്തതുമായ പല ബന്ധങ്ങളുമുള്ള ജനങ്ങൾ പരസ്പരം ഏറ്റുമുട്ടാനുള്ള കാരണമായി സഭാവഴക്കുകൾ പരിണമിക്കുന്നുണ്ടെന്നും അത് തികച്ചും നിർഭാഗ്യകരമാണെന്നും അദ്ദേഹം വിശദീകരിച്ചു. ഓരേ കുടുംബത്തിലെ സഹോദരീ സഹോദരന്മാർ വിശ്വാസപരമല്ലാത്ത ഈ സഭാവഴക്കിൽ ചേരിതിരിഞ്ഞ് അനേക വർഷങ്ങളായി ശത്രുക്കളെപ്പോലെ പെരുമാറേണ്ടിവരുന്നത് ക്രിസ്തീയ സാക്ഷ്യത്തിനു തന്നെ കളങ്കംവരുത്തുന്ന ഒന്നാണ്. ഇരുഭാഗത്തും നിൽക്കുന്നവർക്ക് വിവാഹബന്ധങ്ങളിലൂടെയും മറ്റും യോജിക്കാമെങ്കിൽ എന്തുകൊണ്ട് യോജിച്ച് ഒരു സഭയായി നിലകൊണ്ടു കൂടാ എന്ന ചോദ്യം അദ്ദേഹം സദസ്സിനു മുന്നിൽ അവതരിപ്പിച്ചു.

യാക്കോബായ വിഭാഗത്തിൽ ഇപ്പോൾ നിലയുറപ്പിച്ചിട്ടുള്ളവരുൾപ്പെടെ അനേകം വൈദികരും അൽമായക്കാരും തുടർന്ന് ഈ കാഴ്ചപ്പാടുകളോട് യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. ഈ യോഗത്തിൽ പ്രകടിപ്പിക്കപ്പെട്ട ആഗ്രഹപ്രകാരം സമാനമായ യോഗം പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് (പുതുപ്പള്ളി വലിയ പള്ളി) നടത്തപ്പെട്ടു.

ഈ യോഗത്തിൽ പ്രധാന ദൂത് നൽകിയത് അഭി: തോമസ് മാർ അത്താനാസ്യോസ് (കണ്ടനാട്) മെത്രാപ്പോലീത്തായാണ്. നാഗ്പൂർ സെമിനാരി പ്രൊഫസർ ഫാ. ബിജേഷ് ഫിലിപ്പ്, പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ജോൺ ചിറത്തലാട്ട്, ഫാ. നൈനാൻ കുര്യാക്കോസ്, അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്ത്, ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, എഡിറ്റർ ഫിലിപ്പോസ് പൊട്ടക്കാവയലിൽ, എം. കുര്യൻ തോമസ്, പ്രീത് ചന്ദനപ്പള്ളി മുതലായവർ പ്രസംഗിച്ചു.

ബാഹ്യകേരളത്തിൽ, പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ എല്ലാ സഭാ വിഭാഗങ്ങളും യോജിച്ച് പ്രവർത്തിക്കുന്നതും ഓർത്തഡോക്സ്- യാക്കോബായ വ്യത്യാസമില്ലാതെ മലങ്കര സഭാംഗങ്ങൾ സഹകരിച്ച് പ്രവർത്തിയ്ക്കുന്നതുമെല്ലാം ഫാ. ബിജേഷ് ഫിലിപ്പ് വിശദമായി പ്രതിപാദിച്ചു. പുതുപ്പള്ളിയിലൂടെ കടന്നുപോകുമ്പോൾ, മാതൃദേവാലയത്തിൽ നിന്നും വേർപിരിഞ്ഞ് ഒരു വിഭാഗമാളുകൾക്ക് മറ്റൊരു പള്ളി വയ്ക്കേണ്ട സാഹചര്യമുണ്ടായത് അന്നുമിന്നും തനിക്ക് ഹൃദയവേദനയുണ്ടാക്കുന്ന കാര്യമാണ്. ഒരുമതിൽക്കെട്ടിനപ്പുറത്തുമിപ്പുറത്തും ഒരേ വിശ്വാസക്കാരുടെ പള്ളികളുയരുന്നത് ഇതരമതസ്ഥർക്ക് നമ്മൾ നൽകുന്ന തെറ്റായ സന്ദേശമായിരിക്കുമെന്ന് ഫാ. ബിജേഷ് വ്യക്തമാക്കി.

പഴയ ബാവാ കക്ഷി- മെത്രാൻ കക്ഷി വഴക്ക് സമാധാനപരമായ 64 ന് മുമ്പ് ബാവാ കക്ഷിയിലും ഏഴുപതുകളിൽ ചേരിതിരിവാരംഭിച്ചപ്പോൾ മറുഭാഗത്തും നിലയുറപ്പിച്ചിരുന്ന തന്റെ അനുഭവങ്ങൾ ഫാ. ജോൺ ചിറത്തലാട്ട് ഹൃദയസ്പൃക്കായി വർണ്ണിച്ചു. തന്റെ കുടുംബത്തിലെ ഒരു വിഭാഗം മറുഭാഗത്തു നിൽക്കുന്നതിന്റെ വേദന ഇന്നും താനും അവരും അനുഭവിക്കുന്നുണ്ടെന്നും ഇതെല്ലാമവസാനിച്ച് ഒന്നായി ദൈവത്തെയാരാധിക്കുവാൻ സാധിക്കണമെന്ന ആഗ്രഹം വികാരവിവശനായി അദ്ദേഹം പ്രസ്താവിച്ചു.

ഈ ആശയത്തിന് വ്യാപകമായി പ്രചരണം നൽകുവാൻ തോമസ് ചാണ്ടി ആഹ്വാനം ചെയ്തു. പ്രചരണകോലാഹലങ്ങളല്ല, ഇതുപോലെയുള്ള ചെറുയോഗങ്ങൾ വഴിയാണ് സന്ദേശം സഭാംഗങ്ങളിലെത്തിക്കേണ്ടതെന്ന് ഫീലിപ്പോസ് പൊട്ടക്കാവയലിൽ പ്രസ്താവിച്ചു. ശക്തമായി രണ്ട് ചേരിയായി നിന്ന കൽദായസഭയിൽ സമീപകാലത്തുണ്ടായ യോജിപ്പിൽ നിന്ന് നമ്മളും പാഠങ്ങളുൾക്കൊള്ളണമെന്ന് എം. കുര്യൻ തോമസ് പ്രസ്താവിച്ചു.

കോട്ടയത്തും സമീപപ്രദേശങ്ങളിലും കൂടുതൽ സമാനമായ യോഗങ്ങൾ നടത്തണമെന്ന് തീരുമാനിച്ചു. പത്തനംതിട്ട ജില്ലയിൽ ഒരു യോഗം നടത്തുന്നതാണെന്ന് പ്രിത്ചന്ദനപ്പള്ളിയും സഹപ്രവർത്തകരും അറിയിച്ചു. പള്ളം, വാകത്താനം തുടങ്ങിയ സ്ഥലങ്ങളിലും ഇത്തരം യോഗങ്ങൾ നടത്തുമെന്ന് അതാത് പ്രദേശങ്ങളിലെ ജനങ്ങൾ പ്രസ്താവിച്ചു. സമാധാനമാഗ്രഹിയ്ക്കുന്നവരുടെ കൂട്ടായ്മകൾ ശക്തിപ്പെടുന്നതായിരുന്നു ഈ യോഗങ്ങളുടെ കാതലായ സന്ദേശം.

## പ. പിതാവിന്റെ അവസരം നിഷേധിച്ചതിൽ അമർഷം പുകയുന്നു

പത്തനാപുരം: അനാവശ്യ തടസവാദങ്ങൾ ഉയർത്തി സുറിയാനി മെത്രാന്റെ മേല്പട്ട വാഴ്ച താമസിപ്പിക്കുക വഴി, പ. ദിദിമോസ് പ്രഥമൻ ബാവായ്ക്ക് മുഖ്യകാർമികത്വം വഹിയ്ക്കാനുള്ള അവസരം ഇല്ലാതാക്കിയതിൽ അമർഷം കത്തിപ്പടരുന്നു. വ്യക്തിപരമായ രഹസ്യ അജണ്ട നടപ്പാക്കാൻ സുന്നഹദോസ് തീരുമാനങ്ങൾ അട്ടിമറിയ്ക്കുകയും, പ. പിതാവിന്റെ വിശാല മനസ്കതയെ ചൂഷണം ചെയ്യുകയും ചെയ്യുന്ന മെത്രാന്മാർക്കെതിരെ ഉടനൊരു പൊട്ടിത്തെറി ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. പ. പിതാവിനെ സഹായിക്കാനുള്ള സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മറ്റി വിളിച്ചു കൂട്ടാതെ, തന്നിഷ്ടം പോലെ കേസു നടത്തുകയും തീരുമാനമെടുക്കുകയും ചെയ്യുന്ന ഒരു മെത്രാപ്പോലീത്തായുടെ നേരെയാണ് അമർഷം മുഴുവനും.

# നിർദ്ദിഷ്ട കോട്ടയം ഫ്ളൈ ഓവർ മാർ ഏലിയാ കത്തീഡ്രലിനു മരണമണി

കോട്ടയം: സർവേ പൂർത്തിയാകുന്ന മണിപ്പുഴ മുതൽ നാഗമ്പടം വരെയുള്ള ഫ്ളൈ ഓവർ യാഥാർത്ഥ്യമാകുന്ന പക്ഷം പൗരസ്ത്യ കാതോലിക്കായുടെ സിംഹാസന ദേവാലയമായ കോട്ടയം മാർ ഏലിയാ കത്തീഡ്രൽ ഇല്ലാതാവും. അതോടൊപ്പം ചരിത്രപ്രസിദ്ധമായ എം. ഡി. സെമിനാരിത്തോപ്പ്, ബസേലിയോസ് കോളജ്, എം. ഡി. സെമിനാരി ഹയർ സെക്കണ്ടറി സ്കൂൾ, എം. ഡി. കൊമേഴ്സ്യൽ കോംപ്ലക്സ്, നിർദ്ദിഷ്ട ബസേലിയോസ് കോംപ്ലക്സ് എന്നിവയും മണ്ണടിയും.

തൂണുകളിൽ ഉയർന്നു നിൽക്കുന്ന നിർദ്ദിഷ്ട പാതയിൽ ഇരേക്കടവു മുതൽ ശാസ്ത്രി റോഡു വരെയുള്ള ഭാഗം തുരങ്കമാണ്. ഈ തുരങ്കം കടന്നുപോകുന്നത് ഏലിയാ കത്തീഡ്രലിന് അടിയിൽ കൂടെയാണ്. തുരങ്കനിർമ്മിതി തൽക്കാലം പ്രശ്നങ്ങളുണ്ടാക്കില്ലെങ്കിലും ഭാവി നിർമ്മാണപ്രവർത്തനങ്ങൾ അസാദ്ധ്യമാകുമെന്നു തന്നെയുമല്ല, ഈ തുരങ്കത്തിലുണ്ടാകുന്ന ഏതപകടവും നിലവിലുള്ള കെട്ടിടങ്ങളെ അപകടത്തിലാക്കുമെന്നും വിദഗ്ദർ ചൂണ്ടിക്കാട്ടുന്നു. മറ്റു ചില മത–വാണിജ്യ സ്ഥാപനങ്ങളെ സഹായിക്കാനായി വഴി വളച്ചുതിരിച്ചാണ് ഏലിയാ കത്തീഡ്രലിന്റെ കീഴിലൂടെ തുരങ്കം നിർമ്മിക്കുന്നതെന്ന് കേരള കൗമുദി പ്രസിദ്ധീകരിച്ച ചിത്രം വെളിവാക്കുന്നു. സ്വന്തം തല പോകുന്ന വിഷയമായിട്ടും സഭാകേന്ദ്രം മാസങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ച ഈ വിവരം അറിഞ്ഞിട്ടില്ലത്രേ!

മുഖലേഖനം

## ഒരു യുഗസംക്രമ മുഹൂർത്തവും ചില ശകുനം മുടക്കികളും

**ക്രൈ**സ്തവലോകത്തിന്റെ ചരിത്രത്തിലെ തന്നെ ഒരു യുഗസംക്രമ സംഭവമായി നവംബർ 21-ാം തീയതി തൃശൂർ ഗത്സമൻ അരമനചാപ്പലിൽ നടന്ന മെത്രാൻ വാഴിക്കലിനെ കണക്കാക്കാം. മലങ്കരസഭ ഒന്നാകെ ആഘോഷമായി പൗരസ്ത്യ കാതോലിക്കായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തേണ്ടിയിരുന്ന ആ മഹാ അഭിഷേകം അതീവ ലളിതവും രഹസ്യവുമായും നടത്തേണ്ടിവന്നത് എക്കാലത്തും ഈ സഭയുടെ ശാപമായ ചില സങ്കുചിത മനസ്ഥിതിക്കാരുടെ ശകുനം മുടക്കി മനോഭാവമാണ്. ചരിത്രത്തിന്റെ ഗതിയെ സ്വാധീനിച്ചിട്ടുള്ള പല മഹാസംഭവങ്ങളും അതിലളിതമായ നിലയിലാണ് നടന്നത് എന്നത് എൽദോ നോമ്പിന്റെ കാലത്ത് ഓർക്കുമ്പോൾ ഇതിങ്ങനെയെല്ലാം വേണമെന്ന് ദൈവനിയോഗമുണ്ടായിരുന്നെന്നും ചിന്തിക്കാം.

ക്രിസ്തുവിൽ ബർബ്ബരനും ജ്ഞാനിയും യവനനും യഹൂദനുമെല്ലാം ഒരുപോലെയാണെന്ന് പൗലൂസ് ശ്ലീഹാ പഠിപ്പിച്ചിട്ടുണ്ടെങ്കിലും ചുരുങ്ങിയപക്ഷം പട്ടത്വത്തിന്റെ കാര്യത്തിലെങ്കിലും ഇന്നും ക്രൈസ്തവലോകം അതുൾക്കൊള്ളുവാൻ മടി കാണിക്കുന്നുണ്ട്. കറുത്തവനിൽ വെളുത്തവന് റൂഹായെ ഇറക്കിക്കൊടുക്കുവാൻ സാധിക്കുമെങ്കിലും മറിച്ചായാൽ എന്തോ കുഴപ്പമുണ്ട് എന്നൊരു അലിഖിത മിഥ്യാധാരണ ഇന്നും പല കേന്ദ്രങ്ങളിലും നിലനിൽക്കുന്നു. അന്തോഖ്യാ- മലങ്കര ബന്ധങ്ങളിൽ ഇരു മജലിസുകൾക്കും തുല്ല്യതയുണ്ടായിരിക്കുമെന്ന് മുളന്തുരുത്തി സുന്നഹദോസ് കാനോനായിലുണ്ടെങ്കിലും അന്ത്യോഖ്യാക്കുവേണ്ടി ഉറഞ്ഞുതുള്ളുന്ന വിഭാഗക്കാരെപ്പോലും വിറകുവെട്ടാനും വെള്ളംകോരാനുമല്ലാതെ കാര്യമായ സംഗതികളിൽ അന്തോഖ്യാ അകറ്റിനിർത്തുന്നത് വർണ്ണവിവേചനമല്ലെങ്കിൽ പിന്നെന്താണ്? അന്ത്യോഖ്യാ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുവാൻ ചേരുന്ന സുന്നഹദോസിൽ ഇവിടുത്തെ അന്ത്യോഖ്യാ ഭക്തന്മാരായ മെത്രാന്മാർക്ക് അന്നും ഇന്നും എന്നും പര്യമ്പുറത്തു തന്നെയാണല്ലോ സ്ഥാനം.

ഇത്രയുമില്ലെങ്കിലും മറ്റ് പല രീതിയിലും വംശീയവും അല്ലാത്തതുമായ വിവേചനങ്ങൾക്കിരയായവരും കറവപ്പശുക്കളേക്കാൾ മോശമായ ചൂഷണത്തിനിരയായവരുമായ പ്രവാസികളായ സിറിയൻ ഓർത്തഡോക്സുകാർ (ഇവിടെ യാക്കോബായക്കാർ എന്ന് സ്വയം വിശേഷിപ്പിക്കുന്ന പലർക്കും അവരുടെ ഹെഡ്ഡാപ്പീസിന്റെ പേര് സിറിയൻ ഓർത്തഡോക്സ് എന്നാണെന്ന് അറിയില്ല, അവരുടെ നേതൃത്വം അറിയിക്കയുമില്ല), ഡമാസ്ക്കസുമായുള്ള ബന്ധം വിച്ഛേദിക്കുന്നത് ആദ്യമായിട്ടല്ല. ഇപ്പോൾ നടന്നത് അവസാനത്തേതുമാകാനിടയില്ല. ഇതുവരെ വെളിപ്പെട്ടതെല്ലാം ഹിമമലയുടെ മുകളറ്റമായിരിക്കുവാനാണ് കൂടുതൽ സാധ്യത. ഇതിനു മുമ്പ് ബന്ധം വിച്ഛേദിച്ച ഒട്ടുമുക്കാൽ ജനപഥങ്ങളും കത്തോലിക്കാസഭയുടെ അജമോഷണത്തിനിരയായി റീത്തുകളായി രൂപാന്തരപ്പെടുകയായിരുന്നു. സ്തുതിചൊവ്വാക്കപ്പെട്ട വിശ്വാസം (അതായത് ഓർത്തഡോക്സ് വിശ്വാസം) നിലനിർത്തുവാൻ പ്രതിജ്ഞാബദ്ധമായ ജർമ്മനിയിലെ അജഗണങ്ങൾ ശരിയായ കൈവെയ്പിനുവേണ്ടി മലങ്കരസഭയുമായി ബന്ധപ്പെട്ടത് സ്വാഭാവികം മാത്രം.

ഇത്തരം വൈതരണികളിൽ പൗരോഹിത്യത്തിന്റെ അഭംഗുരമായ കൈവെയ്പിനായി സമീപിക്കുന്നവരുടെ മേൽ കൊളോണിയൽ അധികാരങ്ങൾ സ്ഥാപിച്ചെടുക്കുവാനും ഭൗതിക നേട്ടങ്ങൾ നേടിയെടുക്കുവാനുമാണ് പല സഭകളും - പ്രത്യേകിച്ച് സിറിയൻ ഓർത്തഡോക്സ്കാർ - ഉപയോഗപ്പെടുത്തിയിട്ടുള്ളത്. സൗജന്യമായി ലഭിച്ചതിനെ സൗജന്യമായി നൽകണമെന്ന ക്രിസ്തീയതത്വം ആത്മീയ അടിമകളെ സൃഷ്ടിക്കുവാനുള്ള വ്യഗ്രതയിൽ സിറിയൻ ഓർത്തഡോക്സ് സഭയെപ്പോലെ തള്ളിക്കളഞ്ഞിട്ടുള്ള സഭ മറ്റൊന്നുണ്ടാകാനിടയില്ല. മലങ്കരയുടെ പൈതൃകം മറ്റൊന്നായിരുന്നു. മലങ്കരസഭയിൽ നിന്നു മാത്രമല്ല, തിരുവിതാംകൂർ - കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിൽ നിന്നു തന്നെ പുറത്താക്കപ്പെട്ടിട്ടുപോലും മൂന്നു മലങ്കര മെത്രാപ്പോലീത്താമാർക്ക് കൈവെയ്പു നല്കിയശേഷം പഴയതുപോലെ തന്നെ ആഞ്ഞൂരിലെ തന്റെ ആസ്ഥാനത്തേക്കു മടങ്ങിയ കിടങ്ങൻ മാർ പീലക്സിനോസിനെപ്പോലെയുള്ളവരുടേതാണ് മലങ്കരയുടെ പാരമ്പര്യം. വിശ്വാസപരമായും കൗദാശികമായും സാധർമ്മ്യമുള്ള ജനപഥം- ലോകത്തെവിടെയുള്ളവരായാലും- ആവശ്യപ്പെട്ടാൽ ഉപാധികളൊന്നും കൂടാതെ, ഭൗതികമോ ആത്മീകമോ ആയ പ്രതിഫലം കൈപ്പറ്റാതെ, കൈവെയ്പു നൽകേണ്ടത് ക്രിസ്തീയ ധർമ്മമാണ്. കഴിയുന്നത്രവേഗം തങ്ങളുടെ മാതൃസഭയുമായി സമരസപ്പെടുവാനുള്ള ഉപദേശത്തോടെ അതു സാധ്യമാകുന്ന കാലംവരെ ഇടയനില്ലാത്തയാട്ടിൻകൂട്ടം പോലെ വിശ്വാസികൾ ചിതറിപ്പോകാതിരിക്കുവാനുള്ള നടപടി എന്ന നിലയിൽ കൈവെയ്പു നൽകുന്നത് ക്രിസ്തീയ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും തിളങ്ങുന്ന സാക്ഷ്യമാണ്.

പത്തൊൻപതാം നൂറ്റാണ്ടിൽ പാദ്രേ അൽവാരീസ് എന്ന പോർച്ചുഗീസ് പൗരനേയും റെനി വിലാത്തി എന്ന പോളിഷ് വംശജനെയും മലങ്കരസഭയിലെ മേൽപ്പട്ടക്കാരുടെ കാർമ്മികത്വത്തിൽ മെത്രാഭിഷേകം നടത്തിയശേഷം മലയാളിയല്ലാത്ത ഒരു മേൽപ്പട്ടക്കാരനെ മലങ്കരയിലെ മേൽപ്പട്ടക്കാർ വാഴിക്കുന്നത് ആദ്യമായിട്ടാണ്. അത് പട്ടത്വത്തിന്റെ ഹോൾസെയിൽ ആൻഡ് റീട്ടെയിൽ കുത്തകാവകാശമുള്ളവരെന്ന് ചിലരെങ്കിലും ധരിച്ചുവശായിരിക്കുന്ന സിറിയൻസഭയിലെ പട്ടക്കാരനാണെന്നതിൽ ഒരു കാവ്യനീതിയുമുണ്ട്. അങ്ങിനെയുള്ള, അക്ഷരാർത്ഥത്തിൽ തന്നെ നൂറ്റാണ്ടുകളിലൊരിക്കൽ നടക്കാവുന്ന ഒരു സംഭവം മലങ്കരയിലെ തന്നെ ചില സൃഗാല ബുദ്ധികൾ ചേർന്ന് തടയാൻ ശ്രമിച്ചത് സഭയ്ക്ക് അത്യന്തം അപമാനകരമാണ്. ഇത്തരം ചരിത്ര മുഹൂർത്തങ്ങളെ വികലമാക്കിക്കൊണ്ട് തങ്ങളുടെ വിലകുറഞ്ഞ ഈഗോയും അതിലും വിലകുറഞ്ഞ കുടിപ്പകകളും തീർക്കാൻ ശ്രമിച്ചവർ എത്ര അത്യുന്നത പൗരോഹിത്യ സ്ഥാനികളായാലും അവരെ തിരിച്ചറിഞ്ഞ് വില കൽപ്പിക്കുവാൻ ജനം മുന്നോട്ടു വരികതന്നെ ചെയ്യും.

അന്ത്യോഖ്യന്മാർ നൂറ്റാണ്ടുകളായി നമുക്കെതിരെ പ്രയോഗിച്ച പാര അതേ നാണയത്തിൽ തിരിച്ചു നൽകിയതിൽ ആഹ്ലാദിക്കുന്നവർ കുറവല്ല. തലമുറകളായി ഇന്നും തീരാത്ത വ്യവഹാരങ്ങളുടെ കൈപ്പുനീർ കുടിക്കുന്നവർ അങ്ങിനെ ചിന്തിക്കുന്നതിൽ തെറ്റുപറയാനുമില്ല. എന്നാൽ പരസ്പരം ഗോളടിച്ചു രസിക്കുന്ന വിനോദമായി അതിപാവനമായ ഈ കൂദാശയെ കാണുന്നത് ശരിയല്ല. സൗജന്യമായി ലഭിച്ച നൽവരമായ പട്ടത്വം, വിശ്വാസഐക്യമുള്ള സഭകൾ തമ്മിൽ സൗജന്യമായി കൊടുക്കപ്പെടേണ്ടതാണ്. എന്നാൽ അതിലൂടെ അധികാരം പിടിച്ചെടുക്കുവാനും ഭൗതികനേട്ടങ്ങൾ ഉണ്ടാക്കുവാനും ശ്രമിച്ചാൽ അത് അക്രൈസ്തവവും അതിനാൽ തന്നെ എതിർക്കപ്പെടേണ്ടതുമാണ്. സാർവ്വദേശീയ ക്രൈസ്തവ സമൂഹത്തിനു മുൻപിൽ അത്യുദാത്തമായ ഒരു മാതൃക കാഴ്ചവയ്ക്കുവാൻ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സാധിച്ചു എന്നത് ഓരോ സഭാംഗത്തിനും അഭിമാനകരമാണ്. അനേകം പ്രതിസന്ധികൾക്കും വഴിമുട്ടലുകൾക്കും മദ്ധ്യേ നിന്ന് പൊരുതി മലങ്കരസഭയുടെ കിരീടത്തിൽ ഒരു പൊൻതൂവൽ ചാർത്തിയ അഭിവന്ദ്യരായ ഡോ. തോമസ് മാർ അത്താനാസ്യോസ്, ഡോ. യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാപ്പോലീത്തന്മാരെയും അവർക്ക് കൈത്താങ്ങും ധാർമ്മിക പിന്തുണയും നൽകിയ എല്ലാ സഭാസ്നേഹികളെയും ഹാർദ്ദവമായി അഭിനന്ദിക്കട്ടെ.

ഇനിയും ശകുനം മുടക്കികളെപ്പറ്റി. ചിലർ ഉന്നതസ്ഥാനങ്ങളിലെത്തുമ്പോൾ ആ സ്ഥാനത്തിന് ശോഭ നൽകുന്നു. മറ്റു ചിലർ സ്ഥാനങ്ങളാൽ പ്രശോഭിതരാകുന്നു. വേറെ ചിലരോ, തങ്ങളെത്തുന്ന സ്ഥാനത്തിന് മങ്ങലേൽപ്പിക്കുന്നു. ഇതിൽ മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ട ചില ഉന്നതസ്ഥാനികൾ നടത്തിയ ലജ്ജാകരമായ നടപടികൾ ജനം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. പരിപാവനമായ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് യോഗനടപടികളുടെ മിനിട്ട്സിൽ കൃത്രിമത്വം കാണിക്കുക മുതലായ മൂന്നാംകിട രാഷ്ട്രീയക്കാരൻ പോലും മടിക്കുന്ന തരികിടകൾ കാണിക്കുന്നവർ തങ്ങളുടെ സ്ഥാനത്തിന് അപമാനമുണ്ടാക്കുന്നവരാണ്. മാധ്യമങ്ങളിലൂടെ വ്യാജവാർത്തകൾ സൃഷ്ടിച്ച് സായൂജ്യമടയുന്നവരെപ്പറ്റിയുള്ള യാഥാർത്ഥ്യങ്ങൾ പുറത്തുവന്നാൽ അവരും സഭയും ഒരുപോലെ സമൂഹമദ്ധ്യേ അവഹേളിതരാകുമെന്ന് മനസ്സിലാക്കുന്നത് നന്നായിരിക്കും. 95- ലെ സുപ്രീംകോടതി വിധിക്ക് ശേഷമുണ്ടായ സഭയ്ക്കനുകൂലമായ സംഭവങ്ങൾ ഇവരിൽ ചിലരുടെ കുടിലത മൂലം അനേകകാതം പിന്നോട്ടുപോയത് വർത്തമാനകാല ചരിത്രമാണ്. താൻ പിടിച്ച മുയലിന് മൂന്നു കൊമ്പ് എന്ന് സ്ഥാപിക്കുവാനുള്ള വ്യഗ്രതയിൽ ഇവർ സഭയ്ക്ക് വരുത്തുന്ന നാശങ്ങൾ ചില്ലറയല്ല. പുനരൈക്യപ്പെടുവാൻ മുന്നോട്ടുവന്ന ജനങ്ങളെ ആട്ടിപ്പായിക്കുകയും ഇപ്പോൾ വിഭജനത്തിനായി ഒളിഞ്ഞും മറിഞ്ഞും പ്രവർത്തിക്കുകയും ചെയ്യുന്നവർ ആരുടെ താല്പര്യങ്ങളാണ് സംരക്ഷിക്കുന്നത്? ആങ്ങള ചത്തിട്ടാണെങ്കിലും നാത്തൂൻ കരയുന്നതു കാണണമെന്ന് വാശിപിടിക്കുന്നത് നിരക്ഷരരും ബുദ്ധിശൂന്യരുമായ പെണ്ണുങ്ങൾ മാത്രമല്ല, ഉന്നത വേദശാസ്ത്ര ബിരുദമുള്ളവരും ഭാവി വൈദികരെ പഠിപ്പിക്കുന്നവരുമായ ചില മേല്പട്ടക്കാർ കൂടിയാണ് എന്നത് മലങ്കരസഭയിലെ അടിയൊഴുക്കുകൾ പഠിക്കുന്നവർക്ക് പുതിയ പാഠമല്ല. വടക്കരെ വെടക്കാക്കുന്നത് തെക്കർക്ക് ഹരമെന്ന് ചിന്തിക്കുന്നവർ മൂഢ സ്വർഗ്ഗത്തിലാണ്. വടക്കുള്ള സഭാഗാത്രത്തിന്റെ വേദന പങ്കിടുവാനും മുറിവുകളിൽ എണ്ണപുരട്ടുവാനും തയ്യാറുള്ള നല്ല സമരിയാക്കാരുടെ എണ്ണം തെക്കും വർദ്ധിച്ചുകൊണ്ടു തന്നെയാണിരിക്കുന്നത്- അൽമായക്കാർ മാത്രമല്ല, പട്ടക്കാരും, മേല്പട്ടക്കാരും ഇതിലുൾപ്പെടുന്നു.

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽത്തന്നെ കൃത്രിമങ്ങളും വേലവയ്പുകളുമുണ്ടാകുന്നത് നിർഭാഗ്യകരമാണ്. ഉപ്പിന് കാരം നഷ്ടപ്പെട്ടാൽ..... അതുണ്ടാകാതിരിക്കുവാൻ ജനം ഒന്നായി പ്രാർത്ഥിക്കാം.

## മെത്രാന്മാരുടെ ഏക നായകത്വം

### ക്യാപ്റ്റൻ കോശി മത്തായി (വൈസ് പ്രസിഡണ്ട്, അൽമായവേദി)

മുളന്തുരുത്തി സുന്നഹദോസിനു മുൻപുമുതലേ മലങ്കരയിൽ നിലനിന്നിരുന്ന ഒരു പ്രശ്നമാണ് മെത്രാന്മാരുടെ ഏകനായകത്വവും അതിനോടുള്ള ജനങ്ങളുടെ ചെറുത്തുനിൽപ്പും. മെത്രാന്മാരുടെ ഏകനായകത്വത്തിനെതിരായുള്ള ഒരു ബദൽ ശക്തി എന്ന നിലയിലാണ് മലങ്കര പള്ളി പ്രതിപുരുഷയോഗത്തെയും അതിന്റെ പ്രവർത്തകസമിതിയായ കമ്മറ്റിയെയും പ്രസ്തുത സുന്നഹദോസ് വിവക്ഷിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസിന് സ്വന്തമായ പല ഹിഡൻ അജൻഡകളുമുണ്ടായിരുന്നെങ്കിലും മലങ്കര മെത്രാപ്പോലീത്തായുടെ ഏകാധിപത്യത്തിലേക്ക് വഴുതിവീഴുന്നതിൽ നിന്നും മലങ്കരസഭയെ രക്ഷിച്ചതും ഇന്നത്തെ അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി എന്നിവയുടെ പ്രാഗ്രൂപങ്ങൾ ഉളവായതും ചരിത്രത്തിലെ നാഴികക്കല്ലുകളാണ്.

പൗരോഹിത്യ ഏകാധിപത്യ പ്രവണതകളുടെ അടിവേരുകൾ ഉദയംപേരൂർ സുന്നഹദോസ് മുതൽ (1599) കൂനൻകുരിശുസത്യം (1653) വരെയുള്ള 54 വർഷത്തെ റോമൻ കത്തോലിക്കാ സഭയുടെ അധിനിവേശകാലഘട്ടത്തിലാണ്. അതിനു മുമ്പ് വിശ്വാസപരമായും പട്ടത്വത്തെ സംബന്ധിക്കുന്നതുമായ തീരുമാനങ്ങൾ വരെ ജനങ്ങൾക്ക് ഭാഗഭാഗിത്വവും വൻ ഭൂരിപക്ഷവുമുണ്ടായിരുന്ന പള്ളിപ്രതിപുരുഷ യോഗങ്ങളിലായിരുന്നു എടുത്തിരുന്നത്. മലങ്കരസഭയുടെ ആദ്യത്തെ 16 നൂറ്റാണ്ടുകളിലെ സ്ഥിതി ഇതായിരുന്നു. അൽമായക്കാർ സുന്നഹദോസിൽ സംബന്ധിച്ചാൽ ആ കാരണം കൊണ്ടു തന്നെ ആ സുന്നഹദോസ് അസാധുവാകുമെന്ന കാനോൻ നിയമത്തെ അവഗണിച്ച് ഉദയംപേരൂരിൽ പള്ളി പ്രതിപുരുഷന്മാരായ അൽമായക്കാരെ സംബന്ധിപ്പിക്കുവാൻ റോമൻ കത്തോലിക്കാ നേതൃത്വം നിർബന്ധിതരായതും 16 നൂറ്റാണ്ടുകളിലെ മലങ്കരയുടെ പാരമ്പര്യത്തിന്റെ ശക്തിയാണ് കാണിക്കുന്നത്. കൂനൻകുരിശിന് ശേഷവും പള്ളിപ്രതിപുരുഷ യോഗങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലായിരുന്നു. പള്ളിപ്രതിപുരുഷയോഗത്തെ മറികടന്ന് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനവും തിരുവിതാംകൂർ മഹാരാജാവിന്റെ തിരുവെഴുത്തു വിളംബരത്തിന്റെ പിൻബലത്തിൽ സഭയിലെ ഭരണാധികാരവും കൈവശപ്പെടുത്തിയ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസാണ് മെത്രാന്റെ ഏകനായകത്വം ശരിയായ അർത്ഥത്തിൽ ഈ സഭയുടെ മേൽ അടിച്ചേൽപ്പിച്ചത്.

പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമനും വട്ടശ്ശേരിൽ ദീവന്നാസ്യോസ് ആറാമനും ജനം നൽകിയ ബ്ലാങ്ക് ചെക്കുകളുടെ പിൻബലത്തിലാണ് ഭരണം നടത്തിയിരുന്നത്. പക്ഷേ, ഒരിക്കലും ഇരുവർക്കും തിരഞ്ഞെടുക്കപ്പെട്ട സമിതികളെ ബൈപ്പാസ് ചെയ്യേണ്ടയാവശ്യം വന്നിട്ടില്ല. ജനത്തിന്റെ പൂർണ്ണ വിശ്വാസമാർജ്ജിച്ചിരുന്ന മെത്രാന്മാരും അവർ നയിച്ചിരുന്ന ജനസമൂഹവുമായി ഒരു വലിയ മെന്റൽടലപ്പതി നിലവിലുണ്ടായിരുന്നു. പുലിക്കോട്ടിൽ തിരുമേനിക്ക് നയജ്ഞതമൂലവും വട്ടശ്ശേരിൽ തിരുമേനിക്ക് ആജ്ഞാശക്തിമൂലവും ജനത്തെ നേർവഴിയിൽ നടത്തുവാൻ സാധിച്ചിരുന്നു. എന്നാൽ എക്കാലവും ജനത്തിന്റെ സ്പന്ദനങ്ങൾ അനുനിമിഷം തൊട്ടറിയുവാനുള്ള ഒരു ആത്മബന്ധം എല്ലാ തുറയിലുമുള്ള ജനങ്ങളുമായി അവർ പുലർത്തിയിരുന്നു.

എന്നാൽ പില്ക്കാലത്ത് ക്രമേണ ഈ ആത്മബന്ധം ദുർബലപ്പെടുകയും ജനത്തെ പേർചൊല്ലി വിളിക്കുവാൻ കഴിയുന്ന ഇടയന്മാർക്ക് വംശനാശം സംഭവിക്കയും ചെയ്തപ്പോൾ വീണ്ടും ഏകനായകത്വത്തിന്റെ ദുഷ്പ്രവണതകൾ തലപൊക്കുവാനാരംഭിച്ചു. പ. മാത്യൂസ് പ്രഥമൻ കാതോലിക്കായുടെ കാലത്ത് സിനഡിന്റെ കൂട്ടായ വിജ്ഞാനത്തെ ആശ്രയിച്ചിരുന്നതിനാലാണ് ഭരണപരമായി സഭയുടെ സുവർണ്ണകാലഘട്ടമായി ഭവിച്ചത്. ലോകപ്രശസ്ത വേദവിജ്ഞാനികളും പ്രഗത്ഭ ഭരണകർത്താക്കളും ജനത്തോട് അടുത്ത് ഇടപഴകിയിരുന്നവരുമായ അനവധി പ്രഗത്ഭരെ ഒന്നിച്ച് ചേർത്തു നയിച്ച് സഭയെ സമർത്ഥമായി നയിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സമാന്തരമായി അൽമായ നേതൃത്വം ദുർബലപ്പെടുന്ന ഒരു പ്രവണതയും ആ കാലഘട്ടത്തിലുണ്ടായി. അതിപ്രഗത്ഭരായ പലരുടേയും തിരോധാനം എപ്പിസ്ക്കോപ്പൽ നേതൃത്വത്തെ ദുർബ്ബലപ്പെടുത്തിയപ്പോൾ അൽമായനേതൃത്വത്തിന്റെ ഗുണമേന്മ പൂർവ്വാധികം താഴുന്ന ഒരു കാഴ്ചയാണ് പിന്നീടുള്ള കാലഘട്ടത്തിൽ കാണുന്നത്. തങ്ങളുടെ ഭദ്രാസനത്തെ ഏകനായക ശാസനത്തിൽ ഭരിക്കുന്ന മെത്രാന്മാരും സ്വാർത്ഥതാല്പര്യക്കാരായ അൽമായ സ്ഥാനികളുമെല്ലാം ചേർന്ന് സഭയെ നാഥനില്ലാ കളരിയാക്കിയ സ്ഥിതിയിൽ നിന്നും പ. ദിദിമോസ് പ്രഥമൻ ബാവായുടെ, തിരഞ്ഞെടുക്കപ്പെട്ട സമിതികൾക്കും എപ്പിസ്ക്കോപ്പൽ സിനഡിനും പ്രാധാന്യം നൽകുവാനുള്ള ശ്രമങ്ങൾ വേണ്ടതുപോലെ വിജയിച്ചിട്ടില്ല. പ. പിതാവിന്റെ അനാരോഗ്യം മുതലെടുത്തുകൊണ്ട് ഉത്തരവാദിത്തമില്ലാതെ അധികാരം കയ്യാളുന്നവർ വീണ്ടും ഏകനായകത്വത്തിന്റെ സ്വരങ്ങൾ മുഴക്കുവാൻ തുടങ്ങിയിരിക്കുന്നു. സഭയിലെ സ്ഥാനങ്ങൾ തങ്ങളുടെ നെറ്റിപ്പട്ടം പോലെ ചാർത്തുവാനുള്ളതെന്ന് ധരിച്ചുവശായിരിക്കുന്ന സ്ഥാനികൾ തങ്ങളുടെ സ്വാർത്ഥപരമായ അജൻഡയും കുടിപ്പക തീർക്കലിനും മാത്രമായി സ്ഥാനങ്ങളെ തരംതാഴ്ത്തുന്നതും ഈ പ്രവണതയ്ക്ക് വളമായിത്തീർന്നിട്ടുണ്ട്. “പ്രധാന കാര്യങ്ങളെല്ലാം ഞങ്ങൾ തീരുമാനിച്ചുകൊള്ളാം, മറ്റു കാര്യങ്ങളിൽ നിങ്ങൾക്ക് അഭിപ്രായം പറയാം, സ്വീകരിക്കുകയോ, സ്വീകരിക്കപ്പെടാതിരിക്കുകയോ ചെയ്യാം” എന്നു പറയുന്ന ഭാവി സഭാനേതൃത്വം ഏകനായകത്വത്തിന്റെ വ്യക്തമായ സൂചനകൾ നൽകിത്തുടങ്ങിയിട്ടുണ്ട്.

സ്ഥാനികൾ വിശാലമായ അർത്ഥത്തിൽ തങ്ങളുടെ സ്ഥാനങ്ങളെ പുനർ നിർവ്വചിക്കുകയും, എപ്പിസ്ക്കോപ്പൽ സുന്നഹദോസുൾപ്പെടെയുള്ള സമിതികൾ കുടിപ്പക തീർക്കൽ നിർത്തിവക്കുകയും ചെയ്തില്ലെങ്കിൽ ഏകനായകത്വം എന്ന പ്രശ്നം വീണ്ടും ഉയരുവാനിടയാകും. അതിനിടയാകാതെയിരിക്കട്ടെ എന്ന് അത്മാർത്ഥമായി പ്രാർത്ഥിക്കാം.

---

## സുന്നഹദോസിനെതിരെ പി. സി. യോഹന്നാൻ റമ്പാനും ഫാ. ഡോ. എം. ഒ. ജോണും ഒന്നിച്ചു

പത്തനംതിട്ട: വ്യത്യസ്ത ലക്ഷ്യങ്ങളോടെ സുന്നഹദോസിനെതിരെ പോരാടുവാനുള്ള ആഹ്വാനവുമായി പത്തനംതിട്ടയിൽ മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ രഹസ്യയോഗം ഡിസംബർ 30-നു ചേർന്നു. തിരുവനന്തപുരം, കൊല്ലം, തുമ്പമൺ, ചെങ്ങന്നൂർ, കോട്ടയം മുതലായ ഭദ്രാസനങ്ങളിൽ നിന്നായി ഇരുപതോളം മാനേജിംഗ് കമ്മറ്റി അംഗങ്ങളാണ് യോഗത്തിൽ പങ്കെടുത്തത്.

പി. സി. യോഹന്നാൻ റമ്പാന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ഫാ. ഡോ. എം. ഓ. ജോൺ അദ്ധ്യക്ഷത വഹിച്ചു. വിദേശമെത്രാന്മാരെ വാഴിച്ച സംഭവം തെറ്റായ നടപടിയായിരുന്നെന്നും അതിനെതിരെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നടപടി എടുക്കാതിരുന്നത് ശരിയായില്ലെന്നും യോഹന്നാൻ റമ്പാൻ പറഞ്ഞു. അതിനാൽ ജനുവരി 10-നു ചേരുന്ന മാനേജിംഗ് കമ്മറ്റിയിൽ ഈ വിഷയത്തിൽ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാപ്പോലീത്താമാർക്കെതിരെ പ്രമേയം കൊണ്ടുവന്ന് അവരെ സഭയിൽ നിന്നു പുറത്താക്കണമെന്നും ആവശ്യപ്പെട്ടു.

ഫാ. ഡോ. എം. ഒ. ജോൺ മെത്രാൻ തിരഞ്ഞെടുപ്പിനുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കെതിരെയാണ് രംഗത്തെത്തിയത്. എന്തുവിലകൊടുത്തും സുന്നഹദോസ് തയാറാക്കിയ മാനദണ്ഡങ്ങൾ പരാജയപ്പെടുത്തുമെന്ന ദൃഢപ്രതിജ്ഞയാണ് ഉണ്ടായത്. ഫലത്തിൽ വ്യത്യസ്ഥ ലക്ഷങ്ങളോടെയാണെങ്കിലും പി. സി. യോഹന്നാൻ റമ്പാനും, ഫാ. ഡോ. എം. ഒ. ജോണും സുന്നഹദോസിനെതിരെ ഒരുമിച്ചു നീങ്ങുവാനാണ് തീരുമാനം.

മെത്രാൻ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു വിളിച്ചുചേർത്ത യോഗത്തിൽ പിന്നീടു പുനരൈക്യപ്പെട്ട മെത്രാന്മാർക്കെതിരായ അജണ്ടയുമായി പി. സി. യോഹന്നാൻ റമ്പാൻ ചേരുകയായിരുന്നെന്നും പറയപ്പെടുന്നു.

എന്നാൽ വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മാത്രം അധികാരപരിധിയിൽ വരുന്നതിനാൽ, രണ്ടു മെത്രാന്മാർക്കെതിരായ പ്രമേയം എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഭരണഘടനാപരമായ അവകാശത്തിന്മേലുള്ള കൈകടത്തലായി നിയമവിദഗ്ദർ ചൂണ്ടിക്കാട്ടുന്നു.

# ഒരു മാസത്തിൽ രണ്ടാം തവണ

കോട്ടയം: ഡിസംബർ 6-നു നടന്ന എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ മിന്നുന്ന പ്രകടനം കാഴ്ച വെച്ച മാർ ഈവാനിയോസ് വിഭജനവാദികളുടെ വായടപ്പിച്ചത് ഒരു മാസത്തിനുള്ളിൽ ഇതു രണ്ടാം തവണ.

ഏതാനും ആഴ്ച മുമ്പ് നടന്ന കോട്ടയം ഭദ്രാസന വൈദിക യോഗത്തിൽ "വിഭജനത്തിലൂടെ സമാധാനം ഉണ്ടാക്കുന്നതിനെപ്പറ്റി" വൈദികരുടെ അഭിപ്രായം ആരായാൻ മലങ്കരസഭയിലെ പ്രശസ്തനായ ഒരു സീനിയർ വൈദികൻ ശ്രമിച്ചു. കുറച്ചു നാളായി വിഭജനവാദികളോടൊപ്പം പരസ്യമായി പ്രവർത്തിക്കുന്ന ഈ വൈദികൻ കോട്ടയം ഭദ്രാസനത്തിലെ വൈദികർ വിഭജനത്തിനനുകൂലികളാണെന്നു പരസ്യപ്പെടുത്താൻ നടത്തിയ ശ്രമമാണിതെന്നാണ് ആരോപണം.

എന്നാൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച മാർ ഈവാനിയോസ് ആരെയും സംസാരിക്കാൻ അനുവദിച്ചില്ല. 1934-ലെ ഭരണഘടനയ്ക്കും സുപ്രീംകോടതി വിധിയ്ക്കും വിധേയമായ സമാധാനം മാത്രമേ മലങ്കരസഭയിൽ ഉണ്ടാകൂ എന്നും, മറ്റൊരു മാർഗ്ഗവും ഇവിടെ ചർച്ച ചെയ്യാൻ പാടില്ലെന്നും കർശനമായി വിലക്കി. ആ വൈദികന്റെ ശ്രമം പൊളിഞ്ഞു.

## വ്യാജവാർത്തകൾക്കു പിന്നിൽ 'യോനയെ വിഴുങ്ങിയ തിമിംഗലങ്ങൾ'

കോട്ടയം: ഡിസംബർ 6, 7 തീയതികളിൽ ചില പത്രങ്ങളിൽ മേല്പട്ടവാഴ്ച സംബന്ധിച്ചു വന്ന വ്യാജവാർത്തകളുടെ പിന്നിൽ വിഭജനവാദികളും 'ഉചാമറ' യുമാണെന്ന് സൂചനകൾ.

*ഉചാമറ* സഖ്യത്തിലെ വൈദികനും, ഒരു രാഷ്ട്രീയ 'ഹനുമാനും' ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങളും കോട്ടയത്തിനടുത്ത് രഹസ്യയോഗം ചേർന്നാണ് 6-ാം തീയതിയിലെ വാർത്ത തയാറാക്കിയത്. ഗുരുതരമായ സാമ്പത്തിക ആരോപണങ്ങൾ നേരിടുന്ന ഒരു മെത്രാപ്പോലീത്തായും ഈ ശ്രമത്തിൽ ഭാഗഭാക്കായതായി റിപ്പോർട്ടുണ്ട്. ഡിസംബർ 7-ലെ വാർത്തയ്ക്കു പിന്നിലും ഈ മെത്രാനാണെന്നാണ് സൂചന.

വിഭജനവാദം ശക്തിപ്പെടുത്താനും, മാർ മിലിത്തോസിനോടുള്ള രാഷ്ട്രീയ വിരോധം തീർക്കാനുമാണ് 'യോനയെ വിഴുങ്ങിയ തിമിംഗലങ്ങൾ' ഈ വാർത്ത സൃഷ്ടിച്ചതെന്നാണ് സൂചന.

## മാർ ഈവാനിയോസിന്റെ പേരിലും നടപടി?

അടൂർ: ഡോ. തോമസ് മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവരെ ഡിസംബർ 6-ലെ സുന്നഹദോസിൽ പിന്തുണച്ചതിന്റെ പേരിൽ മാർ ഈവാനിയോസിന്റെ പേരിൽ അച്ചടക്കനടപടി എടുക്കണമെന്ന് അടൂർ യോഗത്തിൽ ആവശ്യം.

കോട്ടയത്തു നിന്നുള്ള ഒരു കന്നി മാനേജിംഗ് കമ്മറ്റിയംഗമാണ് ഈ ആവശ്യം ഉന്നയിച്ചത്. എന്നാൽ വിവാദങ്ങളിൽ ഉൾപ്പെടാത്ത മാർ ഈവാനിയോസിനെ പ്രശ്നത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്നതു തിരിച്ചടി ഉണ്ടാക്കുമെന്നു ചില സീനിയർ അംഗങ്ങൾ ചൂണ്ടിക്കാട്ടിയെങ്കിലും ഈ അംഗം അടങ്ങാൻ തയാറായില്ല.

ഡിസംബർ 6-ലെ സുന്നഹദോസിനുശേഷം മാനേജിംഗ് കമ്മറ്റിയംഗങ്ങളെ ഫോണിൽ വിളിച്ചു മെത്രാന്മാരുടെ പേരിൽ മാനേജിംഗ് കമ്മറ്റി നടപടിയെടുക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ട ഈ കന്നിയംഗം അടുത്ത തവണ അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്കു മത്സരിക്കാൻ തയ്യാറെടുക്കുകയാണെന്നു പറയപ്പെടുന്നു.

ഇതിനിടെ, പ. സുന്നഹദോസിൽ ഇവരെ പിന്തുണച്ചതിന് മാർ ഈവാനിയോസ് പണം വാങ്ങിയെന്ന് *ഉചാമറ*യോടടുത്ത ചില വൈദികർ പ്രചരിപ്പിക്കുന്നുണ്ട്. മാർ ഈവാനിയോസിനെ അറിയാവുന്ന കോട്ടയം ഭദ്രാസനത്തിലെ വൈദികരും ഭൂരിപക്ഷം ജനങ്ങളും, തികച്ചും അസത്യമായ ഈ പ്രചരണത്തിൽ കടുത്ത അമർഷത്തിലാണ്.

## സർക്കുലർ വ്യാജമെന്ന്!

കോട്ടയം: ഡിസം. 19-ലെ വ്യാജ വാർത്തയ്ക്കു പിന്നിലെ സർക്കുലറും വ്യാജനെന്ന് ആരോപണം ഉയർന്നതോടെ ഗൂഡാലോചനയുടെ ഗൗരവം വർദ്ധിച്ചു. സുന്നഹദോസിൽ നിന്നും വർക്കിംഗ് കമ്മറ്റിയിലേയ്ക്കു നൽകിയ വിശദീകരണകുറിപ്പിനെ അവലംബിച്ചാണ് വാർത്ത രൂപപ്പെട്ടിരിക്കുന്നത്. എന്നാൽ ഇത്തരമൊരു കുറിപ്പ് ഒരാഴ്ചയായി കോട്ടയത്തെ പല സഭാസ്ഥാനികളുടെ കയ്യിലും എത്തിയിരുന്നു. വാലും തലയും പിതൃത്വവുമില്ലാത്ത ഈ കുറിപ്പ് രഹസ്യമായി പ്രചരിപ്പിക്കുന്നതു പരാജയപ്പെട്ടതാണ് പത്രവാർത്തയ്ക്കു കാരണമായതെന്നും പറയപ്പെടുന്നു.

സുന്നഹദോസ് സെക്രട്ടറി, വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്കു നൽകിയതായി പറയപ്പെടുന്ന ഈ രേഖ വെള്ളക്കടലാസിലാണ്. ലെറ്റർപാഡോ, സംബോധനയോ, സെക്രട്ടറിയുടെ ഒപ്പോ ഇതിലില്ല. സഭയുടെ അത്യുന്നത സമിതികളിൽ ഒന്ന് മറ്റൊന്നിനു നൽകുന്ന രേഖ ഇപ്രകാരം വെള്ളക്കടലാസിൽ നൽകുക എന്നത് അസാദ്ധ്യമാണ്. അതിനാലാണ് ഇതും വ്യാജനാണെന്ന് സംശയമുണർന്നിരിക്കുന്നത്.

ഇതു യാഥാർത്ഥ്യമാണെങ്കിൽ സുന്നഹദോസ്/വർക്കിംഗ് കമ്മറ്റി രേഖകൾ അതീവ രഹസ്യസ്വഭാവമുള്ളതായതിനാൽ ഇവ ചോർത്തിയതാരെന്നു കണ്ടെത്തേണ്ടിയിരിക്കുന്നു. സുന്നഹദോസ് നിശ്ചയത്തിനു വിരുദ്ധമായ ഒരു വിശദീകരണം വർക്കിംഗ് കമ്മറ്റിക്കു നൽകിയതിന്റെ ഉത്തരവാദി ആരെന്ന ചോദ്യവും ഉയരുന്നു.

## സർക്കുലർ ലഭിച്ചിട്ടില്ല: സ്ഥാനികൾ

കോട്ടയം: വിവാദ സർക്കുലർ വൈദിക - അൽമായ ട്രസ്റ്റിമാർക്കും, അസോസിയേഷൻ സെക്രട്ടറിയ്ക്കും, ഭൂരിപക്ഷം വർക്കിംഗ് കമ്മറ്റിയംഗങ്ങൾക്കും ലഭിച്ചിട്ടില്ലെന്നു വ്യക്തമായി. അസോസിയേഷൻ സെക്രട്ടറി തനിക്ക് ലഭിച്ചിട്ടില്ലെന്നു പത്ര പ്രസ്താവനയും നടത്തിയതോടെ സംശയത്തിന്റെ മുനകൾ ചില കേന്ദ്രങ്ങളിലേയ്ക്കു മാത്രം നീങ്ങുകയാണ്. പ. കാതോലിക്കാ ബാവായ്ക്കും ഈ സർക്കുലറിനെപ്പറ്റി അറിവില്ലെന്ന് പ. പിതാവിനോടടുത്ത കേന്ദ്രങ്ങൾ പറയുന്നു.

## സഭാകേന്ദ്രം ആര്?

കൊട്ടാരക്കര: കഴിഞ്ഞ ദിവസങ്ങളിലെ മാധ്യമങ്ങളിൽ വന്ന വാർത്തകളിൽ പറയുന്ന ഓർത്തഡോക്സ് സഭാകേന്ദ്രം ഏതെന്ന ചോദ്യം മലങ്കരയിലെങ്ങും ഉയരുന്നു.

പ. കാതോലിക്കാ ബാവായോ, കൂട്ടുട്രസ്റ്റിമാരോ, അസോസിയേഷൻ സെക്രട്ടറിയോ, ഔദ്യോഗിക വക്താവ് ഫാ. ഡോ. ഒ. തോമസോ അറിയാത്ത മലങ്കരസഭാകേന്ദ്രം ഏതെന്ന ചോദ്യത്തിന് ഉത്തരം നൽകാൻ പ. പിതാവിന്റെ ഓഫീസിനും കഴിയുന്നില്ല.

## ആയിരങ്ങളെത്തി; കടവിൽ തിരുമേനിയുടെ ശ്രാദ്ധ ശതാബ്ദിക്ക് ഗംഭീര തുടക്കം

പുതുപ്പള്ളി: കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായ കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ ശ്രാദ്ധ ശതാബ്ദി ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ പള്ളിയിൽ ആഘോഷിച്ചു. പ. ദിദിമോസ് പ്രഥമൻ ബാവായുടെ കല്പനയനുസരിച്ചാണ് കോട്ടയം ഭദ്രാസനം ശ്രാദ്ധ ശതാബ്ദി ഡിസം. 23-ന് ഗംഭീരമായി ആഘോഷിച്ചത്. ശതാബ്ദി സമ്മേളനത്തിലും ശ്രാദ്ധസദ്യയിലും നാലായിരത്തോളം പേർ പങ്കെടുത്തു.

പ. കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗീവർഗീസ് മാർ ഈവാനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. ജോസഫ് ചീരൻ മുഖ്യപ്രഭാഷണം നടത്തി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഫാ. റ്റി. ജെ. ജോഷ്വാ, ഡോ. കെ. പി. ജോർജ് കടവിൽ, ഡോ. ഐസക് പാമ്പാടി തുടങ്ങിയവർ പ്രസംഗിച്ചു.

# മേല്പട്ടവാഴ്ചയുടെ നാൾവഴി

2007 ഓഗസ്റ്റ് - തുർക്കി വംശജരായ ജർമൻ സ്വദേശികളായ സുറിയാനിക്കാരുടെ അപേക്ഷാനുസരണം അവർ തിരഞ്ഞെടുക്കുന്ന ആളുകളെ മേല്പട്ടക്കാരായി വാഴിക്കാൻ സുന്നഹദോസ് തീരുമാനിക്കുന്നു. വാഴ്ച നടത്താൻ, മാർ മക്കാറിയോസ്, ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ്, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, സുന്നഹദോസ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തുന്നു.

2007 നവംബർ 11 - മൂസ ഗുർഗാൻ റമ്പാനും പത്തംഗ സംഘവും കേരളത്തിലെത്തുന്നു.

നവംബർ 12 - സബ്കമ്മറ്റി വിളിച്ചുകൂട്ടണമെന്ന് മാർ മിലിത്തോസ് ആവശ്യപ്പെടുന്നു. 14-നു യോഗം കൂടാൻ നിശ്ചയിക്കുന്നു. 19-ന് തിങ്കളാഴ്ച വാഴ്ച നടത്താമെന്ന് പ. പിതാവ് അറിയിക്കുന്നു.

നവംബർ 14 - സബ്കമ്മറ്റി ചേരുന്നില്ല. 16-നു നടത്താൻ മാറ്റിവയ്ക്കുന്നു.

നവംബർ 16 - 18-ാം തീയതി വരെ യോഗം ചേരാൻ തനിയ്ക്ക് അസൗകര്യമെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിയ്ക്കാ. 18-നു കോട്ടയത്ത് മാർ തേവോദോസ്യോസ് അനുസ്മരണത്തിനു ശേഷം യോഗം കൂടാമെന്ന് ധാരണ.

നവംബർ 18 - മാർ തേവോദോസ്യോസ് അനുസ്മരണത്തിൽ പങ്കെടുത്ത മാർ സേവേറിയോസ്, പെരുനാളിൽ പങ്കെടുക്കാനുണ്ടെന്ന കാരണത്താൽ സ്ഥലംവിടുന്നു. വാഴ്ച നടത്താൻ തനിക്കു താല്പര്യമില്ലെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മറ്റ് രണ്ട് അംഗങ്ങളോട് പറയുന്നു.

ഡോ. മാർ അത്താനാസ്യോസും മാർ മിലിത്തോസും പരുമല ആശുപത്രിയിൽ പ. പിതാവിനെ സന്ദർശിക്കുന്നു. 20-ന് സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ പ. പിതാവ് നിർദ്ദേശിക്കുന്നു. വൈദികസെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. കെ. എം. ജോർജിനെയും, വൈദികട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിനെയും അഭിപ്രായം തേടാൻ പിറ്റേന്നു തന്റെ പക്കൽ വരുത്തുവാനും നിർദ്ദേശം.

നവംബർ 19 - ഡോ. മാർ അത്താനാസ്യോസും നിയുക്ത മെത്രാനും മറ്റു രണ്ടു വിദേശ റമ്പാന്മാരും പരുമലയിൽ പ. പിതാവിനെ സന്ദർശിക്കുന്നു. പ്രിൻസിപ്പലിനെയും വൈദികട്രസ്റ്റിയെയും വിളിച്ചു വരുത്താഞ്ഞതിനാൽ, വിളിയ്ക്കാൻ വീണ്ടും നിർദ്ദേശം.

പിറ്റേന്നു കൂടാൻ പ. പിതാവ് ആവശ്യപ്പെട്ട സുന്നഹദോസ് കൂട്ടാൻ നടപടിയില്ല. പകരം 20-നു ഉച്ചതിരിഞ്ഞ് സബ്കമ്മറ്റിയോഗം നടത്തുമെന്ന് സുന്നഹദോസ് സെക്രട്ടറി അറിയിക്കുന്നു.

നവംബർ 20 - സബ്കമ്മറ്റി യോഗം ചേരുന്നു. വാഴിയ്ക്കാൻ സാധ്യമല്ലെന്നു ശ്രേഷ്ഠ നിയുക്ത കാതോലിക്കായും, സുന്നഹദോസ് സെക്രട്ടറിയും കടുംപിടുത്തം പിടിയ്ക്കുന്നു. വാഴിക്കണമെന്ന് ഡോ. മാർ അത്താനാസ്യോസും, മാർ മിലിത്തോസും. ഉടൻ വാഴിയ്ക്കണമെന്നും തനിയ്ക്ക് സമ്മതമാണെന്നുമുള്ള കമ്മറ്റിയിലെ അഞ്ചാം അംഗമായ മാർ മക്കാറിയോസിന്റെ ഫാക്സ് സന്ദേശം. ഇതോടെ വാഴിക്കൽ പക്ഷത്തിന് ഭൂരിപക്ഷം. എന്നാൽ വിരുദ്ധർ സമ്മതിയ്ക്കുന്നില്ല.

നവംബർ 21 - മണ്ണുത്തി ഗത്സീമോൻ അരമന ചാപ്പലിൽ വച്ച് ഡോ. മാർ അത്താനാസ്യോസും, മാർ മിലിത്തോസും ചേർന്ന്, മാർ സേവേറിയോസ് എന്ന പേരിൽ യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് അതിഭദ്രാസനത്തിനായി വാഴിക്കുന്നു.

നവംബർ 22 - നവാഭിഷിക്തമെത്രാനും, സംഘവും മടങ്ങിപ്പോകുന്നു.

ഡിസംബർ 5 - മേല്പട്ട വാഴ്ചയെക്കുറിച്ച് ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

ഡിസംബർ 6 - വാഴ്ച നടത്തിയ മെത്രാന്മാരുടെ പേരിൽ നടപടിയെടുക്കുമെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പ്രസ്താവിച്ചതായി ചില പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. വാഴ്ച സാധുവെന്ന് വീണ്ടും മാർ മക്കാറിയോസ് ഫാക്സ് സന്ദേശം നൽകുന്നു.

ദേവലോകത്ത് പ. പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നടപടി ശരിവയ്ക്കുന്നു.

ഡിസംബർ 7 - ടി. സുന്നഹദോസിനെപ്പറ്റി വീണ്ടും വ്യാജവാർത്തകൾ.

ഡിസംബർ 19 - പ്രകോപനമില്ലാതെ വീണ്ടും വ്യാജ വാർത്ത.

# വ്യാജവാർത്തകൾ വീണ്ടും

കോട്ടയം: യാക്കോബായ വിഭാഗത്തിൽ നിന്നും ഓർത്തഡോക്സ് സഭയിൽ പുനരൈക്യപ്പെട്ട ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നിവർക്കെതിരെ പ്രസ്താവനകളുമായി ചില മാനേജിംഗ് കമ്മറ്റി അംഗങ്ങൾ രംഗത്തെത്തി. ഈ പ്രസ്താവനയിൽ ഒപ്പുവെച്ചവരിൽ ഭൂരിപക്ഷവും അടൂർ യോഗത്തിൽ പങ്കെടുത്തവരാണ്. ഇതോടെ മലങ്കരസഭയെ രാഷ്ട്രീയവൽക്കരിക്കാനുള്ള ഗൂഢശ്രമം മറനീക്കി പുറത്തുവന്നു.

ഡിസംബർ 6-7 തീയതികളിൽ ചില മാധ്യമങ്ങളിൽ വന്ന വ്യാജവാർത്തകൾ ഒരു ഗൂഡാലോചനയുടെ ഫലമാണെന്ന് നേരത്തെ ആരോപണം ഉണ്ടായിരുന്നു. ഡോ. മാർ അത്താനാസ്യോസ്, മാർ മിലിത്തോസ് എന്നിവർ നിഷേധക്കുറിപ്പു നൽകുകയും സഭാകേന്ദ്രം ശക്തമായി ഇടപെടുകയും ചെയ്തതോടെ ഈ വ്യാജവാർത്താ പ്രളയം അവസാനിച്ചതായിരുന്നു.

എന്നാൽ 12 ദിവസത്തെ ഇടവേളയ്ക്കുശേഷം യാതൊരു പ്രകോപനവുമില്ലാതെയാണ് ഡിസം. 19-ന് വീണ്ടും വാർത്ത പ്രത്യക്ഷപ്പെട്ടത്. അതോടെ യുദ്ധം വീണ്ടും ആരംഭിക്കുമെന്നാണ് സൂചന. സഭാപരമായ പ്രശ്നങ്ങളേക്കാൾ രാഷ്ട്രീയ നിറമാണ് പുതിയ പ്രസ്താവനകൾക്കു പിന്നിലെന്നാണ് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്. വലതുപക്ഷ-ഇടതുപക്ഷ രാഷ്ട്രീയ സമവാക്യത്തേക്കാൾ കോൺഗ്രസിനുള്ളിലെ പടലപിണക്കങ്ങളും ഇതിനു പിന്നിലുള്ളതായി പറയപ്പെടുന്നു.

# ലജ്ജാവഹം: അൽമായവേദി

കോട്ടയം: മലങ്കരസഭയുടെ ഭരണഘടനയും കാനോനും അറിയാൻ വയ്യാത്ത മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നടത്തുന്ന പ്രസ്താവനകൾ ലജ്ജാവഹമാണെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി കുറ്റപ്പെടുത്തി. ഡിസം. 19-ന് ചില പത്രങ്ങളിൽ വന്ന വാർത്തയോടു പ്രതികരിക്കുകയായിരുന്നു അൽമായവേദി സെക്രട്ടറിയേറ്റ്.

വിദേശ മെത്രാനെ വാഴിച്ച സംഭവം സുന്നഹദോസിന്റെ അധികാര പരിധിയിൽ പെടുന്ന കാര്യമാണ്. മലങ്കരസഭയുടെ ആഭ്യന്തര ഭരണവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ അതിൽ മാനേജിംഗ് കമ്മറ്റിക്കു പങ്കൊന്നുമില്ല. മെത്രാന്മാരുടെ പേരിൽ പരാതിയുണ്ടെങ്കിൽ ഭരണഘടനപ്രകാരം അതു പരിഗണിക്കേണ്ടത് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസാണ്. അപ്രകാരം നിയമാനുസൃതരീതിയിൽ നീങ്ങുന്നതിനു പകരം വിലകുറഞ്ഞ പത്ര പ്രസ്താവനകൾ നടത്തുന്നത് അജ്ഞതയാണോ അഹങ്കാരമാണോയെന്ന് വ്യക്തമാക്കണമെന്നും സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

ഡിസംബർ 6-ലെ സുന്നഹദോസ് തീരുമാനത്തോടെ അവസാനിച്ച ഒരു വിവാദം വീണ്ടും കുത്തിപ്പൊക്കി രാഷ്ട്രീയ മുതലെടുപ്പു നടത്തുന്നതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി.

# അച്ചനും കൊച്ചനും

**മാത്തുക്കുട്ടിച്ചായൻ**

കൊച്ചൻ: അച്ചോ. അയ്യോ, പറ്റിച്ചല്ലോ അവർ ഗുർഗാൻ റമ്പാനെ മെത്രാനാക്കി.

അച്ചൻ: രണ്ടു മെത്രാന്മാർ കൂടിയാൽ മെത്രാനെ വാഴിക്കാൻ പറ്റില്ല എന്ന് ദേവലോകവും നമ്മളും പ്രസ്താവന ഇറക്കിയല്ലോ.

കൊച്ചൻ: ആക്കാര്യത്തിലെങ്കിലും ഇരു കൂട്ടർക്കും ഒറ്റ അഭിപ്രായം തന്നെയാണല്ലോ. പക്ഷേ, ഹൂദായക്കാനോനൻ പറയുന്നത് രണ്ടോ, മൂന്നോ മെത്രാന്മാർ കൂടിയാൽ വാഴ്ച ആകാം എന്നാണല്ലോ.

അച്ചൻ: അത്മായവേദിക്കാർ പറയുന്നത് ശീമ ബാവാമാരും, മെത്രാന്മാരും, കച്ചവടക്കാരും ഓടിച്ചിട്ട് മെത്രാന്മാരെ വാഴിച്ചാണ് മാർത്തോമ്മാ നസ്രാണികളെ സിറിയൻ യാക്കോബായ ആക്കിയത് എന്നാണല്ലോ?

കൊച്ചൻ: പാലക്കുന്നനെ നമ്മുടെ ഒരു പാത്രിക്കീസ് മെത്രാനാക്കി നമ്മുടെ സഭയിൽ ഭിന്നിപ്പുണ്ടാക്കിയില്ലേ.

അച്ചൻ: അതു ശരിയാ. അതു നമ്മൾ പറഞ്ഞാൽ ശരിയാവില്ല. എന്നിരുന്നാലും ഇപ്പോഴത്തെ പിളർപ്പ് യാക്കോബ് മൂന്നാമന്റെ 203-ാം കല്പന കടലാസിലൂടെയാ. നമ്മുടെ പിതാവും, ഗുരുവുമായ മാർത്തോമ്മാ ശ്ലീഹായെ പൗരോഹിത്യ പദവിയിൽ നിന്നും പൈതൃകത്തിൽ നിന്നും ഉഴിഞ്ഞ് കപ്പിയാരാക്കിയില്ലേ.

കൊച്ചൻ: ആ ബാവാ തന്നെയാ കുറിച്ചിയിലെ വലിയ ബാവായെ കടലാസു വഴി വൃദ്ധൻ പുന്നൂസ്സാക്കിയതും, കടലാസു വഴി തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന കാതോലിക്കാ ആക്കിയതും. അപ്പോൾ പട്ടംകെട്ടാൻ കല്പന മതി അല്ലേ അച്ചാ.

അച്ചൻ: അതിനുള്ള അവകാശം സിറിയായിലെ മെത്രാന്മാർക്കേ ഉള്ളൂ. നമ്മുടെ മലങ്കരയിലുള്ള മെത്രാന്മാർക്ക് പാത്രിക്കീസാവാൻ പറ്റില്ല. അതുപോലെ അവിടെയുള്ളവർക്ക് ഒറ്റയ്ക്കു ബാവായെയോ, മെത്രാനേയോ വാഴിക്കാം.

കൊച്ചൻ: തൃശൂർ മെത്രാനും, കണ്ടനാടും അത്ര മണ്ടന്മാരല്ല. ദിദിമോസ് ബാവായും സുന്നഹദോസും മൗന അനുവാദം നല്കിയാ വാഴ്ച നടന്നത്.

അച്ചൻ: ഇതൊന്നും വലിയ വിഷയമല്ല. കാലം ചെയ്ത മെത്രാന്റെ കൈയ് തലയിൽ വെച്ച് മെത്രാനായ പാരമ്പര്യം വരെ ഇവിടെ ഉണ്ട്.

കൊച്ചൻ: അപ്പച്ചൻ പറഞ്ഞു, പണ്ട് പെരുമ്പള്ളിലച്ചനും, ചെറുവള്ളീലച്ചനും, ബോംബെ വരെ പോയിട്ട് തിരിച്ചുവന്നപ്പോ മെത്രാച്ചന്മാരായി രാത്രിയിൽ പള്ളികളിൽ കയറിയിട്ടുണ്ടെന്ന്.

അച്ചൻ: എടാ പാത്രിയർക്കാ സ്ഥാനത്തിന് മത്സരിച്ച് തോറ്റ അബ്ദുള്ളാ ഗ്രിഗോറിയോസ് റോമിലെ കത്തോലിക്കാ സഭയിലെ ലൈബ്രേറിയനായി പോയി. അപ്പോൾ തുർക്കീലേ സുൽത്താന് എന്തോ മോഹം തോന്നി. ഗ്രിഗോറിയോസ് അതു സാധിച്ചുകൊടുത്തു. അപ്പോഴെ അബ്ദുൾ മിശിഹാ പാത്രിക്കീസു ബാവായുടെ "ഫർമാൻ" സുൽത്താൻ പിൻവലിച്ചു. കത്തോലിക്കാ സഭയിൽ നിന്ന് ഗ്രിഗോറിയോസ്സ് വന്ന് "ഫർമാൻ" വാങ്ങി പാത്രിക്കീസായി.

കൊച്ചൻ: അപ്പോ ആ പാത്രിക്കീസിനെ തുർക്കി സുൽത്താൻ തന്നെയാണോ വാഴിച്ചത്.

അച്ചൻ: മറ്റാരും വാഴിച്ച രേഖയില്ലെന്നു മാത്രമല്ല, യഥാർത്ഥ പാത്രിക്കീസായ പ. അബ്ദുൾ മശിഹായെ പാത്രിക്കീസന്മാരുടെ കബറിടം സ്ഥിതിചെയ്യുന്ന കുക്കുമാ ദയറയിൽ കബറടക്കുകയും ചെയ്തു.

കൊച്ചൻ: അപ്പോൾ അബ്ദുള്ളാ ബാവയേയോ?

അച്ചൻ: നീ എന്റെ തൊപ്പി തെറിപ്പിക്കല്ലേ?

കൊച്ചൻ: ഇങ്ങനെ ആയാൽ പാത്രിക്കീസുബാവായ്ക്കും ബദൽ പാത്രിക്കീസിനെ ഇവർ വാഴിക്കുമോ?

അച്ചൻ: അവിടെ അന്ത്യോഖ്യാ പാത്രിക്കീസ് എന്ന പേരിൽ 5 പാത്രിക്കീസ് ഇപ്പോഴുണ്ട്.

കൊച്ചൻ: ഇവിടെ യഥാർത്ഥ കാതോലിക്കാ ബാവായ്ക്ക് ബദലായി 2 കാതോലിക്കാമാരേ ഉള്ളൂ.

അച്ചൻ: നമ്മുടെ കൂടെ നിന്ന ഈ മെത്രാന്മാർ അവിടെ ചെന്നതാ പ്രശ്നം. അല്ലെങ്കിൽ നമ്മുടെ ബാവാ ഇപ്പം തോമ്മാശ്ലീഹായുടെ പിൻഗാമിയായി ദേവലോകത്തു വാണേനെ.

കൊച്ചൻ: ശരിയാ. തൃക്കുന്നത്തു സെമിനാരി തൃശൂർ മിലിത്തോസിന്റെ അധീനതയിലിരിക്കുമ്പോ നമ്മുടെ ബാവായ്ക്ക് അവിടെ എത്തിനോക്കാൻ പറ്റിയില്ല. നിയുക്ത കാതോലിക്കായും എം. ഒ. ജോൺ അച്ചനും കൂടി അവരുടെ ആളുകളെ ചാപ്പലിൽ കയറ്റി പൂട്ടിയശേഷം നമ്മുടെ ബാവയെയും മെത്രാന്മാരെയും നമ്മളേയും തൃക്കുന്നത്തു കയറ്റി. അവർ നല്ലവരാണല്ലേ അച്ചാ.

അച്ചൻ: ദോഷം പറയരുതല്ലോ. നമ്മുടെ ബാവായുടെ രാപ്പനി അറിയാവുന്ന തൃശൂർ, കണ്ടനാട് മെത്രാന്മാർ ഭരണപാടവം ഉള്ളവരാ. അവർ ചെയ്യുന്നത് അംഗീകരിച്ചാൽ ഓർത്തഡോക്സ്കാരും നമ്മളെപ്പോലെ കെട്ടുറപ്പും അച്ചടക്കവും ഉള്ളവരാകും. അങ്ങിനെ വന്നാൽ വടക്കൻപ്രദേശം കക്ഷിഭേദമില്ലാതെ അവരുടെ നിയന്ത്രണത്തിലാകും. അപ്പോൾ മെത്രാന്മാരുടെ സ്ഥലംമാറ്റം ഒക്കെ വരുമ്പോൾ അവരുടെ ചില മെത്രാന്മാർക്ക് സ്വന്ത സാമ്രാജ്യങ്ങൾ വെടിയേണ്ടി വരില്ലേ. നമ്മുടെ ഗതി അധോഗതിയും ആകും.

കൊച്ചൻ: പ്രശ്നം നിലനിർത്തിയല്ലേ രാഷ്ട്രീയം വളർത്തുന്നത്. അതുപോലയാ ഓർത്തഡോക്സ്സും യാക്കോബയും. പ്രശ്നം സൃഷ്ടിച്ച് മെത്രാന്മാരും നേതാക്കളും ആകുന്നു.

അച്ചൻ: കോടതിവിധി മാനിക്കുന്നു എന്നു പറയുന്ന മാന്യന്മാർ 1934 ഭരണഘടനയും അംഗീകരിച്ച് ഒന്നായാൽ പ്രശ്നം തീരും. തീർന്നാൽ പിന്നെ ഭൗതികനേട്ടം കാട്ടില്ല.

കൊച്ചൻ: സഭ ഒന്നായി നന്നായി കാണാൻ ഇപ്പോൾ മെത്രാന്മാർ എന്നാ പരുമല തിരുമേനിയുടെയോ പാമ്പാടി തിരുമേനിയുടെയോ, കടവിൽ തിരുമേനിയുടെയോ പിൻഗാമികളല്ലല്ലോ. പേരും വേഷവുമേ ഉള്ളല്ലോ?

അച്ചൻ: ഭിലായിലെ തിരുമേനി കാലം ചെയ്ത വാർത്തയ്ക്കു പോലും പ്രാധാന്യം കൊടുക്കാത്ത ദേവലോകം, ഗുർഗാൻ തിരുമേനിയെ വാഴിച്ചത് സഭ അറിഞ്ഞില്ല, മെത്രാന്മാർ ഖേദം പ്രകടിപ്പിച്ചു എന്നെല്ലാം വാർത്ത കൊടുത്ത് പ്രശ്നം കൊഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും ചീറ്റിപ്പോയി.

# കാതോലിക്കായും മെത്രാനുമാകാൻ ശ്രമിക്കുന്നവർക്കെതിരെ ഫാ. റ്റി. ജെ. ജോഷ്വാ

പുതുപ്പള്ളി: കാതോലിക്കായും മെത്രാപ്പോലീത്തായുമാകാൻ ഇന്നു പലരും തരംതാണ കളികൾ നടത്തുന്നതായി ഫാ. റ്റി. ജെ ജോഷ്വാ. നിലയ്ക്കൽ പള്ളിയിൽ നടന്ന കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ ശ്രാദ്ധ ശതാബ്ദിയിൽ ആശംസാ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. മൂന്നു തവണ മെത്രാപ്പോലീത്താ സ്ഥാനത്തിനുവേണ്ടി പ്രലോഭിപ്പിച്ചിട്ടും അതിനു സമ്മതിക്കാതിരുന്ന കടവിൽ തിരുമേനിയുടെ വ്യക്തിത്വത്തെ അവതരിപ്പിച്ചുകൊണ്ടാണ്, സമീപകാലത്ത് പല പ്രശ്നങ്ങളുടെയും പേരിൽ ആരോപണവിധേയനായ തന്റെ ഒരു ശിഷ്യനായ മെത്രാപ്പോലീത്തായെ ഇരുത്തിക്കൊണ്ട് അദ്ദേഹം കാതോലിക്കായും മെത്രാനുമാകാൻ ശ്രമിക്കുന്നവർക്കെതിരെ ആഞ്ഞടിച്ചത്. കഴിഞ്ഞ മെത്രാൻ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഒരു റമ്പാനും സദസ്സിൽ ഇരിപ്പുണ്ടായിരുന്നു.

തൊട്ടുമുമ്പ് മുഖ്യപ്രഭാഷണം നടത്തിയ ഫാ. ഡോ. ജോസഫ് ചീരനും മേല്പറഞ്ഞ മെത്രാപ്പോലീത്തായ്ക്കെതിരെ പേരെടുത്തു പറയാതെ രണ്ട് വിമർശനങ്ങൾ ഉന്നയിച്ചു. അദ്ദേഹത്തിന്റെ മുഖ്യ ചുമതലയിൽ പ്രസിദ്ധീകരിച്ച വൈദിക ഡയറക്ടറിയിൽ കടവിൽ തിരുമേനിയുടെ ലഘുചരിത്രവും ഫോട്ടോയും കൊടുക്കാഞ്ഞതിനായിരുന്നു ആദ്യ വിമർശനം. ആരാധനാപരിഷ്ക്കരണ കമ്മിറ്റിയുടെ പ്രസിഡണ്ടുമാർ സ്ഥാനം അലങ്കരിച്ചാൽ മാത്രം പോര, അക്കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്നായിരുന്നു അടുത്ത വിമർശനം.

# മെത്രാൻ തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ: അമർഷം പുകയുന്നു

കോട്ടയം: അടുത്ത മെത്രാൻ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചതിൽ ശക്തമായ അമർഷം, പൊട്ടിത്തെറിയുടെ വക്കിലെത്തി നിൽക്കുകയാണ്. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഏകപക്ഷീയമായി തീരുമാനങ്ങൾ എടുത്ത് മാനേജിംഗ് കമ്മറ്റിയുടെ മേൽ അടിച്ചേല്പിക്കുന്നതിലും, ചിലരെ ഒഴിവാക്കാൻ വേണ്ടി മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയതുമാണ് അമർഷത്തിനു കാരണങ്ങൾ.

മെത്രാൻ തിരഞ്ഞെടുപ്പിന് 1970-ൽ നടപടിച്ചട്ടം രൂപീകരിക്കാൻ ഫാ. പി. പി. ജോസഫ് പുളിക്കപ്പറമ്പിൽ, പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര തുടങ്ങിയ പ്രഗൽഭരടങ്ങിയ ഒരാറംഗ കമ്മറ്റിയെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ ഇത്തവണ സുന്നഹദോസ് സ്വയം തീരുമാനമെടുത്തു. ഇത് ജനുവരി 10-ലെ മാനേജിംഗ് കമ്മറ്റിയെ അറിയിക്കുമെന്ന് പറയപ്പെടുന്നു. വൈദികരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്താതെ നടപടിച്ചട്ടം രൂപീകരിച്ചതിൽ ഭൂരിപക്ഷം മാനേജിംഗ് കമ്മറ്റിയംഗങ്ങളും ക്ഷുഭിതരാണ്.

ഇതിനേക്കാൾ ഗുരുതരമായ ആരോപണമാണ് ചിലരെ ഉൾപ്പെടുത്താനും ചിലരെ ഒഴിവാക്കാനുമാണ് നടപടിച്ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതെന്നത്. മുഖ്യദയറാകളിലെ സ്ഥിരം അംഗങ്ങൾക്ക് മേല്പട്ടസ്ഥാനത്തേയ്ക്ക് വൈദിക സെമിനാരി വിദ്യാഭ്യാസം വേണമെന്ന ചട്ടത്തിനു മുമ്പ് ഇളവു നൽകിയിരുന്നു. അത് ഇത്തവണ എടുത്തുകളഞ്ഞത് പത്തനാപുരം, ചെങ്ങമനാട് ദയറാകളിൽ നിന്നുള്ള രണ്ടംഗങ്ങൾ മത്സരിക്കുന്നത് ഒഴിവാക്കാനാണെന്നാണ് ഒരു ആരോപണം.

മേല്പട്ടസ്ഥാനത്തേയ്ക്കുള്ള കുറഞ്ഞപ്രായം 40 ആയി നിജപ്പെടുത്തിയത് വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഡോ. വി. എം. ഏബ്രഹാം മേല്പട്ടസ്ഥാനത്തേയ്ക്കു വരുന്നതു തടയാനാണെന്നും ആരോപണമുണ്ട്. നാലിലധികം മെത്രാന്മാർ പ്രായപരിധി 35 വയസാക്കണമെന്നു വാദിച്ചെങ്കിലും ഏകപക്ഷീയമായി ചട്ടം രൂപീകരിച്ച മെത്രാൻ വഴങ്ങിയില്ലെന്നാണ് അറിവ്.

ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, കൂട്ടുട്രസ്റ്റിമാർ, അസോസിയേഷൻ സെക്രട്ടറി എന്നിവരുടെ പ്രായം കുറഞ്ഞിട്ടും മെത്രാൻ സ്ഥാനാർത്ഥികളുടെ കുറഞ്ഞ പ്രായപരിധി കുറയ്ക്കാത്തതും ഉയർന്ന പ്രായപരിധി 55 ആയി തുടരുന്നതും വിരോധാഭാസമായി ഇവർ ചൂണ്ടിക്കാട്ടുന്നു. ഉയർന്ന പ്രായപരിധി 50 ആയി കുറയ്ക്കാത്തത് ചില അനഭിമത സ്ഥാനാർത്ഥികളെ രക്ഷിക്കാനാണെന്നും ആക്ഷേപമുണ്ട്.

ഔദ്യോഗിക പാനലിനെതിരെ ഒരിക്കൽ മത്സരിച്ചവരെ പിന്നീട് ഔദ്യോഗിക സ്ഥാനാർത്ഥിയാക്കരുതെന്ന നിർദ്ദേശവും പരിഗണിച്ചില്ല. ഇത് ഒരിക്കൽ മത്സരിച്ചു തോറ്റ ഒരു മുൻ വൈദിക സെമിനാരി അധ്യാപകനെ ഔദ്യോഗിക സ്ഥാനാർത്ഥിയാക്കാനാണെന്നും ആരോപണം ഉയർന്നിട്ടുണ്ട്.

# ഏകാധിപത്യത്തിലേയ്ക്ക്?

കോട്ടയം: നൂറ്റാണ്ടുകളുടെ പാരമ്പര്യവും സഭാ ഭരണഘടന അനുശാസിക്കുന്ന ചട്ടങ്ങളും മറികടന്ന് സഭയെ ഏകാധിപത്യത്തിന് കീഴിലാക്കാൻ ചില കേന്ദ്രങ്ങൾ ശ്രമം നടത്തുന്നതായി സൂചന. സുന്നഹദോസ് നിശ്ചയങ്ങൾ പോലും അട്ടിമറിക്കപ്പെട്ടതോടെ ഈ ആശങ്ക വർദ്ധിച്ചിരിക്കുകയാണ്.

മാനേജിംഗ് കമ്മറ്റിയുടെ അധികാരങ്ങൾ എപ്പിസ്കോപ്പൽ സുന്നഹദോസ് കവർന്നെടുക്കുക, എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയങ്ങൾ ഒരൊറ്റ മെത്രാൻ അട്ടിമറിച്ച് സ്വേച്ഛാപരമായ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങി കഴിഞ്ഞ ഒന്നര വർഷത്തിനിടയിലുണ്ടായ വിവിധ സംഭവങ്ങൾ ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്തായെ അങ്കമാലിയുടെ താൽക്കാലിക സഹായമെത്രാൻ സ്ഥാനത്തുനിന്നും മാറ്റുവാനും പകരം ശ്രേഷ്ഠ നിയുക്ത കാതോലിക്കായെ ആ സ്ഥാനത്തു നിയമിക്കുവാനും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് പ. പിതാവിനു നൽകിയ നിർദ്ദേശമാണ് സമീപകാല സംഭവപരമ്പരയിൽ ആദ്യത്തേത്. താൽക്കാലിക സഹായ മെത്രാനെ നിയമിക്കാനുള്ള സ്വാതന്ത്ര്യം മലങ്കര മെത്രാപ്പോലീത്തായ്ക്കു മാത്രമാണ്. അക്കാര്യത്തിൽ ആർക്കും കൈകടത്താനാവില്ല. എന്നാൽ സ്ഥിരം ഭദ്രാസന മെത്രാനെയോ അസിസ്റ്റന്റ് മെത്രാനെയോ നിയമിക്കേണ്ടത് മാനേജിംഗ് കമ്മറ്റിയുടെ ശുപാർശപ്രകാരം മലങ്കര മെത്രാപ്പോലീത്തായാണ്. ഇതു രണ്ടിലും എപ്പിസ്കോപ്പൽ സുന്നഹദോസിനു പങ്കില്ല. ഈ സാഹചര്യത്തിൽ ഇപ്രകാരം ഒരു അന്ത്യശാസനം നൽകിയത് മലങ്കര മെത്രാപ്പോലീത്തായുടെ അധികാരത്തെത്തന്നെ ചോദ്യം ചെയ്തതിനു തുല്യമായാണ് കണക്കാക്കപ്പെടുന്നത്.

രണ്ടാമതായി, പള്ളിപൊതുയോഗങ്ങളിൽ സ്ത്രീകൾക്കു നിരീക്ഷകരായി പങ്കെടുക്കാൻ അനുമതി നൽകിയ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനമാണ്. ഈ തീരുമാനം തികച്ചും സ്വാഗതാർഹമെങ്കിലും ഇപ്രകാരം ഒരു തീരുമാനം എടുക്കാനുള്ള അധികാരം മാനേജിംഗ് കമ്മറ്റിക്കാണ്. കുറഞ്ഞപക്ഷം മാനേജിംഗ് കമ്മറ്റിയുടെ സമ്മതമെങ്കിലും വാങ്ങേണ്ടതായിരുന്നു എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അതും ഉണ്ടായിട്ടില്ല.

മെത്രാൻ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഏകപക്ഷീയമായി നിശ്ചയിച്ചതാണ് ഏറ്റവും സമകാലിക സംഭവം. 1970 -ൽ ഇപ്രകാരം ചട്ടം പരിഷ്കരിച്ചത് വൈദികരും അൽമായരുമടങ്ങിയ ഒരു കമ്മറ്റിയാണ് എന്ന വസ്തുത പരിഗണിക്കുമ്പോൾ മാനേജിംഗ് കമ്മറ്റിയുടെ അധികാരം എപ്രകാരം എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കവരുന്നു എന്നത് വെളിപ്പെടുന്നു.

എന്നാൽ, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങളും അട്ടിമറിക്കപ്പെടുകയാണ്. 2007 മെയ് 9-നു *അസോസിയേഷൻ സെക്രട്ടറി തിരഞ്ഞെടുപ്പു നടത്താൻ* എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചിരുന്നു. എങ്കിലും ഒരൊറ്റ മെത്രാന്റെ വിദേശയാത്രാ സൗകര്യത്തിനായി ആരോടും ആലോചിക്കാതെ ഏകപക്ഷീയമായി ഈ തീരുമാനം അട്ടിമറിച്ച് മെയ് രണ്ടിനു തിരഞ്ഞെടുപ്പു നടത്തി. ഇതിൽ ചില മെത്രാന്മാർ തന്നെ പരസ്യമായി പ്രതിഷേധിക്കുകയുമുണ്ടായി.

വിദേശമെത്രാന്റെ വാഴ്ച സംബന്ധിച്ച വിവാദമാണ് സമീപകാല സംഭവം. 2007 ഓഗസ്റ്റ് സുന്നഹദോസിന്റെ തീരുമാനവും, പ. പിതാവിന്റെ താൽപര്യവും വകവെയ്ക്കാതെ, മെത്രാൻ വാഴ്ച നടത്തില്ല എന്ന് ഒരു മെത്രാൻ ശാഠ്യം പിടിച്ചത് പ. സുന്നഹദോസിനെ അനുസരിക്കാത്ത നടപടിയാണ്. തുടർന്ന് ഡിസംബർ 6-ലെ സുന്നഹദോസ് നിശ്ചയങ്ങളുടെ നോട്ടെന്നപേരിൽ ഏതാനും വർക്കിംഗ് കമ്മറ്റി അംഗങ്ങൾക്കു നൽകിയ വിശദീകരണം സുന്നഹദോസിൽ പരാജയപ്പെട്ട തന്റെ ആശയം ന്യായീകരിക്കാനുള്ള ശ്രമമായാണ് വിലയിരുത്തപ്പെടുന്നത്. വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മാത്രം അധികാരപരിധിയിൽ വരുന്ന വിഷയമാകയാൽ ഇപ്രകാരം ഒരു കുറിപ്പു തയാറാക്കുന്നതുപോലും ഭരണഘടനാവിരുദ്ധവും തദ്വാര അച്ചടക്കലംഘനവുമാണെന്നും വിലയിരുത്തപ്പെടുന്നു.

പ. പിതാവിനെ ആത്മീയ കാര്യങ്ങളിൽ സഹായിക്കാനുള്ള എപ്പിസ്കോപ്പൽ സബ് കമ്മിറ്റിയും വിളിച്ചുകൂട്ടാറില്ല. ഇതിനെതിരെ ഓഗസ്റ്റിലെ സുന്നഹദോസിൽ ഒരംഗം തുറന്നടിച്ചതിനെ തുടർന്ന് സബ് കമ്മിറ്റിയുടെ ഒരു യോഗം വിളിച്ചുകൂട്ടി. എന്നാൽ ആ കമ്മിറ്റിയിൽപെട്ട രണ്ടു മെത്രാന്മാർ നാട്ടിലില്ലാത്ത സമയം ഉറപ്പാക്കിയാണ് ഈ യോഗം വിളിച്ചതെന്ന് ആക്ഷേപമുണ്ട്.

ഈ പ്രവണതയെ നേരിടേണ്ട അൽമായ നേതൃത്വമാകട്ടെ, തികച്ചും ദയനീയ പ്രകടനമാണ് കാഴ്ചവെയ്ക്കുന്നത്. ചിലരുടെ രാഷ്ട്രീയ ചട്ടുകങ്ങളായും ചില സ്ഥാനമാനങ്ങൾക്കുവേണ്ടിയും പ്രവർത്തിക്കുന്ന ഇവർക്ക് ഈ സാഹചര്യത്തിന്റെ ഗൗരവം പോലും മനസിലായിട്ടില്ല. മുൻപെങ്ങും ഉണ്ടാകാത്തവിധം പ. പിതാവ് പിൻഗാമിയായ ശ്രേഷ്ഠ നിയുക്ത കാതോലിക്കായ്ക്ക് ഏതാണ്ടെല്ലാ ഭരണാധികാരവും കൈമാറിയിരിക്കുകയാൽ ഈ പ്രവണത തടയേണ്ടത് അദ്ദേഹമാണെന്നും അല്ലാത്തപക്ഷം ഈ ഏകാധിപത്യത്തിന് അദ്ദേഹവും കൂട്ടുനിൽക്കയാണെന്ന ആരോപണം ഉണ്ടാകുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

**AKHILA MALANKARA ORTHODOX ALMAYA VEDHI**

**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**

അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. **പൊതുവായ കാര്യങ്ങൾ:** കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡണ്ട്) ഫോൺ: 9895561426. **നയപരമായ കാര്യങ്ങൾ**: തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ: 9349437714. **പ്രസിദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ**: ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ: 9847565510. **സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ**: ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ: 9349916816

**വാർഷിക വരിസംഖ്യ** - വരിസംഖ്യ മുകളിൽ കാണുന്ന മേൽവിലാസത്തിൽ M. O ആയോ Bank of Maharashtra A/c ലേക്ക് അയക്കുകയോ ചെയ്യാം.

## വിദേശിയെ മെത്രാപ്പോലീത്തായായി വാഴിച്ച സംഭവം

# ഓർത്തഡോക്സ് സഭാ മെത്രാപ്പോലീത്താമാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നു

കോട്ടയം: ഓർത്തഡോക്സ് സഭയിലെ രണ്ട് മെത്രാപ്പോലീത്താമാർ ചേർന്ന് ഒരു വിദേശിയെ മെത്രാപ്പോലീത്തായായി വാഴിച്ച സംഭവം വിവാദമായതിനെത്തുടർന്ന് സഭയിലെ മെത്രാപ്പോലീത്താമാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നു.

ജനുവരി 10-നു ചേരുന്ന സഭാ മാനേജിംഗ് കമ്മറ്റി യോഗത്തിൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കും.

മെത്രാപ്പോലീത്താമാർ ഗുരുതരമായ അച്ചടക്ക ലംഘനമാണ് നടത്തിയതെന്ന് ചൂണ്ടിക്കാട്ടി ഒരു വിഭാഗം മാനേജിംഗ് കമ്മറ്റിയംഗങ്ങൾ പരസ്യമായി രംഗത്തെത്തിയിരുന്നു.

മെത്രാഭിഷേകത്തിനു നേതൃത്വം നൽകിയ ഡോ. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് മാനേജിംഗ് കമ്മറ്റിയിലെ ഒരു വിഭാഗത്തിന്റെ ആവശ്യം. ഇതേത്തുടർന്നാണ് മെത്രാപ്പോലീത്താമാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നത്. ജർമൻ പൗരനായ റമ്പാനെ മെത്രാപ്പോലീത്തായായി വാഴിച്ചത് പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുമതി കൂടാതെയാണെന്ന് വ്യക്തമാക്കി സഭാകേന്ദ്രത്തിൽ നിന്നു വർക്കിംഗ് കമ്മറ്റിയംഗങ്ങൾക്കായി നൽകിയതായി പറയപ്പെടുന്ന സർക്കുലർ പുതിയ വിവാദത്തിന് ഇട നൽകിയിരിക്കുകയാണ്.

പാത്രിയർക്കീസ് ഭാഗത്തു നിന്നും സഭയിലേക്ക് വന്ന ഡോ. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവരാണ് വാഴിക്കൽ ചടങ്ങ് നടത്തിയതെന്നും പിന്നീട് സഭാ സുന്നഹദോസിൽ മറ്റ് മെത്രാപ്പോലീത്താമാർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആര്, എന്ന്, എവിടെവച്ച് എന്നു വ്യക്തമാക്കാൻ ഇവർ തയാറായില്ലെന്നും സർക്കുലറിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

വാഴിക്കപ്പെട്ട വ്യക്തിയെപ്പറ്റിയുള്ള വിവരങ്ങൾ സിനഡ് ഉപ സമിതിക്ക് നൽകിയിട്ടില്ലെന്നും ഇക്കാരണത്താൽ വാഴിക്കൽ സഭയുടെ അച്ചടക്കത്തെ ബാധിച്ചുവെന്നുമാണ് സർക്കുലർ പറയുന്നത്. വിദേശ പൗരനെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തിയത് സംബന്ധിച്ചു മലങ്കരസഭാ കേന്ദ്രത്തിൽ നിന്ന് അറിയിക്കുന്നത് എന്ന തലവാചകത്തിലുള്ള സർക്കുലറിൽ വാഴിക്കലിന്റെ പശ്ചാത്തലം വിശദമായി വിവരിക്കുന്നു.

ഡോ. തോമസ് മാർ അത്താനാസിയോസിനെയും യൂഹാനോൻ മാർ മിലിത്തിയോസിനെയും പ്രത്യക്ഷമായും പരോക്ഷമായും വിമർശിച്ചുകൊണ്ടാണ് സർക്കുലർ തയാറാക്കിയിരിക്കുന്നത്.

നവംബർ 20-നു ദേവലോകത്ത് ചേർന്ന സഭാ ഉപസമിതിയുടെ യോഗത്തിൽ വിദേശികളായ റമ്പാന്മാരെ ഓർത്തഡോക്സ് സഭ വാഴിക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുള്ളതാണെന്നും ഇതിന് വിരുദ്ധമായാണ് ഈ മെത്രാപ്പോലീത്താമാർ പ്രവർത്തിച്ചതെന്നുമാണ് സർക്കുലറിൽ പറയുന്നത്. എന്നാൽ ഇങ്ങനെ ഒരു സർക്കുലർ സഭാകേന്ദ്രത്തിൽ നിന്നു പ്രസിദ്ധീകരിച്ചതായി തനിക്കറിയില്ലെന്നാണ് സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ് പറയുന്നത്. (മംഗളം, ഡിസംബർ 20)

# ശുശ്രൂഷയ്ക്ക് ഓർത്തഡോക്സ് വൈദികരെ സഹകരിപ്പിക്കാം: യാക്കോബായ പക്ഷം

ശുശ്രൂഷകളിൽ ഓർത്തഡോക്സ് വിഭാഗം വൈദികരെ സഹകരിപ്പിയ്ക്കുന്ന കാര്യത്തിൽ യാക്കോബായ വിഭാഗം വിട്ടുവീഴ്ചയ്ക്ക്.

ഇരു വിഭാഗം വിശ്വാസികളും പങ്കെടുക്കാറുള്ള വിവാഹം, ശവസംസ്ക്കാരം എന്നീ കൂദാശകളിൽ മറുവിഭാഗം വൈദികരെ സഹകരിപ്പിക്കുന്നതിനു തയ്യാറാണെന്നു സർക്കാർ നിയോഗിച്ച മധ്യസ്ഥ സമിതിയെ അറിയിച്ചിട്ടുണ്ട്. മലങ്കര സഭാതർക്കം പരിഹരിക്കുന്നതനു രൂപീകരിച്ചിട്ടുള്ള മധ്യസ്ഥ സമിതിയുടെ കൺവീനർ മുൻ എം. ജി. സർവകലാശാല വൈസ് ചാൻസലർ ഡോ. സിറിയക് തോമസാണ്.

എന്നാൽ സമാധാനത്തിന്റെ പ്രഥമ ചുവട് എന്നവണ്ണം കേസില്ലാത്ത പള്ളികളിൽ മാത്രമായിരിക്കും വിട്ടുവീഴ്ച.

തർക്കമുള്ള പള്ളികളിൽ ഇരുപക്ഷവും വാദിയും പ്രതിയുമായി കോടതിയിൽ ഏറ്റുമുട്ടുന്ന സാഹചര്യത്തിൽ ഇത്തരത്തിലുള്ള വിട്ടുവീഴ്ചയ്ക്ക് പ്രസക്തിയില്ലെന്നും യാക്കോബായ വിഭാഗം മദ്ധ്യസ്ഥ സമിതിയെ അറിയിച്ചിട്ടുണ്ട്. കേസുകൾ ഒരു വർഷത്തേയ്ക്കു നിർത്തിവയ്ക്കുന്ന പക്ഷം അവിടെയും സഹകരണത്തിന് തയാറാണ്.

മധ്യസ്ഥ സമിതി മുമ്പാകെ ഓർത്തഡോക്സ് വിഭാഗം പ്രതിനിധികളാണ് ഈ നിർദ്ദേശം മുന്നോട്ടുവച്ചത്. തങ്ങളുടെ വൈദികരെ യാക്കോബായ വിഭാഗത്തിന്റെ പള്ളികളിൽ പ്രവേശിപ്പിക്കാൻ അനുവദിക്കണമെന്നായിരുന്നു നിർദ്ദേശം.

കേസില്ലാത്ത മറുവിഭാഗം പള്ളികളിലെ വൈദികർ തങ്ങളെ സമീപിച്ചാൽ മാന്യമായ സ്ഥാനവും പരിഗണനയും നൽകുമെന്നു ശ്രേഷ്ഠ കാതോലിക്കാ മാർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. കേസുകളുള്ള പള്ളികളിലെ വാദിയും പ്രതിയും ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചാൽ ഭംഗിയാവില്ലന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. എന്നാൽ യാക്കോബായ വിഭാഗം വൈദികരെ എതിർപക്ഷത്തിന്റെ പള്ളികളിൽ പ്രവേശിപ്പിക്കുന്നതിനെപ്പറ്റി ഓർത്തഡോക്സ് വിഭാഗം നിലപാട് വ്യക്തമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ കോട്ടയം ഭദ്രാസനത്തിലെ നടപടികൾ മാതൃകയാക്കണമെന്നാണ് ശ്രേഷ്ഠ ബാവായുടെ നിലപാട്. അവിടെ യാക്കോബായ വിഭാഗത്തിന്റെ വിവാഹ, മരണാന്തര ശുശ്രൂഷകളിൽ ഓർത്തഡോക്സ് വിഭാഗം വൈദികരെയും സഹകരിപ്പിക്കുന്നുണ്ട്. എന്നാൽ വടക്കൻ ഭദ്രാസനങ്ങളിലെ യാക്കോബായ പള്ളികളിൽ ഓർത്തഡോക്സ് വിഭാഗം വൈദികർക്കുള്ള വിലക്ക് നിലനിൽക്കുന്നു. (മംഗളം, ഡിസംബർ 22)

# മതമേലധ്യക്ഷന്മാരെ പങ്കെടുപ്പിക്കണമെന്ന് നിർദ്ദേശം

സി. പി. എം. സംസ്ഥാന സമ്മേളനത്തിൽ പരമാവധി മതമേലധ്യക്ഷന്മാരെ പങ്കെടുപ്പിക്കണമെന്നു സ്വാഗതസംഘത്തിനു പാർട്ടി നിർദ്ദേശം നൽകി. പാർട്ടിയും സംസ്ഥാന സർക്കാരും ന്യൂനപക്ഷ വിരുദ്ധരാണെന്ന പ്രചാരണം ശക്തമായ സാഹചര്യത്തിൽ സമ്മേളനത്തോടനുബന്ധിച്ചുള്ള സെമിനാറുകളിൽ മതമേലധ്യക്ഷന്മാരെ പങ്കെടുപ്പിക്കണമെന്നാണ് നിർദ്ദേശം. ‘മത ന്യൂനപക്ഷങ്ങളും കമ്യൂണിസ്റ്റ് പാർട്ടിയും’, ‘ന്യൂനപക്ഷ സ്ഥാപനങ്ങളും സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങളും’ എന്നീ വിഷയങ്ങളിലുള്ള സെമിനാറുകളിൽ പാർട്ടിയോട് ആഭിമുഖ്യമുള്ളവരും പാർട്ടിവിരുദ്ധമല്ലാത്തവരുമായ മതമേലധ്യക്ഷന്മാരെയാണു ക്ഷണിക്കുക. ജനുവരി 24-ന് പാമ്പാടിയിൽ നടത്തുന്ന ആദ്യ സെമിനാറിൽ ഓർത്തഡോക്സ് സഭയിൽ നിന്ന് യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായെ പങ്കെടുപ്പിക്കാനാണ് നീക്കം.

വിദേശിയെ മെത്രാപ്പോലീത്തയായി വാഴിച്ച സംഭവത്തിൽ വിവാദപുരുഷനാണ് യൂഹാനോൻ മാർ മിലിത്തോസ്. വാഴിക്കൽ വിവാദമാക്കിയതിനു പിന്നിൽ പാമ്പാടി ദയറാ മാനേജർ പി. സി. യോഹന്നാൻ റമ്പാനും ജോസഫ് എം. പുതുശേരി എം. എൽ. എ. യുമാണെന്ന് അദ്ദേഹം പരസ്യമായി ആരോപിച്ചിരുന്നു. ഓർത്തഡോക്സ് സഭയിൽ തന്നോടു പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിയ്ക്കു മാത്രമേ വിരോധമുള്ളുവെന്നു അദ്ദേഹം സൂചിപ്പിച്ചു.

ഉമ്മൻചാണ്ടിയുടെ മണ്ഡലമായ പുതുപ്പള്ളിയിൽ പെട്ട പാമ്പാടിയിൽ തന്നെ ആദ്യ സെമിനാർ നടത്താൻ സി. പി. എം. നേതൃത്വം തീരുമാനിച്ചതിന്റെ കാരണമതാണ്. ഉമ്മൻചാണ്ടിക്കെതിരെയും പി. സി. യോഹന്നാൻ റമ്പാനെതിരെയും പാർട്ടിവേദിയിൽ മാർ മിലിത്തിയോസിന്റെ ആരോപണങ്ങൾ ആവർത്തിപ്പിക്കുകയാണു ലക്ഷ്യം.

പുതുപ്പള്ളി മണ്ഡലത്തിൽ നിർണായക സ്വാധീനമുള്ള ഓർത്തഡോക്സ് വിഭാഗത്തിന്റെ മെത്രാപ്പോലീത്തയെ ഉപയോഗിച്ച് ഓർത്തഡോക്സ് പക്ഷക്കാരനായ ഉമ്മൻചാണ്ടിയക്കെതിരെ പ്രസംഗിപ്പിച്ച് രാഷ്ട്രീയ നേട്ടം കൊയ്യാമെന്നു സി. പി. എം. പ്രതീക്ഷിക്കുന്നു.

മറ്റു ക്രൈസ്തവ സഭാമേലധ്യക്ഷന്മാരെയും സെമിനാറുകളിൽ പങ്കെടുപ്പിക്കാൻ തീരുമാനമുണ്ട്. കത്തോലിക്കാ സഭയെ മാത്രം ഒറ്റപ്പെടുത്തി മറ്റു ക്രൈസ്തവ സഭകളുമായി ചങ്ങാത്തം സ്ഥാപിക്കാൻ പാർട്ടി സംസ്ഥാനതലത്തിൽ തീരുമാനിച്ചിരുന്നു.

അതിന്റെ ഭാഗമായി ഉതരസഭകൾ നടത്തുന്ന മുഴുവൻ പരിപാടികളിലും പങ്കെടുക്കണമെന്ന് സി. പി. എം. മന്ത്രിമാർക്കു കർശന നിർദ്ദേശം നൽകിയിരിക്കുന്നു.

യാക്കോബായ സഭയുടെ ശ്രേഷ്ഠകാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷവും മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തതും ഓർത്തഡോക്സ് സഭയിലെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ ജന്മദിനാഘോഷം മന്ത്രി എം. എ. ബേബി ഉദ്ഘാടനം ചെയ്തതും അതിന്റെ ഭാഗമാണ്.

മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷത്തിൽ മന്ത്രി തോമസ് ഐസക്കായിരുന്നു മുഖ്യാതിഥി.

(മംഗളം, ഡിസംബർ 24)

# ആർത്താറ്റ് കുന്നംകുളം പള്ളി: കോടതിക്കേസുകൾ ഒത്തുതീർപ്പിലെത്തി

### റ്റി. എം. സൈമൺ കുന്നംകുളം

ആർത്താറ്റ് കുന്നംകുളം മഹാഇടവകയും, ഭദ്രാസന മെത്രാപ്പോലീത്തായും തമ്മിൽ 1998 മുതൽ നിലവിലുണ്ടായിരുന്ന കേസുകൾ തൃശൂർ കോടതിയിൽ രാജി ഹർജി സമർപ്പിച്ചതോടെ അവസാനിച്ചു. അനുബന്ധമായി ഹൈക്കോടതിയിലും മറ്റുമായി ഉണ്ടായിരുന്ന കേസുകളും രാജിയായി.

ഒത്തുതീർപ്പു വ്യവസ്ഥകൾപ്രകാരം ആർത്താറ്റ് കുന്നംകുളം ഓർത്തഡോക്സ് പള്ളി ഇടവക പരിപൂർണ്ണ പിൻതുടർച്ചാവകാശത്തോടെ ആർത്താറ്റ് കുന്നംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ പള്ളി ഇടവക എന്നറിയപ്പെടും. അനുബന്ധപള്ളിയായ മെയിൻ റോഡ് സെന്റ് ഗ്രിഗോറിയോസ് പള്ളി, പാറയിൽ സെന്റ് ജോർജ്ജ് പള്ളി, ചിറളയം സെന്റ് ലാസ്സറസ്സ് പള്ളി, സെന്റ് തോമസ്സ് കിഴക്കെ പുത്തൻപള്ളി, തെക്കെ അങ്ങാടി സെന്റ് മത്ഥ്യാസ് പള്ളി, ഇയ്യാൽ സെന്റ് തോമസ് പള്ളി, ചിറ്റഞ്ഞൂർ സെന്റ് മേരീസ് പള്ളി, ആർത്താറ്റ് സെന്റ് മേരീസ് പുത്തൻപള്ളി എന്നിവ സ്വതന്ത്ര ഇടവകകൾ ആയിരിക്കും. ആർത്താറ്റ് സെന്റ് മേരീസ് പള്ളിയും കുന്നംകുളം പഴയപള്ളിയും കൂടി ആർത്താറ്റ് കുന്നംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് സിറിയൻ പള്ളി അഥവാ ആർത്താറ്റ് കുന്നംകുളം മഹാഇടവക എന്ന പേരിൽ അറിയപ്പെടും. ആർത്താറ്റ് കുന്നംകുളം പള്ളിയുടെ എല്ലാ സ്ഥാവര ജംഗമസ്വത്തുക്കളും, ശവക്കോട്ട, ഹൈസ്ക്കൂൾ, ഐ. റ്റി. സി. മുതലായവയും ടി പള്ളിയുടെ സ്വത്തുക്കളായിരിക്കും. വൈശേരി സെന്റ് ഗ്രിഗോറിയോസ് പള്ളി ഇടവക ഒരു പ്രത്യേക സ്വതന്ത്ര സംവിധാനത്തോടെയുള്ള ഭരണക്രമമനുസരിച്ച് തുടരുന്നതാണ്.

സമാധാനമായതിനുശേഷം പുതിയ ഇടവക ഭരണസമിതി 2007 ജൂൺ മാസത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. ജൂലൈ മാസം 2-ാം തീയതി പുതിയ കൈക്കാരനെയും മറ്റു ഭാരവാഹികളെയും, പുതിയ വികാരിയെയും ഇടവക മെത്രാപ്പോലീത്താ നിയമിച്ചു കല്പനയായി.

അങ്ങിനെ 9 വർഷത്തോളം കോടതി കയറിയിറങ്ങലിന് വിരാമമായി. കേസുകൾ ഒത്തുതീർപ്പാക്കുന്നതിനു അശ്രാന്തപരിശ്രമം ചെയ്ത എല്ലാവർക്കും യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ ആശംസകൾ അർപ്പിക്കുന്നു.

# കുന്നംകുളം സെന്റ് ലാസറസ് പഴയപള്ളിയിൽ 200-ൽ പരം കൊല്ലം പഴക്കമുള്ള ഭൗതീകാവശിഷ്ടം കണ്ടെത്തി

### റ്റി. എം. സൈമൺ കുന്നംകുളം

കുന്നംകുളം സെന്റ് ലാസറസ് പഴയപള്ളിയുടെ പുനരുദ്ധാരണ ജോലിയ്ക്കിടെ വി. മദ്ഹബഹായുടെ താഴെ ഹൈക്കാലയിൽ ഏകദേശം 200 ൽ പരം കൊല്ലം പഴക്കമുള്ള ഭൗതീകാവശിഷ്ടം കണ്ടെത്തി.

വി. മദ്ഹബായുടെ തൊട്ടു താഴെ രണ്ടടി താഴ്ചയിൽ ഉള്ള കുഴിയിൽ, പ്രത്യേകം കല്ലുകൾകൊണ്ട് കെട്ടിയ അറയ്ക്കുള്ളിലാണ് മസ്നപസ, ലോഹ നിർമ്മിത വസ്തുക്കൾ എന്നിവ അടക്കം ചെയ്ത പെട്ടി ദ്രവിച്ചുപോയതിനാൽ പെട്ടിയുടെ വിജാഗിരി, കൊളുത്ത് എന്നിവ കണ്ടെത്തിയത്. 1816 നവംബർ 25-നു കാലം ചെയ്ത “സഭാ ജോതിസ്സ്” പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ഭൗതീകാവശിഷ്ടങ്ങൾ കുന്നംകുളത്തുകാർ കോട്ടയത്തുനിന്ന് കൊണ്ടു വന്ന് സെന്റ് ലാസറസ് പഴയപള്ളിയിൽ പ്രത്യേക കബറിടം നിർമ്മിച്ച് സ്ഥാപിക്കുകയുണ്ടായി. ഈ കബറിങ്കലെ കുരിശ് അനേകം ഭക്തജനങ്ങളുടെ ആശാസങ്കേതമായിരുന്നു. 1850-ൽ ശീമയിൽ നിന്നു വന്ന യൂയാക്കിമാർ കൂറിലോസ്സ് തിരുമേനി ഈ കബറിടം ചവിട്ടിപൊളിയ്ക്കുകയുണ്ടായി. കറുത്ത വർഗ്ഗക്കാരെ ഒരു പരിശുദ്ധനെ പോലെ കണക്കാക്കുവാൻ പാടില്ല എന്നും, പരിശുദ്ധ പദവി ശീമ മെത്രാന്മാർക്ക് മാത്രം ഉള്ളതാണെന്നും അദ്ദേഹം ആരോപിച്ചു. ഈ കുരിശ് ഭക്ത ജനങ്ങൾ നിലത്തുവക്കാതെ മാറിമാറി സൂക്ഷിച്ചു. കുന്നംകുളത്തെ സെന്റ് തോമസ്സ് പുത്തൻ പള്ളി 1852-ൽ സ്ഥാപിതമായപ്പോൾ വി. ത്രോണോസ്സിൽ ഈ കുരിശു സ്ഥാപിച്ചു. കബറിടം ചവിട്ടിപൊളിച്ച കൂറിലോസ് മെത്രാൻ രണ്ടു കാലിലും നീരുവന്ന് നടക്കാൻ കഴിയാതിരുന്ന നിലയിലായിരുന്നു. പ്രായശ്ചിത്തമായി ഈ കുരിശു സ്ഥാപിക്കുന്ന ചടങ്ങിനു, സെന്റ് തോമസ് പുത്തൻ പള്ളിയിൽ പ്രധാന കാർമ്മികത്വം വഹിച്ചു എന്നു പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്.

കുന്നംകുളം പഴയപള്ളിയുടെ ചുമർ പുതുക്കി പ്ലാസ്റ്റർ ഇടുന്നതിന് 10 വർഷം മുമ്പ് ശ്രമിച്ചപ്പോൾ, ടി ചുമരിൽ വളരെ പുരാതന കാലത്തെ ചുവർ ചിത്രങ്ങൾ കാണുവാൻ ഇടയായി. ചിലതരം പച്ചിലകൾ അരച്ചു ചേർച്ച് പെയിന്റ് രൂപത്തിലാക്കി വരച്ച ചിത്രങ്ങൾ പ്രത്യേകം സംരക്ഷിച്ചു വരുന്നു. കുന്നംകുളത്തും സമീപപ്രദേശങ്ങളിലും ഉള്ള ധാരാളം വിശ്വാസികൾ ഈ ഭൗതീകാവശിഷ്ടം കണ്ട് അനുഗ്രഹം പ്രാപിക്കുന്നതിനായി വന്നുകൊണ്ടിരിക്കുന്നു. 2008 ജനുവരി രണ്ടാം വാരത്തിൽ വിപുലമായ പരിപാടികളോടെ ഈ പൂജ്യ തിരുശേഷിപ്പ് പ. ബാവായും മെത്രാപ്പോലീത്താന്മാരുടെയും സഹകരണത്തോടെ പഴയപള്ളിയിൽ സ്ഥാപിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു.


നസ്രാണി പഠനങ്ങൾ ഭാഗം 1

എം. കുര്യൻ തോമസ്

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം

കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYAVEDHI, POST BOX NO. 652, KOTTAYAM - 686 001

# ആരാണ് മെത്രാനെ വാഴിക്കേണ്ടത്?

## എം. കുര്യൻ തോമസ്

2007 ഡിസംബർ 6-നു കൂടിയ മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, തുർക്കി വംശജനും സുറിയാനി സഭാംഗവുമായ മൂശാ ഗുർഗാൻ റമ്പാനെ മാർ സേവറിയോസ് എന്നപേരിൽ യൂറോപ്പിലെ സുറിയാനി അതിഭദ്രാസനത്തിനായി മലങ്കരസഭയിലെ ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തോസ് എന്നീ മെത്രാപ്പോലീത്താമാർ ചേർന്നു വാഴിച്ച നടപടി അംഗീകരിച്ചതോടെ, ഈ വിഷയം ഒരു അടഞ്ഞ അധ്യായമായി മാറി. എന്നാൽ ഇതു സംബന്ധിച്ച് വിവിധ മാധ്യമങ്ങളിൽ വന്ന തെറ്റിദ്ധാരണാജനകമായ വാർത്തകൾ, ഈ മേല്പട്ടസ്ഥാനാരോഹണത്തിന്റെ ഭരണാഘടനാപരവും കാനോനികവുമായ സാധുതയെപ്പറ്റി സാധാരണജനങ്ങളിൽ കടുത്ത ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്.

ഒന്നാമതായി, ഈ മേല്പ്പട്ടവാഴ്ചയും മലങ്കരസഭാ ഭരണഘടനയും (1934-ലെ) തമ്മിലുള്ള ബന്ധം പരിശോധിക്കാം. 1967-ൽ ഭേദഗതി വരുത്തി, ഇപ്പോൾ നിലവിലിരിക്കുന്ന ഭരണഘടനയുടെ എട്ടാം അധ്യായം ബി. വകുപ്പുപ്രകാരം, മലങ്കരസഭയിൽ ഒരു മേല്പട്ടക്കാരനെ വാഴിക്കണമെങ്കിൽ മലങ്കര അസോസിയേഷന്റെ തിരഞ്ഞെടുപ്പും സുന്നഹദോസിന്റെ അംഗീകാരവും ആവശ്യമാണ്. എന്നാൽ ഈ വകുപ്പുകൾ ബാധകമാകുന്നത് മലങ്കരസഭയിൽ ഭരണാധികാരമുള്ള മെത്രാന്മാർക്ക് മാത്രമാണെന്ന് ഭരണഘടന മൊത്തത്തിൽ പരിശോധിക്കുമ്പോൾ ബോദ്ധ്യമാകും.

മലങ്കരസഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അംഗങ്ങളാണ്. എന്നാൽ ഭദ്രാസനഭരണമുള്ള മെത്രാപ്പോലീത്താമാർ മാത്രമാണ് ഭരണഘടനപ്രകാരം മലങ്കര അസോസിയേഷനിലും മാനേജിംഗ് കമ്മറ്റിയിലും അംഗമാകുന്നത്. ഉദാഹരണത്തിന്, നിരണം ഭദ്രാസനത്തിന്റെ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ഭദ്രാസനഭരണം ഉപേക്ഷിച്ചു റിട്ടയർ ചെയ്തതോടെ അസോസിയേഷനിലും മാനേജിംഗ് കമ്മറ്റിയിലും അദ്ദേഹത്തിന് അംഗത്വം നഷ്ടപ്പെട്ടു. പക്ഷേ, അദ്ദേഹം ഇന്നും മലങ്കരസഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ പൂർണ അംഗമാണ്. അസോസിയേഷൻ തിരഞ്ഞെടുത്തു പുതുതായി വാഴിക്കുന്ന എപ്പിസ്ക്കോപ്പാമാരും മാനേജിംഗ് കമ്മറ്റിയുടെ ശുപാർശപ്രകാരം മലങ്കര മെത്രാപ്പോലീത്താ ഇടവക ഭരണം നൽകുന്നതുവരെ അസോസിയേഷനിലും മാനേജിംഗ് കമ്മറ്റിയിലും അംഗമല്ല. എന്നാൽ വാഴിക്കുന്ന നിമിഷം മുതൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അംഗമാണു താനും.

മലങ്കരസഭാ ഭരണഘടനപ്രകാരം, ഭദ്രാസന ഭരണമില്ലാത്ത മെത്രാപ്പോലീത്താമാരെ വാഴിക്കുവാൻ മലങ്കര അസോസിയേഷന്റെ തിരഞ്ഞെടുപ്പ് ആവശ്യമില്ലായെന്ന് ഭരണഘടനയിൽ നിന്നുതന്നെ വ്യക്തമാണ്. ഇപ്രകാരം മലങ്കരസഭയിൽ മെത്രാപ്പോലീത്താമാരെ വാഴിച്ചിട്ടുമുണ്ട്. 1953-ൽ സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ കൂറിലോസ് എന്നിവരെ എപ്പിസ്ക്കോപ്പാമാരായി വാഴിച്ചത് അസോസിയേഷന്റെ തിരഞ്ഞെടുപ്പ് കൂടാതെയാണ്. ഭദ്രാസനഭരണം ഇല്ലാതെ മിഷനറി ബിഷപ്പുമാരായി വാഴിക്കപ്പെട്ട അവർക്ക് അത്തരമൊരു തിരഞ്ഞെടുപ്പിന്റെ ആവശ്യം ഭരണഘടനപ്രകാരം ഉണ്ടായിരുന്നില്ല.

മലങ്കരസഭാ ഭരണഘടനയുടെ 112-ാം വകുപ്പ് *മലങ്കരയ്ക്ക് ആവശ്യമുള്ള എപ്പിസ്ക്കോപ്പാമാരെയും മെത്രാപ്പോലീത്താമാരെയും എപ്പിസ്ക്കോപ്പൽ സിനഡിന്റെ സഹകരണത്തോടുകൂടി കാതോലിക്കാ വാഴിക്കുന്നതാകുന്നു. ഒരു എപ്പിസ്ക്കോപ്പായേയോ മെത്രാപ്പോലീത്തായേയോ വാഴിയ്ക്കുമ്പോൾ വാഴിക്കപ്പെടുന്ന മേല്പ്പട്ടക്കാരൻ സിനഡിന്റെ അദ്ധ്യക്ഷനായ കാതോലിക്കായ്ക്കു ശൽമൂസോ എഴുതിവയ്ക്കേണ്ടതാകുന്നു. ഇപ്രകാരം വാഴിയ്ക്കപ്പെടുന്ന മേല്പട്ടക്കാരനു സ്ഥാത്തിക്കോൻ കാതോലിക്കാ കൊടുക്കുന്നതാകുന്നു* എന്നാണ്. ഈ വകുപ്പിൽ, *മലങ്കരസഭയ്ക്ക് ആവശ്യമുള്ള* എന്ന ഭാഗത്തിനാണ് ഊന്നൽ. മലങ്കരസഭയ്ക്കു മെത്രാന്മാരെ വാഴിക്കുമ്പോൾ മുകളിൽപറഞ്ഞ ഭരണഘടനാ വ്യവസ്ഥ ബാധകമാണ്. കാതോലിക്കായ്ക്ക് *ശൽമൂസാ* എന്ന വിശ്വാസപ്രഖ്യാപന ഉടമ്പടി നൽകുന്നതും, കാതോലിക്കാ അദ്ദേഹത്തിനു *സ്ഥാത്തിക്കോൻ* എന്ന അധികാരപത്രം നൽകുന്നതും മലങ്കരസഭയിലെ മേല്പ്പട്ടക്കാരൻ എന്ന നിലയിൽ നവാഭിഷിക്തനെ സഭയുടെ അദ്ധ്യക്ഷൻ സഭയുടെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായിട്ടാണ്. മലങ്കരയിലെ മേല്പട്ടക്കാർക്കു സ്വന്തം ഇടവകയിലെ കശീശാ - ശെമ്മാശപട്ടങ്ങൾ നൽകുവാനും അതിനാസ്പദമായ ഭരണഘടനാ നിയമങ്ങൾ പാലിച്ചേ തീരൂ. ഇതിനു സമാനമായാണ് മേല്പ്പട്ടവാഴ്ചയെക്കുറിച്ചുള്ള ഭരണഘടനയിലെ ഈ വ്യവസ്ഥ സുന്നഹദോസിനും കാതോലിക്കായ്ക്കും ബാധകമാകുന്നത്. എന്നാൽ മറ്റൊരു ഭദ്രാസനത്തിലാണ് ഇപ്രകാരം കശീശാ-ശെമ്മാശ പട്ടം കൊടുക്കുന്നതെങ്കിൽ, പട്ടം നൽകുന്നയാൾ ആ ഭദ്രാസനാധിപന്റെ അനുവാദം മാത്രം പരിഗണിച്ചാൽ മതി. അത് അത്യന്താപേക്ഷിതമാണു താനും. പ. കാതോലിക്കാബാവായിലും മേല്പട്ടക്കാരിലും നിക്ഷിപ്തമായിരിക്കുന്ന ആചാര്യത്വം നൽകാനുള്ള അധികാരം ദുർവിനിയോഗം ചെയ്യാതിരിക്കാനാണ് സുന്നഹദോസിന്റെ കൂട്ടുത്തരവാദിത്വത്തിൽ അത് പരിമിതപ്പെടുത്തിയിരിക്കുന്നത്.

മലങ്കരസഭാ ഭരണഘടനപ്രകാരം *വിശ്വാസം, പട്ടത്വം, അച്ചടക്കം* എന്നിവ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ മാത്രം നിക്ഷിപ്തമായിരിക്കുന്ന ഒന്നാണ്. മലങ്കരസഭയ്ക്കുള്ളിൽ അവ എങ്ങനെ ഉപയോഗിയ്ക്കണമെന്ന് സഭാ ഭരണഘടനയിലെ പ്രസക്ത വകുപ്പുകൾ നിഷ്ക്കർഷിയ്ക്കുന്നുണ്ട്. ഇവയിലുൾപ്പെട്ട *പട്ടത്വം* മലങ്കരസഭയ്ക്കു പുറത്തു നല്കുന്നതിനെപ്പറ്റി തീരുമാനമെടുക്കേണ്ടത് മലങ്കരസഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മാത്രമാണ്.

ചുരുക്കത്തിൽ, യൂറോപ്പിലെ സുറിയാനി അതിഭദ്രാസനം മലങ്കരസഭയുടെ ഭാഗമല്ല. മൂശാ ഗുർഗാൻ മാർ സേവേറിയോസ് മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിലും അസോസിയേഷനിലും മാനേജിംഗ് കമ്മറ്റിയിലും അംഗമല്ല. യൂറോപ്പിലെ സുറിയാനി അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായെ വാഴിയ്ക്കുന്നതിന് മലങ്കരസഭാ ഭരണഘടനപ്രകാരം, അസോസിയേഷന്റെയോ മാനേജിംഗ് കമ്മറ്റിയുടെയോ തിരഞ്ഞെടുപ്പോ അംഗീകാരമോ ആവശ്യമില്ല എന്ന് സഭാഭരണഘടനയിൽ നിന്നും വ്യക്തമാണ്. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം മലങ്കരസഭയ്ക്കു പുറത്ത് മേല്പട്ടസ്ഥാനം നൽകുന്നതിനെ തടയുന്ന യാതൊരു ഭരണഘടനാ വ്യവസ്ഥയും നിലവിലില്ല.

രണ്ടാമതായി, ഈ മേല്പ്പട്ടവാഴ്ചയുടെ കാനോനിക പ്രശ്നമാണ്. മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള പാശ്ചാത്യ സുറിയാനിസഭയും ആത്മീയ-വൈദിക കാര്യങ്ങളിൽ അനുസരിക്കുന്ന നിയമസംഹിത പൗരസ്ത്യ മഫ്രിയാനാ ആയിരുന്ന മാർ ഗ്രീഗോറിയോസ് ബാർ എബ്രായ ക്രോഡീകരിച്ച *ഹൂദായ കാനോൻ* ആണ്. 1934-ലെ മലങ്കരസഭാ ഭരണഘടനപ്രകാരമാണ് ഹൂദായകാനോന് മലങ്കരസഭയിൽ ഔദ്യോഗിക അംഗീകാരം ലഭിച്ചത്.

മലങ്കരസഭയും, അന്തോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള പാശ്ചാത്യ സുറിയാനിസഭയും അംഗീകരിക്കുന്ന ഈ കാനോന്റെ ലഭ്യമായ ഏറ്റവും പഴയ പകർപ്പ്, മാർ ഗ്രീഗോറിയോസ് ബാർ എബ്രായ കാലംചെയ്ത് കേവലം നാലുവർഷത്തിനുള്ളിൽ ക്രിസ്തുവർഷം 1290-ൽ പകർത്തി എഴുതിയതാണ്. പാമ്പാക്കുട കോനാട്ടു ഗ്രന്ഥശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്ന ഈ പകർപ്പിനു തത്തുല്യമാണ് 1898-ൽ പാരീസിൽ അച്ചടിച്ചതും, മലങ്കരസഭാ ഭരണഘടന അംഗീകരിച്ചതുമായ *ഹൂദായ കാനോൻ*. 1958-ലെ സമുദായക്കേസിൽ ഹാജരാക്കിയതും, പരിശുദ്ധ പരുമല തിരുമേനിയുടെ കൈപ്പടയിൽ എഴുതപ്പെട്ടതും, *എ അക്കം കാനോൻ* എന്നറിയപ്പെടുന്നതും, ഇപ്പോൾ കോട്ടയം പഴയസെമിനാരിയിൽ സൂക്ഷിയ്ക്കുന്നതുമായ പകർപ്പും മുകളിൽ പറഞ്ഞവയ്ക്കു തത്തുല്യമാണ്. *18 അക്കം കാനോൻ* എന്നറിയപ്പെടുന്ന വിചിത്ര സൃഷ്ടി ആരെങ്കിലും ഔദ്യോഗിക നിയമാവലിയായി അംഗീകരിക്കുന്നുണ്ടെങ്കിൽ അതു പുത്തൻകുരിശു സൊസൈറ്റി മാത്രമാണ്. എന്നാൽ അവരുടെ ഭരണഘടനയിൽ ഇതേപ്പറ്റി പരാമർശമൊന്നുമില്ല.

വിവിധ കാലത്തെ വിവിധ നിയമങ്ങൾ ക്രോഡീകരിച്ചു രൂപപ്പെടുത്തിയ *ഹൂദായ കാനോനിൽ* പൂർവാപരവിരുദ്ധമായ പല പരാമർശനങ്ങളും ഒരേ വിഷയത്തെപ്പറ്റിത്തന്നെ കാണുന്നുണ്ട്. *ഹൂദായ കാനോന്റെ* ഏഴാം കെപ്പാലയോൻ മൂന്നാം പെസോക്കയിലാണ് മേല്പട്ടക്കാരുടെ സ്ഥാനാരോഹണം സംബന്ധിച്ച നിയമങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. അവയിലും പൂർവാപരവിരുദ്ധമെന്ന് തോന്നാകുന്ന പരാമർശനങ്ങൾ ലഭ്യമാണ്.

ഈ കാനോനുകളിലേയ്ക്ക് കടക്കുംമുമ്പ് ക്രിസ്തുവർഷം 325-ലെ നിഖ്യാ സുന്നഹദോസിന്റെ ചരിത്രപശ്ചാത്തലം പരിഗണിയ്ക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവസഭ രൂപംകൊണ്ട ആദ്യനൂറ്റാണ്ടുകളിൽ അതിനു കേന്ദ്രീകൃതസ്വഭാവം ഇല്ലായിരുന്നു. ശ്ലീഹന്മാരോ അപ്പോസ്തോലിക പിതാക്കന്മാരൊ സ്ഥാപിച്ച പ്രാദേശിക സഭകൾ, റോമായിലെ സഭ, കൊരിന്തിലെ സഭ, ആസ്യായിലെ സഭകൾ എന്നമട്ടിൽ തുടരുകയായിരുന്നു.സ്വാഭാവികമായും അവയുടെ പട്ടത്വ പിൻതുടർച്ചയും അതേരീതിയിൽ പ്രാദേശികമായിത്തന്നെ നിലനിന്നു.

ക്രിസ്തുവർഷം 313-ൽ റോമാ ചക്രവർത്തിയായിരുന്ന കുസ്തന്തീനോസ്, ക്രിസ്തുമതത്തെ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി അംഗീകരിച്ചതോടെ ഈ സ്ഥിതിയ്ക്കു മാറ്റംവന്നു. അറിയോസിന്റെ വേദവിപരീതത്തെക്കുറിച്ചു ചർച്ചചെയ്യാൻ ക്രിസ്തുവർഷം 325-ൽ നിഖ്യായിൽ കൂടിയ ആദ്യത്തെ പൊതു സുന്നഹദോസ് ഈ വേദവിപരീതത്തെ ശപിച്ചുതള്ളി. നിഖ്യാ വിശ്വാസപ്രമാണം രൂപപ്പെടുത്തുക മാത്രമല്ല, സഭാ ഭരണത്തെ ക്രമീകരിക്കുന്ന 20 കാനോനുകളും നിഖ്യാ സുന്നഹദോസ് അംഗീകരിച്ചു.

ഭാവിയിലുണ്ടാകുന്ന വേദവിപരീതങ്ങളും കലഹങ്ങളും ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി, സഭയ്ക്ക് ഒരു കേന്ദ്രീകൃത സ്വഭാവം നൽകുക എന്നതായിരുന്നു നിഖ്യാ സുന്നഹദോസിലെ സഭാ ഭരണപരമായ നിയമങ്ങളുടെ മുഖ്യലക്ഷ്യം. ക്രിസ്തുമതത്തെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ച കുസ്തന്തീനോസ് ചക്രവർത്തിയുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും ഇപ്രകാരം ഒരു കേന്ദ്രീകൃത സ്വഭാവം ആവശ്യമായിരുന്നു. അതിനാലാണ് റോമാ സാമ്രാജ്യത്തിന്റെ സിവിൽ ഭരണ സംവിധാനത്തിന് തത്തുല്യമായി, സാമ്രാജ്യത്തിലെ ക്രൈസ്തവസഭയെ നാലു പാത്രീയർക്കീസുമാരുടെ കീഴിലാക്കിയത്. റോമാ സാമ്രാജ്യത്തിലെ റോം, അലക്സാന്ദ്രിയ, എഫേസൂസ്, അന്ത്യോഖ്യാ എന്നീ പ്രവിശ്യാതലസ്ഥാനങ്ങളിലാണ് നാലു സിംഹാസനങ്ങൾ നിഖ്യാ സുന്നഹദോസ് നിശ്ചയിച്ചത്. ക്രിസ്തുവർഷം 381-ലാണ് എഫേസോസിലെ സിംഹാസനം റോമാ സാമ്രാജ്യത്തിന്റെ പുതിയ തലസ്ഥാനമായ കുസ്തന്തീനോസ് പോലീസിലേയ്ക്കു മാറ്റിയത്.

ഈ ഭരണ കേന്ദ്രീകരണത്തിന്റെ ഭാഗമായി വേണം മേല്പട്ടവാഴ്ചയെക്കുറിച്ചുള്ള നിഖ്യാ സുന്നഹദോസിന്റെ കാനോൻ പരിഗണിക്കുവാൻ. നിഖ്യായുടെ നാലാം കാനോനായി *ഹൂദായ കാനോനിൽ* രേഖപ്പെടുത്തിയിരിക്കുന്ന നിയമം ആരംഭിക്കുന്നതുതന്നെ *പീഡാകാലമോ , അടിയന്തിരമായ ഒരത്യാവശ്യമോ, വഴിയുടെ ദൂരമോ ഇല്ലെങ്കിൽ, ഒരിടവകയിലെ എല്ലാ എപ്പിസ്ക്കോപ്പന്മാരും കൂടിയായിരിക്കണം ഒരെപ്പിസ്ക്കോപ്പയെ വാഴിക്കുന്നത്* എന്നാണ്. ഇതിൽനിന്നും, സഭയുടെ കേന്ദ്രീകൃത സ്വഭാവം നഷ്ടമാകാതിരിക്കുക എന്നതാണ് നിഖ്യാ സുന്നഹദോസിന്റെ ഈ കാനോനിലെ ഊന്നൽ എന്നു വ്യക്തമാകുന്നു. ഇതിനുശേഷമാണ് *അങ്ങനെ സാധ്യമായില്ലെങ്കിൽ, ഏതു വിധേനയും മുന്നൂ പേരെങ്കിലും ഒരുമിച്ചു കൂടുകയും, ദൂരെ ഇരിക്കുന്നവർ തിരഞ്ഞെടുപ്പു നടത്തി സമ്മതപത്രങ്ങൾ നല്കുകയും* ചെയ്യണമെന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

ഈയൊരൊറ്റ കാനോന്റെ ബലത്തിൽ, മൂന്നു എപ്പിസ്ക്കോപ്പന്മാർ ചേർന്നല്ലാതെ നടത്തുന്ന മേല്പട്ടവാഴ്ച അസാധുവാണെന്നു വാദിക്കുന്നതിൽ അർത്ഥമില്ല. കാരണം *ഹൂദായ കാനോൻ* ഏഴാം കെപ്പാലയോൻ, മൂന്നാം പെസോക്കയിൽ ഒന്നാമതായി ചേർത്തിരിക്കുന്ന ശ്ലീഹന്മാരുടെ കാനോൻ, *ഒരു എപ്പിസ്ക്കോപ്പായെ വാഴിക്കുന്നത് രണ്ടോ മൂന്നോ എപ്പിസ്ക്കോപ്പാമാർ കൂടിയായിരിക്കണം* എന്നാണ്. അതിൽത്തന്നെ രണ്ടാമതായ ക്നാൻകാരൻ ശെമവൂന്റെ കാനോൻ, *അത്യാവശ്യം പ്രമാണിച്ച് മറ്റുള്ളവരുടെ സമ്മതപത്രം വാങ്ങി ഒരാൾക്കുതന്നെ മേല്പട്ട സ്ഥാനം കൊടുക്കാൻ* അനുവദിക്കുന്നുണ്ട്. നാലാമതായി ചേർത്തിരിക്കുന്ന അന്ത്യോഖ്യായുടെ പത്തൊമ്പതാം കാനോൻ ഭൂരിപക്ഷ സുന്നഹദോസിന്റെ സമ്മതപത്രം ഊന്നിപ്പറയുന്നുമുണ്ട്.

ഇതിൽനിന്നെല്ലാം, സഭയുടെ കെട്ടുറപ്പാണ് ഒരു എപ്പിസ്ക്കോപ്പാ ഒറ്റയ്ക്ക് മേല്പട്ടസ്ഥാനം കൊടുക്കരുത് എന്ന കാനോൻ നിയമംകൊണ്ട് നിഖ്യാ സുന്നഹദോസും *ഹൂദായ കാനോനും* വിവക്ഷിക്കുന്നത് എന്നു വ്യക്തമാകുന്നു. പീഡകളുടെ കാലത്ത് മാർ യാക്കോബ് ബുർദാനയെപ്പോലുള്ളവർ ഒറ്റയ്ക്കു നടത്തിയ മേല്പട്ട സ്ഥാനാഭിഷേകങ്ങൾ സഭ ചോദ്യംചെയ്യാതെ അംഗീകരിച്ചത് ഈ വാദത്തെ സാധൂകരിക്കുന്നു. കുറച്ചുകൂടി വ്യക്തമാക്കിയാൽ, സുന്നഹദോസിനുള്ള കൂട്ടായ അധികാരത്തെ മറികടന്ന്, കാതോലിക്കാമാരും, പാത്രിയർക്കീസുമാരും, മറ്റു മേല്പട്ടക്കാരും തന്നിഷ്ടംപോലെ മേല്പട്ടസ്ഥാനം കൊടുക്കുന്നതും, തദ്വാരാ സഭയിൽ കലഹവും പിളർപ്പും ഉണ്ടാകുന്നതും തടയുവാനാണ് ഇപ്രകാരം ഒരു നിബന്ധന വെച്ചിരിക്കുന്നതെന്ന് മനസിലാകും.

ക്രിസ്തുവർഷം 410-ൽ മാർ ഇസഹാക്ക് കാതോലിക്കാ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ വെച്ചാണ് നിഖ്യാ വിശ്വാസപ്രമാണം പേർഷ്യൻസഭ അംഗീകരിച്ചത്. നിഖ്യാ സുന്നഹദോസിന്റെ ഭരണക്രമീകരണം ഏതാണ്ട് അതേരീതിയിൽതന്നെ പൗരസ്ത്യ കാതോലിക്കായിൽ കേന്ദ്രീകരിച്ച് പൗരസ്ത്യസഭയും സ്വീകരിച്ചു. അക്കാലത്തെ പേർഷ്യയിലെ പ്രാദേശിക സഭകളെല്ലാം സെലൂഷ്യ-സ്റ്റെസിഫോണിലെ കാതോലിക്കാക്കു കീഴിലായിരുന്നില്ല എന്ന് *മാർ ഇസഹാക്കിന്റെ സുന്നഹദോസിന്റെ കാനോനകൾ* തന്നെ വ്യക്തമാക്കുന്നുണ്ട്. പേർഷ്യൻസഭയെ പൗരസ്ത്യ സിംഹാസനത്തിനുകീഴിൽ ഒന്നിപ്പിക്കുക എന്ന ലക്ഷ്യവും ഈ സുന്നഹദോസിനുണ്ടായിരുന്നു. അതിനാൽ നിഖ്യാ സുന്നഹദോസിന്റെ ഭരണകേന്ദ്രീകരണ നിയമങ്ങളെല്ലാം പൗരസ്ത്യസഭയും അംഗീകരിച്ചു.

എന്നാൽ ക്രിസ്തുവർഷം 410-ലെ മേല്പറഞ്ഞ സുന്നഹദോസിന്റെ പ്രധാന സൂത്രധാരകനായ മാർ മാറുഥായുടെ 73 കാനോനകളിൽ മൂന്നു മെത്രാന്മാർ മേല്പട്ട വാഴ്ചയ്ക്കു വേണം എന്ന നിബന്ധന കാണാനില്ല. പകരം താഴ്ന്ന പടിയിലുള്ളവർ മുകളിലത്തെ ആളിനു സ്ഥാനം നല്കാൻ പാടില്ലെന്നും മെത്രാപ്പോലീത്താമാരെ വാഴിക്കേണ്ടതു കാതോലിക്കായാണെന്നും എപ്പിസ്ക്കോപ്പാമാരെ വാഴിക്കേണ്ടതു മെത്രാപ്പോലീത്താമാരാണെന്നും മാർ മാറൂഥായുടെ കാനോനകൾ വ്യക്തമാക്കുന്നു.

ഇവയെല്ലാം സൂചിപ്പിക്കുന്നത്, മേല്പട്ടവാഴ്ച നടത്തേണ്ടത് രണ്ടോമൂന്നോ മെത്രാന്മാരെന്നൊ, കുറഞ്ഞതു മൂന്നു മെത്രാന്മാരെന്നോ, സുന്നഹദോസിൽ ഭൂരിപക്ഷമെന്നോ, സുന്നഹദോസു മുഴുവനുമെന്നോ, സുന്നഹദോസ് അംഗങ്ങളുടെ സമ്മതപത്രമെന്നൊ പറയുന്നത്, പൊതുസഭയുടെ സമ്മതവും സഹകരണവും എന്ന ഭരണപരമായ അർത്ഥത്തിൽ മാത്രമാണെന്നും, അല്ലാതെ ഒരാൾ തനിച്ച് സ്ഥാനം നൽകുന്നതിൽ നൽവരത്തിന് എന്തെങ്കിലും കുറവുണ്ടായിട്ടല്ല എന്നുമാണ്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, ഒരു സംസ്ഥാന ഇടവകയുടെ (ഇന്നത്തെ അർത്ഥത്തിൽ ദേശീയ സഭയുടെ) പൂർണ സഹകരണത്തോടെ വേണം മേല്പട്ടസ്ഥാനം നൽകുവാൻ എന്നതു മാത്രമാണ് *ഹൂദായ കാനോൻ* നിരത്തുന്ന നിയമങ്ങളുടെ ആകെത്തുക എന്നു കാണാം.

മലങ്കരയിൽ ദേശീയരായ മെത്രാന്മാർ ഉണ്ടായ ക്രിസ്തുവർഷം 1653 മുതൽ രണ്ടു ശതാബ്ദക്കാലം ഈ നിയമം അഭംഗുരം പാലിച്ചിരുന്നതായി കാണാം. പകലോമറ്റം തോമ്മാ അർക്കദ്യക്കോനെ മേല്പട്ടസ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്തത് മലങ്കരസഭയെ മുഴുവൻ പ്രതിനിധീകരിക്കുന്ന *മലങ്കര പള്ളിയോഗമാണ്.* മറ്റൊരു മേല്പട്ടക്കാരനില്ലാത്തതിനാൽ 12 കത്തനാരന്മാർ ചേർന്നാണ് അദ്ദേഹത്തെ 1653-ൽ ആദ്യം മേല്പട്ടക്കാരനായി വാഴിച്ചത്. പിന്നീട് 1665-ൽ അദ്ദേഹത്തിന്റെ മേല്പട്ടസ്ഥാനം ക്രമപ്പെടുത്തിയത് യെരുശലേമിലെ സുറിയാനി പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദാണ്. തുടർന്ന് മാർ ഈവാനിയോസ് ഹദിയള്ള, മാർ ഗ്രീഗോറിയോസ് യൂഹാനോൻ എന്നീ പാശ്ചാത്യ സുറിയാനി മെത്രാന്മാർ മലങ്കരയിൽ മേല്പട്ടക്കാരെ വാഴിച്ചതും ഒറ്റയ്ക്കാണ്. ഒന്നുമുതൽ ഒമ്പതു വരെയുള്ള മാർത്തോമ്മാ മെത്രാന്മാരെയും, ഒന്നുമുതൽ നാലു വരെയുള്ള ദീവന്നാസ്യോസ് മെത്രാപ്പോലീത്താമാരെയും, തൊഴിയൂർ സഭയുടെ ആദ്യത്തെ ആറ് അദ്ധ്യക്ഷന്മാരെയും വാഴിച്ചത് ഒറ്റ മെത്രാൻ മാത്രമാണ്.

നിയമപരമായി ഇതിനു തടസമില്ല. കാരണം, മലങ്കരസഭ എന്ന സംസ്ഥാന ഇടവകയിലും തൊഴിയൂർ ഇടവകയിലും മറ്റു മെത്രാന്മാരില്ല എന്നതിനാൽ ഒരാൾതന്നെ ഭൂരിപക്ഷ സുന്നഹദോസാണ്. മലങ്കര മെത്രാന്മാരുടെ വാഴ്ചയ്ക്ക് *മലങ്കര പള്ളിയോഗസമ്മതം* ഉണ്ടായിരുന്നു എന്നത് സഭ മുഴുവന്റെയും സമ്മതവും പ്രദാനം ചെയ്യുന്നു. 1770 ജൂലൈ 10-ന് ആറാം മാർത്തോമ്മാ എപ്പിസ്ക്കോപ്പായെ, മാർ ദീവന്നാസ്യോസ് പ്രഥമൻ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം നടത്തിയത് പാശ്ചാത്യ സുറിയാനി മെത്രാന്മാരായ മാർ ഗ്രീഗോറിയോസ് യൂഹാനോൻ, മാർ ഈവാനിയോസ് യൂഹാനോൻ എന്നിവർ ചേർന്നാണ്. *ഹൂദായ കാനോൻ*പ്രകാരം മേല്പട്ടവാഴ്ചയ്ക്കു മാത്രമല്ല, മേല്പട്ടത്തിന്റെ താഴ്ന്നപടിയിൽനിന്ന് ഉയർന്നപദവിയിലേയ്ക്കു ഉയർത്തുന്നതിനും മൂന്നു മെത്രാന്മാർ എന്ന നിബന്ധന ബാധകമാണ്. രണ്ടുപേർ ചേർന്ന് ഇപ്പോൾ നടത്തിയ വാഴ്ച അസാധുവെങ്കിൽ, വലിയ മാർ ദീവന്നാസ്യോസിന്റെ മെത്രാപ്പോലീത്താ സ്ഥാനവും അസാധുവാണ്.

എന്നാൽ, ഇതിൽനിന്നും വ്യത്യസ്തമായി ഒറ്റയ്ക്കു മേല്പട്ടസ്ഥാനം നൽകിയ ഒരു സംഭവം മലങ്കരയിൽ ഉണ്ടായിട്ടുണ്ട്. 1875-ൽ മലങ്കര സന്ദർശിച്ച പ്രഥമ അന്തോഖ്യാ പാത്രിയർക്കീസായ പ. പത്രോസ് തൃതീയൻ, വടക്കൻപറവൂർ പള്ളിയിൽ വെച്ച് 1876 ഡിസംബർ മൂന്നിന് കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്, കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് എന്നിവരെ വാഴിച്ചത് തനിച്ചാണ്. പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് പഞ്ചമൻ, പ. പത്രോസ് തൃതീയൻ പാത്രിയർക്കീസിനോടൊപ്പംവന്ന ശീമക്കാരനായ അബ്ദുള്ളാ മാർ ഗ്രീഗോറിയോസ് (പിന്നീട് അബ്ദുള്ളാ ദ്വിതിയൻ അന്ത്യോഖ്യാ പാത്രിയർക്കീസ്) എന്നിവർ അന്നു മലങ്കരയിലുണ്ടായിരുന്നു. അബ്ദുള്ളാ മാർ ഗ്രീഗോറിയോസ്, കുസ്തന്തീനോസ്പോലീസ് മുതൽ മലങ്കര വരെയുള്ള വഴിച്ചിലവു പാത്രിയർക്കീസിനു കൊടുത്തില്ല എന്ന *അപരാധത്താലും*, മാർ ദീവന്നാസ്യോസ് പഞ്ചമൻ, പാത്രിയർക്കീസിനു ലൗകീകാധികാരം സമ്മതിച്ചു രജിസ്റ്റർ ഉടമ്പടി കൊടുത്തില്ലായെന്ന *മഹാപരാധത്താലും* പത്രോസ് പാത്രിയർക്കീസിനു അന്ന് അനഭിമതരായിരുന്നതിനാലാണ് അവരെ *അറിയിയ്ക്കാതെയും, ക്ഷണിക്കാതെയും, സംബന്ധിപ്പിക്കാതെയും* അദ്ദേഹം തനിച്ച് ഈ മേല്പട്ടവാഴ്ചകൾ നടത്തിയത് എന്ന് സമകാലിക ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

പിന്നീട് പുതുതായി വാഴിച്ച രണ്ടുപേരുടെ സഹകരണത്തോടെ അമ്പാട്ട് മാർ കൂറിലോസിനെയും പ. പരുമല തിരുമേനിയേയും, ഇവർ നാലു പേരുടെ സഹകരണത്തോടെ മുറിമറ്റത്തിൽ മാർ ഈവാനിയോസിനെയും (പിന്നീട് മലങ്കരയിലെ ഒന്നാം കതോലിക്കാ), കരവട്ടുവീട്ടിൽ ശെമവോൻ ദീവന്നാസ്യോസിനെയും മേല്പട്ടക്കാരായി വാഴിച്ചു. ഇവയിലും മുകളിൽ പറഞ്ഞ രണ്ടു മേല്പട്ടക്കാരെയും സംബന്ധിപ്പിച്ചില്ല. ഒരാൾതന്നെ വാഴിക്കുന്നത് അകാനോനികവും അസാധുവുമെങ്കിൽ പ. പരുമല തിരുമേനിയടക്കം മലങ്കരയിലെ ആദ്യത്തെ ആറു ഇടവക മെത്രാപ്പോലീത്താമാരുടെയും , അവർ പട്ടംകൊടുത്ത അസംഖ്യം പേരുടെയും ആചാര്യത്വം അസാധുവാണ്.

പലരും ധരിച്ചിരിക്കുന്നതുപോലെ, പാത്രിയർക്കീസിനും കാതോലിക്കായ്ക്കും ഒറ്റയ്ക്കു പട്ടംകൊടുക്കാൻ സവിശേഷാധികാരമില്ലെന്ന് പത്രോസ് തൃതീയന്റെ മുൻഗാമിയായ യാക്കോബ് ദ്വിതിയന്റെ ഒരു പ്രവൃത്തി തെളിയിക്കുന്നു. കൊല്ലവർഷം 1039 മീനം 26-നു ഓമിദ് നഗരത്തിൽവച്ച് അദ്ദേഹം പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് പഞ്ചമന് മേല്പട്ടസ്ഥാനം നൽകിയപ്പോൾ, തന്റെ കൂടെ വാഴ്ചയിൽ സംബന്ധിക്കാൻ രണ്ടു സുറിയാനി മേല്പട്ടക്കാർ തികയാഞ്ഞിട്ട്, വിശ്വാസഐക്യമുള്ള അർമീനിയൻ സഭയിലെ ഒരു മേല്പട്ടക്കാരനെകൂടി ക്ഷണിച്ചുവരുത്തിയാണ് മേല്പട്ടവാഴ്ച നടത്തിയത്.

രസകരമായ ഒരു വസ്തുത, *18 അക്കം കാനോൻ* അനുസരിച്ച് പാത്രിയർക്കീസിന്റെ അനുവാദമോ സ്താത്തിക്കോനിൽ പരാമർശനമോ ഉണ്ടെങ്കിൽ ഒരു മെത്രാപ്പോലീത്തായ്ക്ക് തനിച്ച് മറ്റൊരു മെത്രാപ്പോലീത്തായെ വാഴിക്കാം

# ആരാണ് മെത്രാനെ വാഴിക്കേണ്ടത്?

*(എട്ടാം പേജിൽ നിന്നും)*

എന്നതാണ്. ഈ വസ്തുത യാക്കോബ് ദ്വിതിയൻ പാത്രിയർക്കീസിന് അറിവില്ലായിരുന്നു എന്നത്, *18 അക്കം കാനോൻ* അന്നു നിലവിലില്ലായിരുന്നു എന്നതിന്റെ പ്രത്യക്ഷ തെളിവാണ്.

പുരാതന റോമാസാമ്രാജ്യത്തിന്റെ ഭാഗമെന്ന നിലയിൽ മലങ്കര നസ്രാണികളേക്കാളധികം നിഖ്യായുടെ ഈ ഭരണകേന്ദ്രീകൃത നിയമാവലി പ്രാബല്യത്തിലിരിക്കുന്ന റോമൻ കത്തോലിക്കാ സഭയ്ക്കും മേല്പട്ടവാഴ്ചയ്ക്ക് മൂന്നു മെത്രാന്മാർ എന്ന നിയമം ബാധകമാണ്. എങ്കിലും സൗകര്യാർത്ഥം റോമാസഭ പലപ്പോഴും ഈ നിയമത്തെ അവഗണിച്ചിട്ടുണ്ട്. 1653-ൽ കൂനൻകുരിശു വിപ്ലവം നടത്തി റോമാ നുകത്തിൽനിന്നും സ്വാതന്ത്ര്യം നേടിയ മലങ്കര നസ്രാണികളെ വീണ്ടും അടിമത്വത്തിൽ കൊണ്ടുവരാൻ നിയോഗിക്കപ്പെട്ട കർമ്മലീത്താ മിഷനറിയായ ജോസഫ് സെബസ്ത്യാനിയെ 1659-ൽ മെത്രാനായി വാഴിച്ചത് രണ്ടു വൈദികരുടെ സഹകരണത്തോടെ ഒരൊറ്റ മെത്രാൻ മാത്രമാണ്. അതും നൂറുകണക്കിനു മെത്രാന്മാരുള്ള റോമാനഗരത്തിൽ മാർപാപ്പായുടെ സ്വകാര്യചാപ്പലിൽ വെച്ച്! 1663-ൽ ജോസഫ് സെബസ്ത്യാനി, പറമ്പിൽ ചാണ്ടിയെ വാഴിച്ചതും, 1677-ൽ പറമ്പിൽ ചാണ്ടിയുടെ പിൻഗാമിയായി റാഫേൽ ഫിഗുസിറിഡിയോ സാൽഗുഡോ എന്ന അർദ്ധഇന്ത്യക്കാരനെ മറ്റൊരു റോമൻ കത്തോലിക്കാ മെത്രാൻ കോഴിക്കോട്ടു വച്ചു വാഴിച്ചതും ഒറ്റയ്ക്കാണ്. ഇതിൽനിന്നെല്ലാം മേല്പട്ടവാഴ്ചയ്ക്ക് മൂന്നു മെത്രാന്മാർ വേണമെന്നത് അഴിയാത്തതോ ഇളവില്ലാത്തതോ ആയ ഒരു നിയമമല്ല എന്നു വ്യക്തമാണ്.

ഇനി മൂസാ ഗുർഗാൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ രണ്ടു മെത്രാന്മാർ കൂടി വാഴിച്ചതിനെ കാനോൻ നിയമങ്ങളുടെയും ചരിത്രത്തിന്റെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്യാം. ഇതിൽ പ്രഥമമായി പരിഗണിക്കേണ്ടുന്ന വസ്തുത, ഇദ്ദേഹം മലങ്കരസഭയുടെ ഭാഗമല്ലെന്നതാണ്. ഭരണഘടനപ്രകാരം മലങ്കരയിൽ ഭദ്രാസനം രൂപീകരിക്കാനുള്ള അധികാരം മാനേജിംഗ് കമ്മറ്റിക്കാണ്. യൂറോപ്പിലെ സുറിയാനി അതിഭദ്രാസനം മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി രൂപീകരിച്ചതല്ല. അതിനാൽ അതിന്റെ മെത്രാൻ വാഴ്ച അസോസിയേഷന്റെ പരിധിയിൽ വരുന്നുമില്ല. അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പു നടത്താനുള്ള അധികാരം അദ്ദേഹത്തിന്റെ ഇടവക, അതായത് പുതുതായി രൂപംകൊണ്ട യൂറോപ്പിലെ സുറിയാനി അതിഭദ്രാസനത്തിനാണ്. ഈ തിരഞ്ഞെടുപ്പും ഇദ്ദേഹത്തിന്റെ വിശ്വാസ്യതയും പരിശോധിക്കാനുള്ള ഉത്തരവാദിത്വം പട്ടംനൽകുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനുള്ളതാണ്. 2007 ഓഗസ്റ്റിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഇവർക്ക് മേല്പട്ടം കൊടുക്കാൻ അനുമതി നല്കിയിട്ടുമുണ്ട്.

ഈ പശ്ചാത്തലത്തിൽ, മലങ്കരയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും പ. കാതോലിക്കാ ബാവായുടെയും സാന്നിധ്യമില്ലാതെ നടത്തിയ സ്ഥാനാരോഹണം സാധുവാകാനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്:

1. ജർമ്മനിയിലെ തുർക്കി വംശജരായ സുറിയാനിക്കാർക്ക് മേല്പട്ടക്കാരനെ വാഴിച്ചുകൊടുക്കാൻ 2007 ഓഗസ്റ്റിൽ കൂടിയ മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഇതു മുഴുവൻ അഥവാ ഭൂരിപക്ഷ മെത്രാന്മാരുടെ സമ്മതപത്രത്തിനു തുല്യമാണ്.

2. *ഹൂദായ കാനോനിലെ* ശ്ലീഹന്മാരുടെ കാനോൻപ്രകാരം രണ്ടു മേല്പട്ടക്കാർകൂടി നടത്തുന്ന മേല്പട്ടവാഴ്ച സാധുവാണ്.

3. പ. കാതോലിക്കാബാവായ്ക്കും മറ്റു മെത്രാപ്പോലീത്താമാർക്കും പങ്കെടുക്കാനാവാത്തവിധം അടിയന്തിരവും സവിശേഷവുമായ സാഹചര്യം നിലവിലുണ്ടായിരുന്നു.

4. ഇവയേക്കാളൊക്കെ ഉപരിയായി, 2007 ഡിസംബർ 6-നു കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഈ മേല്പട്ടവാഴ്ച നടത്തിയ മെത്രാന്മാരുടെ വിശദീകരണം കേൾക്കുകയും, വിശദീകരണം തൃപ്തികരമെന്ന് അംഗീകരിക്കുകയും ചെയ്തതിനാൽ, *ഹൂദായ കാനോൻ* പ്രകാരവും, ഇനി വേണമെങ്കിൽ *18 അക്ക കാനോൻ* പ്രകാരവും ഈ വാഴ്ച സാധുവാണ്. അതിനാൽ അതിനെക്കുറിച്ച് ക്രമരാഹിത്യപ്രശ്നം ഉന്നയിക്കുന്നതിനു സാംഗത്യമില്ല.

അന്ത്യോഖ്യൻ സുറിയാനിസഭയിൽപ്പെട്ട ഒരാളെ മലങ്കരസഭ മേല്പട്ടക്കാരനായി വാഴിച്ചതിന്റെ ധാർമ്മികതയാണ് ഇനി പരിചിന്തനം ചെയ്യാനുള്ളത്. വിവിധ കാരണങ്ങളാൽ അന്ത്യോഖ്യൻ സുറിയാനിസഭയിലെ അനേകായിരങ്ങൾ മറ്റു സഭകളിലേയ്ക്ക്, പ്രത്യേകിച്ചും റോമാസഭയിലേയ്ക്ക്, ചേക്കേറുകയാണ്. സ്പെയിനിൽ കുടിയേറിയ സുറിയാനിക്കാർ ഏതാണ്ട് പൂർണമായും റോമൻ കത്തോലിക്കരായി കഴിഞ്ഞു. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഭരണത്തിൽ അതൃപ്തരായ അമേരിക്കയിലെ സുറിയാനിക്കാരുടെ അത്തരം ഏതാനും ഇടവകകളാണ് സമീപകാലത്ത് പട്ടത്വസഹായത്തിന് മലങ്കരസഭയുമായി സംസർഗത്തിൽ എത്തിയത്.

ജർമ്മനിയിൽ കുടിയേറിയ സുറിയാനിക്കാരുടെ ഇടയിലും അത്തരമൊരവസ്ഥ സംജാതമായിട്ടുണ്ട്. അവിടെ പാത്രിയർക്കീസിന്റെയും അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന മെത്രാന്മാരുടെയും പ്രവൃത്തികളിൽ അസംതൃപ്തരായ വലിയൊരുവിഭാഗം ജനങ്ങൾ റോമൻ കത്തോലിക്കാ സഭയിൽ ചേരുന്ന സ്ഥിതിയിലെത്തി. ഈ അവസരത്തിലാണ് അവർ മലങ്കരസഭയുമായി ബന്ധപ്പെടുന്നത്. സ്തുതിചൊവ്വാകപ്പെട്ട ഓർത്തഡോക്സ് വിശ്വാസവും അലക്സാണ്ട്രിയൻ വേദശാസ്ത്രവും അവരിൽ നിലനിർത്തുവാൻ മലങ്കരസഭ അവർക്കു മേല്പട്ടസ്ഥാനം നല്കുക മാത്രമാണ് ചെയ്തത്.

ഇതിനു സമാനമായ സംഭവങ്ങൾ ലോകസഭാചരിത്രത്തിൽ അനേകമുണ്ട്. കൽക്കദോൻ പീഡയുടെ കാലത്ത് മാർ യാക്കോബ് ബുർദാന അലക്സാണ്ട്രിയൻ സഭയിൽനിന്നും മേല്പട്ടം സ്വീകരിക്കുകയും അന്ത്യോഖ്യൻ സഭയ്ക്കും പൗരസ്ത്യസഭയ്ക്കും പട്ടവും മേല്പട്ടവും നൽകുകയും ചെയ്തിട്ടുണ്ട്. അതേകാലത്തുതന്നെ പൗരസ്ത്യസഭയിലെ വലിയ മെത്രാപ്പോലീത്തായായിരുന്ന ആഹൂദാമ്മയ്ക്ക്, മെത്രാൻ സ്ഥാനം നൽകിയത് അർമ്മേനിയൻ കാതോലിക്കാ ആയിരുന്ന ക്രിസ്റ്റഫർ പ്രഥമൻ ആയിരുന്നു.

മലങ്കരസഭയ്ക്കു തന്നെ, 17-ാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ സഭയിലെ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ്, മാർ ഈവാനിയോസ് ഹദിയള്ള എന്നിവർ മേൽപ്പട്ടസ്ഥാനം നൽകി സഹായിച്ചിട്ടുണ്ട്. സത്യവിശ്വാസം നിലനിർത്തുവാനുള്ള ഇത്തരം സഹായത്തെ ക്രൈസ്തവലോകം ഒരു കടമയായിയാണ് കണക്കാക്കുന്നത്. ആ സഹായത്തിന്റെ മറവിൽ ഭരണപരമായ കൈകടത്തലിനെയാണ് മലങ്കരസഭ എന്നും എതിർത്തു വന്നിട്ടുള്ളത്.

സത്യവിശ്വാസത്തെ നിലനിർത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായി മാത്രമാണ് മലങ്കരസഭ ഈ മേൽപ്പട്ടവാഴ്ച നടത്തിയിട്ടുള്ളത്. ഭരണപരമായ യാതൊരു വിധേയത്വവും മാർ സേവേറിയോസിനോട് മലങ്കരസഭ ആവശ്യപ്പെടുകയോ വാങ്ങുകയോ ചെയ്തിട്ടില്ല. വമ്പിച്ച ഭൗതികനേട്ടങ്ങൾ വാഗ്ദാനം ചെയ്ത ഇറ്റലിയിലെ ഒരു ബൈസന്റൈൻ വിഭാഗത്തിന്റെ മേൽപ്പട്ടസ്ഥാനത്തിനുള്ള അഭ്യർത്ഥന മലങ്കരസഭ തള്ളിക്കളഞ്ഞത് സമീപകാലത്താണ്; കാരണം അത്തരം ഒരു വാഴ്ച, വിശ്വാസ സംരക്ഷണത്തിന് ഒട്ടും ഉപകരിക്കില്ല എന്ന് മലങ്കരസഭയ്ക്ക് ബോദ്ധ്യം വന്നതുകൊണ്ട്.

*ഹൂദായ കാനോനി*ലെ ഏഴാം കെപ്പലയോൻ മൂന്നാം പെസുക്ക, ശ്ലീഹന്മാരുടെ 13-ാം കാനോൻ *ഉപദേശം മൂലം ആ സ്ഥലത്തുള്ളവർക്ക് വലിയ പ്രയോജനം വരുത്തുവാൻ സാധിക്കുമെങ്കിലല്ലാതെ, ഒരു എപ്പിസ്ക്കോപ്പാ തന്റെ സ്ഥലം വിട്ടു മറ്റൊന്നിലേക്കു കടന്നുകൂടാ* എന്ന് വിലക്കുന്നുണ്ട്. യുക്ത്യധിഷ്ഠിതമായി വിശകലനം ചെയ്യേണ്ട ഒരു നിയമസംഹിത എന്നനിലയിൽ *ഹൂദായ കാനോനെ* പരിഗണിച്ചാൽ, സത്യവിശ്വാസം നിലനിർത്താൻ മലങ്കരസഭ നടത്തിയ ഈ മേൽപ്പട്ടവാഴ്ച തികച്ചും കാനോനികമാണെന്നു കാണാം.

മറ്റു സഭകളുടെ ആഭ്യന്തര കാര്യങ്ങളിൽ മേൽപ്പട്ട സ്ഥാനാരോഹണത്തിലൂടെ കൈകടത്തിയതിന് രണ്ട് ഉദാഹരണങ്ങൾ എങ്കിലും ഓറിയന്റൽ സഭകളിൽ ഇരുപതാം നൂറ്റാണ്ടിലുണ്ട്. രണ്ടും അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന യാക്കോബ് തൃതീയന്റെ പ്രവൃത്തികളായിരുന്നു. 1973-ൽ യാതൊരു പ്രകോപനവുമില്ലാതെയും, സർവ്വ കാനോൻ നിയമങ്ങളേയും കാറ്റിൽപറത്തിയും, അദ്ദേഹം മലങ്കരയിലേക്ക് മൂന്നു മെത്രാന്മാരെ വാഴിച്ചതാണ് ഇന്നത്തെ കലഹത്തിനു വഴിമരുന്നിട്ടത്. തുടർന്നും മലങ്കരയിൽ അനധികൃത മേൽപ്പട്ടവാഴ്ച എന്ന പ്രക്രിയ, അദ്ദേഹവും പിൻഗാമിയും നിർബാധം തുടർന്നുവരുന്നു. ഉൾഭരണത്തിൽ കൈകടത്തുക എന്ന അധാർമ്മിക ലക്ഷ്യത്തോടെയാണ് ഈ മേൽപ്പട്ടവാഴ്ചകൾ നടത്തിയത്.

രണ്ടാമത്തേത്, കുറേക്കൂടി പഴയതാണ്. 1952-ൽ സിലീഷ്യായിലെ അർമേനിയൻ കാതോലിക്കാ ആയിരുന്ന കരാക്കിൻ പ്രഥമൻ കാലംചെയ്തു. പുതിയ കാതോലിക്കായെ തെരഞ്ഞെടുക്കേണ്ട സമിതിയിലെ ഭിന്നതമൂലം 1956 വരെ പിൻഗാമിയെ തിരഞ്ഞെടുക്കാനായില്ല.

ആറു മെത്രാന്മാർ പകുതിവീതം ഇരു ചേരികളിലായി. കാതോലിക്കായെ വാഴിക്കാൻ മൂന്നു മെത്രാന്മാർ വേണം. ഈ സാഹചര്യത്തിൽ സിലീഷ്യയിലെ അർമീനിയൻ സഭയിലെ രണ്ടു മെത്രാന്മാർ ചേർന്ന്, അന്നു ബെയ്റൂട്ടിലെ അന്ത്യോഖ്യൻ സഭയുടെ മെത്രാനായിരുന്ന യാക്കോബ് മാർ സേവേറിയോസിന്റെ (പിന്നീട് പാത്രിയർക്കീസ്) സഹകരണത്തോടെ 1956 ജൂലൈ 22-ന് സാറെ പ്രഥമൻ പയാസിലിയാനെ കാതോലിക്കായായി വാഴിച്ചു. വാഴ്ചയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കേണ്ട സുപ്രീംകാതോലിക്കാ വസ്കൻ പ്രഥമനും മറുവിഭാഗവും ഈ വാഴ്ച അംഗീകരിക്കാൻ വിസമ്മതിച്ചു. സിലീഷ്യയിലെ അർമ്മേനിയൻ സഭ രണ്ടു വിഭാഗമായി. സാറെ പ്രഥമൻ കാലം ചെയ്തശേഷം, പിൻഗാമി ഖോറൻ പ്രഥമന്റെ കാലത്താണ് 1963 ഒക്ടോബർ 26-ന് ഇരു വിഭാഗവും തമ്മിൽ അനുരഞ്ജനപ്പെട്ടത്. യാക്കോബ് തൃതീയന്റെ അർമ്മേനിയൻ സഭയിലെ ഇടപെടലിനെ ധാർമ്മികമായ ഒന്നായി മറ്റു സഭകൾ കണക്കാക്കുന്നില്ല.

മേൽപ്പട്ടവാഴ്ചയ്ക്ക് കാതോലിക്കായുടെയോ പാത്രിയർക്കീസിന്റെയോ സാന്നിദ്ധ്യം *ഹൂദായ കാനോൻ* പ്രകാരം അനിവാര്യമല്ലായെന്ന് മുകളിൽപറഞ്ഞ കാനോൻ നിയമങ്ങളിൽ നിന്നുതന്നെ വ്യക്തമാണ്. 1889-ൽ കൊങ്കൺ തീരത്തു സത്യവിശ്വാസം സ്വീകരിച്ച റോമൻ കത്തോലിക്കർക്കായി, അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചത് മലങ്കരസഭയിലെ മേല്പട്ടക്കാരായ കടവിൽ മാർ അത്താനാസ്യോസ്, മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പ. പരുമല മാർ ഗ്രീഗോറിയോസ് എന്നിവർ ചേർന്നാണ്. അതേപോലെ അമേരിക്കയിലെ പോളീഷ് വംശജരായ ഓൾഡ് കാത്തലിക്ക് സഭയിൽനിന്നും സത്യവിശ്വാസം സ്വീകരിച്ചവർക്കായി, റെനിവിലാത്തി മാർ തീമോത്തിയോസിനെ കൊളംബോയിൽ വച്ച് 1892-ൽ മേൽപ്പട്ടക്കാരനായി വാഴിച്ചത് കടവിൽ മാർ അത്താനാസ്യോസ്, പ. പരുമല മാർ ഗ്രീഗോറിയോസ്, അൽവാറീസ് മാർ യൂലിയോസ് എന്നീ മേൽപ്പട്ടക്കാർ ചേർന്നാണ്.

ഇതിൽനിന്നും രണ്ടു കാര്യങ്ങളാണ് മനസ്സിലാക്കേണ്ടത്. ഒന്നാമതായി, മേൽപ്പട്ടവാഴ്ചയ്ക്ക് കാതോലിക്കായുടെയോ, പാത്രിയർക്കീസിന്റെയോ സാന്നിദ്ധ്യം അനിവാര്യമല്ല. രണ്ടാമതായി, മറ്റു സഭകളിൽനിന്നു വരുന്നവർക്ക് മേൽപ്പട്ടസ്ഥാനം നൽകുന്ന പതിവ് മലങ്കരസഭയ്ക്കും അന്ത്യോഖ്യാ സഭയ്ക്കുമുണ്ട്. ഇവരിൽ അൽവാറീസ് മാർ യൂലിയോസും അദ്ദേഹത്തിന്റെ സഭയും പിന്നീട് മലങ്കരസഭയുടെ അവിഭാജ്യഘടകമായി. റെനിവിലാത്തി മാർ തീമോത്തിയോസ് ആർക്കുമില്ലാതെ നഷ്ടപ്പെട്ടു.

ഇതേസ്ഥിതി തന്നെയാണ് 1958-ൽ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് മേൽപ്പട്ടസ്ഥാനം കൊടുത്ത, നെസ്തോറിയൻ സഭയിൽനിന്നും അന്ത്യോഖ്യാ സഭയിൽചേർന്ന, മാർ തീമോത്തിയോസ് ശാലീത്താ ഔദീശാ മെത്രാപ്പോലീത്തായുടെയും. അദ്ദേഹം പിൽക്കാലത്ത് അന്ത്യോഖ്യാ സഭയിൽനിന്നും പിരിഞ്ഞുപോയി. ഇന്ന് ഒരു സഭയിലുമല്ലാതെ നില്ക്കുകയാണ്.

പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അനുമതിയോടെ, പ്രത്യേക സാഹചര്യത്തിൽ, രണ്ടു മെത്രാന്മാർ ചേർന്നുനടത്തിയ മേല്പട്ടവാഴ്ച, മലങ്കരസഭാ ഭരണഘടനപ്രകാരവും കാനോനികമായും സാധുവാണ്. ഒരുപക്ഷേ, മൂശാ ഗുർഗാൻ മാർ സേവേറിയോസ് തന്റെ മാതൃസഭയിലേക്ക് തിരിച്ചുപോകാം. അല്ലെങ്കിൽ, മാർ അൽവാറീസ് യൂലിയോസിനെപ്പോലെ മലങ്കരസഭയുടെ ഭാഗമാകാം. അതുമല്ലെങ്കിൽ സ്വതന്ത്ര സഭയായി തുടരാം. ഇതിൽ രണ്ടാമതു പറഞ്ഞതു സംഭവിയ്ക്കുകയാണെങ്കിൽ മാത്രമാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിക്കും ഈ വിഷയത്തിൽ ഭാഗഭാഗിത്വം ലഭിക്കുന്നത്. സ്വതന്ത്ര സഭയായി തുടരുകയും ആത്മീയ കാര്യങ്ങളിൽ മാത്രം ഒരു ബന്ധം ആഗ്രഹിക്കുകയുമാണെങ്കിൽ, അപ്പോൾ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസു മാത്രമാകും തീരുമാനമെടുക്കേണ്ടത്. ഏതു സാഹചര്യത്തിലും, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം കൂടാതെ ആർക്കും മേല്പട്ടം കൊടുക്കുവാൻ പ. കാതോലിക്കാ ബാവായ്ക്കുപോലും അധികാരമില്ല.

# സർക്കുലർ: ഗൂഢാലോചന പുറത്താകുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: മൂസാ ഗുർഗാൻ മാർ സേവേറിയോസിനെ വാഴിച്ചതു സംബന്ധിച്ച വിവാദ സർക്കുലർ ദേവലോകം അരമനയിൽ തന്നെ ഉന്നതമായ ഒരു ഓഫീസിൽ രഹസ്യമായി സൃഷ്ടിച്ചതാണെന്ന് സൂചന. ഇതോടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ഗൂഢാലോചനയാണ് തെളിയുന്നത്.

പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, ഈ വിഷയം സംബന്ധിച്ച് വർക്കിംഗ് കമ്മറ്റിക്കയച്ചതായി പറയപ്പെടുന്ന സർക്കുലറാണ് ഡിസം. 19-ന് ചില മാധ്യമങ്ങളിൽ വന്ന വാർത്തയ്ക്ക് ആധാരം. ഭരണഘടനപ്രകാരം വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു മാത്രം അധികാരപ്പെട്ടതായതിനാലും മെത്രാൻ വാഴ്ച സംബന്ധിച്ച വിഷയം ഈ വിഭാഗത്തിൽ വരുന്നതായതിനാലും ഡിസംബർ 6-ലെ സുന്നഹദോസ് നിശ്ചയം വർക്കിംഗ് കമ്മറ്റിയെ അറിയിക്കേണ്ടതില്ല. അതിനാൽ ഇപ്രകാരമൊരു സർക്കുലറിനു തന്നെ പ്രസക്തിയില്ലെന്നാണ് ഭരണഘടനാ വിദഗ്ദർ ചൂണ്ടിക്കാട്ടുന്നത്.

കഴിഞ്ഞയാഴ്ച നടന്ന വർക്കിംഗ് കമ്മറ്റി യോഗത്തിൽ ഈ വിഷയം ചർച്ചയ്ക്കു വന്നതേ ഇല്ല. എന്നാൽ വർക്കിംഗ് കമ്മറ്റിയ്ക്കു ശേഷം പിരിഞ്ഞുകൊണ്ടിരുന്ന ഭദ്രാസന സെക്രട്ടറിമാരടക്കമുള്ള അംഗങ്ങളിൽ ചിലർക്കു മാത്രം വാലും തലയും പിതൃത്വവുമില്ലാത്ത വിവാദ സർക്കുലറിന്റെ കോപ്പികൾ നൽകി. ഭദ്രാസന സെക്രട്ടറിമാരടക്കം ഇരുപതു പേരിലധികം യോഗത്തിൽ പങ്കെടുക്കുകയും, വർക്കിംഗ് കമ്മറ്റി തന്നെ പത്തു പേരുണ്ടായിരിക്കുകയും ചെയ്തിട്ടും, കേവലം ആറ് കോപ്പികൾ മാത്രമാണ് ദേവലോകത്ത് അസോസിയേഷൻ ഓഫീസിലെ ഫോട്ടോസ്റ്റാറ്റ് മിഷനിൽ അന്നേദിവസം എടുത്തത്. ഇത് വർക്കിംഗ് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്യുകയോ, വിതരണം ചെയ്യുകയോ ചെയ്തില്ല. യോഗശേഷം ഏതാനും പേർക്കു മാത്രം വിതരണം ചെയ്തത്, *വർക്കിംഗ് കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്തത്* എന്ന ധാരണ സൃഷ്ടിക്കാനും ബോധപൂർവ്വം ചോർന്നുപോകാനുള്ള അവസരം സൃഷ്ടിക്കാനുമായിരുന്നുവെന്നാണ് വിലയിരുത്തുന്നത്.

മെത്രാൻ വാഴ്ച തടസ്സപ്പെടുത്താനും, വാഴ്ച നടന്ന ശേഷം ഡിസംബർ 6, 7 തീയതികളിലൂടെ വാഴിച്ചവരെ അപകീർത്തിപ്പെടുത്താനും ശ്രമിച്ചു പരാജയപ്പെട്ടതിന്റെ ബാക്കിപത്രമായാണ് അനാവശ്യമായി ഈ സർക്കുലർ വിവാദം കുത്തിപ്പൊക്കിയതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

അനാവശ്യമായി ഇത്തരമൊരു സർക്കുലർ സൃഷ്ടിച്ചതിന്റെ പിന്നിൽ ഓഗസ്റ്റ് സുന്നഹദോസിന്റെ മിനിട്സ് തിരുത്തിയ കേന്ദ്രങ്ങൾ തന്നെയാണെന്നും പറയപ്പെടുന്നു. ഡിസംബർ അവസാനവാരം ഊരും പേരുമില്ലാത്ത മറ്റൊരു സർക്കുലർ മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്ക് തപാലിൽ ലഭിച്ചിട്ടുണ്ട്.

# ജനാഭിപ്രായം മെത്രാൻ വാഴ്ചയ്ക്കനുകൂലം

പരുമല: അന്ത്യോഖ്യൻ സിറിയൻ സഭയിലെ വിമത വിഭാഗത്തിനു വേണ്ടി മെത്രാൻ വാഴ്ച നടത്തിയത് നന്നായിയെന്ന് സാദാ നസ്രാണികൾ. 1911 മുതൽ മലങ്കരസഭയിലെ വിമതന്മാരെ മെത്രാന്മാരായി സൃഷ്ടിച്ചുവിട്ട് ഇവിടെ കലാപങ്ങളും, കേസുകളും ഉണ്ടാക്കിയ അന്ത്യോഖ്യൻ സഭാനേതൃത്വത്തിന് ഇപ്പോഴെങ്കിലും മറുപടി കൊടുത്തതിൽ സഭാംഗങ്ങളിൽ ഭൂരിഭാഗവും സന്തോഷത്തിലാണ്. പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന് ഇങ്ങോട്ടു വന്ന മൂന്നു തിരുമേനിമാരെ എതിർക്കുന്നവർ ഒഴിച്ച് ബാക്കിയെല്ലാവരും വാഴിക്കൽ നന്നായെന്ന് അഭിപ്രായപ്പെടുന്നു. ഇത് 50 കൊല്ലം മുമ്പ് നടത്തേണ്ടതായിരുന്നുവെന്ന് നിരണം ഭദ്രാസനത്തിലെ ഒരു സീനിയർ വൈദികൻ പറഞ്ഞു.

സുന്നഹദോസംഗങ്ങളിലും ഭൂരിപക്ഷവും രഹസ്യമായി വാഴിക്കലിനെ അനുകൂലിക്കുകയാണ്. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ് വാർത്ത കേട്ട ഉടനെ ഇങ്ങനെ പ്രതികരിച്ചു: "കഴിഞ്ഞ സുന്നഹദോസിൽ തീരുമാനിച്ചിരുന്നതാണല്ലോ. നന്നായി. ഇതൊക്കെ രഹസ്യമായിട്ടല്ലാതെ പരസ്യമായി നടത്താൻ പറ്റുമോ."

സുന്നഹദോസ് തീരുമാനം മിനിറ്റ്സ് അച്ചടിച്ച് അയച്ചു കൊടുത്തപ്പോൾ വിട്ടുകളഞ്ഞതും, ജർമ്മനിയിൽ നിന്നും മൂന്ന് റമ്പാന്മാർ എത്തിയിട്ടും ഇതിനെക്കുറിച്ച് ചർച്ചകൾ ചെയ്യാൻ തയ്യാറാകാതെ മുങ്ങിനടന്നതും മാർ സേവേറിയോസും നിയുക്ത കാതോലിക്കായുമാണെന്നും, കാര്യങ്ങൾ ഇത്രമേൽ വഷളാക്കിയത് അവരാണെന്നും മറ്റൊരു മെത്രാപ്പോലീത്താ തുറന്നടിച്ചു.

ഇതിനിടെ വാഴ്ചയ്ക്കനുകൂലമായ ജനാഭിപ്രായം മാറ്റാൻ വമ്പിച്ച പ്രചരണ പരിപാടികളാണ് ചില കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്.

**അഖില മലങ്കര ഓർത്തഡോക്സ് അത്മായവേദി**

**അംഗത്വത്തിനും യൂണിറ്റ് രജിസ്റ്റർ ചെയ്യുന്നതിനും അൽമായവേദിയെ സംബന്ധിച്ച വിശദവിവരങ്ങൾക്കും ബന്ധപ്പെടുക:**

**AKHILA MALANKARA ORTHODOX ALMAYA VEDHI**

**(Reg. No. K - 713/2005) Post Box No. 652, Kottayam 686 001**

**t^m¬: 93497 54448**

**E-mail: orthodoxalmayavedhi@yahoo.co.in**

**Web: www.malankaraorthodoxalmayavedhi.org**

**സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.**

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001, printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448